2026 APRIL 20

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayale... Phone: 917 324 4907; 917 662 1122



# ഫൊക്കാനയിലെ ഓരോ ഡോളറും പൊതുസ്വത്താണെന്ന ബോധ്യത്തോടെ പ്രവർത്തിക്കും : ആന്റോ വർക്കി

(ഇന്റഗ്രിറ്റി പാനലിലെ ഫൊക്കാന ട്രഷറർ സ്ഥാനാർത്ഥി)


MALABAR
GOLD & DIAMONDS
Welcome the season
of prosperity with
exciting jewellery offer
FREE
CASH VOUCHERS
On Every Purchase of Diamond
& Precious Gem Jewellery*
Valid until 19th April 2026
*T&C Apply

# ഫൊക്കാനയിലെ ഓരോ ഡോളറും പൊതുസ്വത്താണെന്ന ബോധ്യത്തോടെ പ്രവർത്തിക്കും : ആന്റോ വർക്കി

## (ഇന്റഗ്രിറ്റി പാനലിലെ ഫൊക്കാന ട്രഷറർ സ്ഥാനാർത്ഥി)

**മീട്ടു റഹ്മത്ത് കലാം**

ഫൊക്കാനയുടെ അടുത്ത ട്രഷറർ സ്ഥാനത്തേക്ക് ഫിലിപ്പോസ് ഫിലിപ്പ് നേതൃത്വം നൽകുന്ന ഇന്റഗ്രിറ്റി പാനൽ മുഖേന മത്സരിക്കുന്ന ആന്റോ വർക്കി, അമേരിക്കൻ മലയാളി സമൂഹത്തിൽ ദീർഘകാലമായി സജീവ സാന്നിധ്യമായ സംഘടനാപ്രവർത്തകനാണ്. സംഘടനാപരമായ അനുഭവം, സാമ്പത്തിക നിയന്ത്രണത്തിൽ വ്യക്തിപരമായ പങ്കാളിത്തം, ചാരിറ്റി പ്രവർത്തനങ്ങളോടുള്ള പ്രതിബദ്ധത എന്നിവയെ ആസ്പദമാക്കി തന്റെ നിലപാടുകൾ അദ്ദേഹം ഇ-മലയാളിയുമായി പങ്കുവയ്ക്കുന്നു...



***കുടുംബപശ്ചാത്തലവും അമേരിക്കയിൽ എത്തുന്നതിന് മുൻപുള്ള ജീവിതവും ഒന്ന് വിശദീകരിക്കാമോ?***

കേരളത്തിലെ പെരുമ്പാവൂരിൽ ഒരു ഇടത്തരം കർഷക കുടുംബത്തിലാണ് ജനിച്ചത്. കോളജ് വിദ്യാഭ്യാസത്തിനു ശേഷം 1990ൽ ഇന്ത്യ ഗവണ്മെന്റിന്റെ പൊതുമേഖലാ സ്ഥാപനമായ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂറിൽ (FACT) ജോലിയിൽ പ്രവേശിച്ചു. ഏകദേശം 16 വർഷത്തെ സേവനകാലയളവിൽ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലൂടെ സാമൂഹിക രംഗത്തേക്കുള്ള ശക്തമായ അടിത്തറ രൂപപ്പെടുത്തി. FACTയുടെ സ്വകാര്യവൽക്കരണ ശ്രമങ്ങൾക്കെതിരെ രൂപീകരിച്ച സേവ് FACT ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തത് എന്റെ സാമൂഹിക പ്രവർത്തനങ്ങൾക്ക് പ്രചോദനമായി.

പിന്നീട് അബുദാബിയിലെ ഓഫ്ഷോർ മേഖലയിൽ ആറുവർഷത്തെ പരിചയസമ്പത്തോടെ 2012-ൽ അമേരിക്കയിലെത്തി. ന്യൂയോർക്ക് വെസ്റ്റ്ചെസ്റ്റർ കൗണ്ടിയിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ സേവനം തുടരുകയാണ്.

***അമേരിക്കയിലെ സംഘടനാപ്രവർത്തനങ്ങൾ?***

അമേരിക്കയിലെ മലയാളി സംഘടനകളിൽ ഏറെക്കാലമായി സജീവമായി




> **ഫൊക്കാന കൺവെൻഷനും ഫണ്ട്രൈസിംഗ് പ്രവർത്തനങ്ങളും വെറും പരിപാടികളല്ല. അത് മലയാളി സമൂഹത്തെ ഒന്നിപ്പിക്കുകയും സേവന പ്രവർത്തനങ്ങൾക്ക് ശക്തി നൽകുകയും ചെയ്യുന്ന വലിയ ഒരു സാമൂഹിക പ്ലാറ്റ്ഫോമാണ്. അതിനാൽ ഞാൻ ഇതിനെ മൂന്ന് പ്രധാന തലങ്ങളിലായി കാണുന്നു.**

പ്രവർത്തിച്ചുവരുന്നു. 2013ൽ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ കമ്മിറ്റി അംഗമായാണ് തുടക്കം. ഇന്ത്യ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്ക (ICAA), സീറോ മലബാർ കാത്തലിക് കോൺഗ്രസ് (SMCC) ന്യൂയോർക്ക് ബ്രോങ്ക്സ് ചാപ്റ്റർ എന്നിവ ഉൾപ്പെടെ നിരവധി സംഘടനകളിൽ ജോയിന്റ് സെക്രട്ടറി മുതൽ പ്രസിഡൻറ് വരെ വിവിധ നേതൃസ്ഥാനങ്ങൾ വഹിച്ചു.

നിലവിൽ ഇന്ത്യ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്ക (ICAA)യുടെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനായി പ്രവർത്തിക്കുന്നു. വൈസ് മെൻസ് ഇന്റർനാഷണലിന് കീഴിലുള്ള വൈസ് സർവീസ് ക്ലബ് വെസ്റ്റ്ചെസ്റ്ററിൽ 2017 മുതൽ ഇന്നുവരെ സജീവ പ്രവർത്തകനാണ്.

***ഫൊക്കാനയുമായുള്ള ബന്ധം?***

2014 ചിക്കാഗോ കൺവെൻഷൻ (ശ്രീമതി. മറിയാമ്മ പിള്ള പ്രസിഡണ്ടായിരിക്കെ) മുതലാണ് ഫൊക്കാനയുടെ ഭാഗമാകുന്നത്. തുടർന്ന് നടന്ന ഒട്ടുമിക്ക കൺവെൻഷനുകളിലും സജീവമായി പങ്കെടുത്തിട്ടുണ്ട്. 2014 ലെ ചിക്കാഗോ കൺവെൻഷനിലും 2016-ലെ കാനഡ കൺവെൻഷനിലും ട്രാൻസ്പോർട്ടേഷൻ കോർഡിനേറ്റർ എന്ന നിലയിൽ ന്യൂയോർക്കിൽ നിന്നും 50 പേരെ ഒരു ബസിൽ ഏകോപിപ്പിച്ച് കൺവൻഷനിൽ പങ്കെടുപ്പി



ക്കാൻ സാധിച്ചത് മറക്കാനാവാത്ത അനുഭവമാണ്. ആ യാത്രയിലൂടെ അമേരിക്കൻ മലയാളി കുടുംബങ്ങൾ തമ്മിൽ രൂപപ്പെട്ട സൗഹൃദബന്ധം ഇന്നും നിലനിൽക്കുന്നു. 202426 കാലയളവിൽ ഫൊക്കാന റീജിയൻ ത്രീ (ന്യൂയോർക്ക് അപ്പ്സ്റ്റേറ്റ്) ആർ.വി.പി ആയി സേവനം അനുഷ്ഠിച്ചുവരുന്നു.



***സംതൃപ്തി നൽകിയ അനുഭവങ്ങൾ?***

വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ പ്രസിഡന്റായിരിക്കെ 2018-ലെ പ്രളയസമയത്ത് കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് ഫണ്ട് കൈമാറാൻ സാധിച്ചത് ശ്രദ്ധേയമായ അനുഭവമാണ്.

2022ൽ ഇന്ത്യ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്കയുടെ പ്രസിഡന്റായിരിക്കെ ഫാ. ഡേവിസ് ചിറമ്മേലിന്റെ ഹംഗർ ഹണ്ട് പദ്ധതിക്ക് 10,000 ഡോളർ സമാഹരിച്ച് അനാഥാലയങ്ങളിൽ ഭക്ഷണം എത്തിക്കുന്ന ട്രക്ക് സംഭാവനയായി നൽകാനും കഴിഞ്ഞു.



ഇതോടൊപ്പം കൊല്ലം ജില്ലയിലെ പുനലൂരിനടുത്തുള്ള 'സ്നേഹതീരം' എന്നുപേരുള്ള അനാഥാലയത്തിന് സംഭാവന നൽകുന്ന പദ്ധതി ആരംഭിക്കാനും തുടർച്ചയായി പിന്തുണ നൽകാനും കഴിഞ്ഞത് സന്തോഷകരമാണ്. കാലംചെയ്ത ഫ്രാൻസിസ് മാർപ്പാപ്പയെ നേരിൽ കണ്ട് അനുഗ്രഹം സ്വീകരിക്കാനായതും ഹൃദയത്തോട് ചേർത്തുവയ്ക്കുന്ന ഓർമ്മയാണ്.

***ഫൊക്കാന ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കാൻ പ്രചോദനമായത് എന്താണ്?***

2024–26 കാലയളവിൽ റീജിയൻ ത്രീയുടെ റീജിയണൽ വൈസ് പ്രസിഡന്റായി പ്രവർത്തിക്കുമ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ശക്തമായ ജനപിന്തുണയാണ് ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കാൻ പ്രചോദനമായത്.

***ആർ.വി.പി ആയി പ്രവർത്തിച്ച കാലത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഏതൊക്കെയായിരുന്നു?***

2024ൽ ഫൊക്കാന റീജിയൻ ത്രീയുടെ പ്രവർത്തനോദ്ഘാടനം മികച്ച പങ്കാളിത്തത്തോടെ സംഘടിപ്പിക്കാൻ സാധിച്ചു. 2025 ഒക്ടോബറിൽ റീജിയൻ ത്രീ കൺവെൻഷനും നാഷണൽ കൺവെൻഷൻ കിക്കോഫ് പരിപാടിയും വിജയകരമായി നടത്തി.

കുട്ടികളുടെ കലാപരിപാടികൾ, കായിക മത്സരങ്ങൾ, സ്പെല്ലിംഗ് ബി, യൂത്ത് ഫെസ്റ്റിവൽ, ഫുഡ് ഫെസ്റ്റ് എന്നിവ ഉൾപ്പെട്ട വലിയ കുടുംബസംഗമമായിരുന്നു പരിപാടി. പൊതുസമ്മേളനത്തിന്റെ മുഖ്യാതിഥി കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാ. ഡേവിസ് ചിറമ്മേലായിരുന്നു.

ചിറമ്മേൽ അച്ചന്റെ ഹംഗർ ഹണ്ട് പ്രോജക്റ്റിനും പ്രൊഫ. ഗോപിനാഥ് മുതുകാടിന്റെ കാസർഗോഡ് പ്രോജക്റ്റിനും ഒരു ലക്ഷം രൂപ വീതം നൽകി ചാരിറ്റി പ്രവർത്തനങ്ങൾക്കും തുടക്കമിട്ടു. ഫൊക്കാന ഹൗസിങ് പ്രോജക്റ്റിനായി മേയ് 3ന് ചാരിറ്റി ഷോ സംഘടിപ്പിക്കാനിരിക്കുകയാണ്.

***സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്തിട്ടുള്ള അനുഭവങ്ങൾ?***

അമേരിക്കയിലെ വിവിധ

സംഘടനകളിൽ ഭാരവാഹിയായിരിക്കുമ്പോൾ ട്രഷററുമായി ചേർന്ന് സുതാര്യമായി കണക്കുകൾ കൈകാര്യം ചെയ്ത അനുഭവമുണ്ട്. 2005ൽ കേരളത്തിൽ പാർട്ണർഷിപ്പിൽ ആരംഭിച്ച അക്ഷയ് ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സാമ്പത്തിക കാര്യങ്ങൾ ആരംഭം മുതൽ ഇന്നുവരെ ഓൺലൈൻ സംവിധാനത്തിലൂടെ നേരിട്ട് കൈകാര്യം ചെയ്യുന്നു. വാർഷിക നികുതി ഫയലിംഗും , 14 ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ സാമ്പത്തിക നിയന്ത്രണത്തിൽ വ്യക്തിപരമായ പങ്കാളിത്തമുണ്ട്.

***ട്രഷററായി തിരഞ്ഞെടുക്കപ്പെട്ടാൽ ഫൊക്കാനയുടെ സാമ്പത്തിക സുതാര്യത ഉറപ്പാക്കാൻ എന്താണ് ചെയ്യുക?***

ഫൊക്കാനയിലെ ഓരോ ഡോളറും പൊതുസ്വത്താണെന്ന ബോധ്യത്തോടെ പ്രവർത്തിക്കും. ട്രഷറർ, അസോസിയേറ്റ് ട്രഷറർ, അഡീഷണൽ അസോസിയേറ്റ് ട്രഷറർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ കണക്കുകളിൽ കൂടുതൽ സുതാര്യത ഉറപ്പാക്കും. നിലവിലുള്ള സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കും.

***ചാരിറ്റി പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ എന്താണ് പദ്ധതികൾ?***









ഫൊക്കാനയുടെ സ്വപ്ന പദ്ധതിയായ ഫൊക്കാന വില്ലേജ് പൂർത്തിയാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. കുറഞ്ഞത് 15 വീടുകളെങ്കിലും പാവപ്പെട്ട കുടുംബങ്ങൾക്ക് നിർമ്മിച്ച് നൽകുന്നതിനായി ഫണ്ട്രെയ്സിംഗ് ശക്തമാക്കാൻ ശ്രമിക്കും. അതിലേക്ക് സ്വന്തം ചിലവിൽ ഒരു വീടെങ്കിലും നിർമിക്കാൻ സഹായിക്കണമെന്ന ആഗ്രഹവുമുണ്ട് .

***യുവജനങ്ങൾക്ക് സാമ്പത്തിക പിന്തുണയോടെ പുതിയ പദ്ധതികൾ ഉണ്ടാകുമോ?***

തീർച്ചയായും. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ലീഡർഷിപ്പ് പരിശീലനങ്ങൾ, യുവജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്ന



പദ്ധതികൾ എന്നിവ നടപ്പാക്കാൻ ആഗ്രഹിക്കുന്നു.

***കലാപ്രവർത്തനങ്ങൾ?***

സാമൂഹിക സാംസ്കാരിക സംഘടനകളിലൊക്കെ പ്രവർത്തിക്കുമ്പോൾ സ്വാഭാവികമായിട്ടും ചെറുതായെങ്കിലും കലയിലും സജീവമാകണമല്ലോ. അങ്ങനെ പറയുകയാണെങ്കിൽ, അസോസിയേഷന്റെ ഫാമിലി നൈറ്റുകളിൽ നാടകം അവതരിപ്പിച്ചിട്ടുണ്ട്. അതുപോലെ ഫൊക്കാനയിൽ റീജിയണൽ തലത്തിലുള്ള കലാപരിപാടികളിലും നാടകത്തിലും ഒന്ന് രണ്ട് ടെലിഫിലിമിലും അഭിനയിച്ചിട്ടുണ്ട്. നമ്മുടെ പുരാതന കലയായ വില്ലടിച്ചാൻ പാട്ട് പല സ്റ്റേജിലും അവതരിപ്പിച്ചിട്ടുണ്ട്. ഇപ്രാവശ്യം ഫൊക്കാനയുടെ റീജിയണൽ വേദിയിലൂടെ പുതുതലമുറയ്ക്ക് ആ കലാരൂപം പരിചയപ്പെടുത്തിക്കൊടുക്കണമെന്നൊരു മോഹമുണ്ട്.

***ഫൊക്കാനയിലെ അംഗസംഘടനകളുടെ വിശ്വാസം നേടാൻ ട്രഷറർക്കാവശ്യമായ ഗുണങ്ങൾ എന്തൊക്കെയാണ്?***

ഫൊക്കാന പോലെയുള്ള വലിയ ദേശീയ സംഘടനയിൽ ട്രഷറർ എന്ന സ്ഥാനം വെറും അക്കൗണ്ടിംഗ് ചുമതലയല്ല അത് സംഘടനയുടെ സാമ്പത്തിക വിശ്വാസ്യതയുടെ രക്ഷകനായുള്ള ഉത്തരവാദിത്വമാണ്. അംഗസംഘടനകളുടെയും പ്രവർത്തകരുടെയും വിശ്വാസം ഉറപ്പാക്കാൻ ഞാൻ പ്രത്യേകമായി പ്രാധാന്യം നൽകുന്നത് ചില അടിസ്ഥാന മൂല്യങ്ങൾക്കാണ്.



ആദ്യമായി, സുതാര്യത (Transparency) ഏറ്റവും പ്രധാനമാണ്. ഓരോ വരവും ചെലവും വ്യക്തവും ക്രമബദ്ധവുമായി രേഖപ്പെടുത്തുകയും അംഗസംഘടനകൾക്ക് അത് അറിയാവുന്ന രീതിയിൽ അവതരിപ്പിക്കുകയും ചെയ്യണം.

രണ്ടാമതായി, ഉത്തരവാദിത്വം (Accountability) ഉറപ്പാക്കണം. എല്ലാ സാമ്പത്തിക തീരുമാനങ്ങളും രേഖാമൂലം, സംവിധാനപരമായി നടത്തുന്നതിലൂടെ സംഘടനയുടെ വിശ്വാസ്യത ശക്തിപ്പെടുത്താം.

മൂന്നാമതായി, സത്യസന്ധതയും വിശ്വാസ്യതയും (Integrity) ട്രഷറർ സ്ഥാനത്തിന്റെ അടിസ്ഥാനം തന്നെയാണ്. വ്യക്തിപരമായ ലാഭനഷ്ടങ്ങൾ നോക്കാതെ സംഘടനയുടെ നന്മ മാത്രം മുൻനിർത്തി പ്രവർത്തിക്കുകയാണ് എന്റെ പ്രതിജ്ഞ.



അതോടൊപ്പം, കൃത്യതയും പ്രൊഫഷണലിസവും ഉറപ്പാക്കുന്നതിനായി ആധുനിക അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുകളുടെ( like Qick books ) ഉപയോഗം നടപ്പിലാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിലൂടെ ഭാവിയിലെ ഭാരവാഹികൾക്കും സാമ്പത്തിക രേഖകൾ മികച്ച റഫറൻസായി ഉപയോഗിക്കാൻ കഴിയും.

ഇതിന് പുറമെ, നല്ല ആശയവിനിമയം (Communication) വളരെ നിർണായകമാണ്. റീജിയണൽ എക്സിക്യൂട്ടീവുകളുമായും അംഗസംഘടനകളുമായും സ്ഥിരമായ ആശയവിനിമയം നിലനിർത്തുന്നത് സാമ്പത്തിക പ്രവർത്തനങ്ങളിൽ പങ്കാളിത്തവും വിശ്വാസവും വർധിപ്പിക്കും.

അതുപോലെ തന്നെ, സാമ്പത്തിക നിയന്ത്രണവും സുരക്ഷയും (Financial Discipline & Control) ഉറപ്പാക്കുകയും ദീർഘകാല ബജറ്റിംഗ്, പ്ലാനിംഗ് അടിസ്ഥാനമാക്കിയ മുന്നോട്ടുള്ള കാഴ്ചപ്പാട് (Vision) രൂപപ്പെടുത്തുകയും ചെയ്യുകയാണ് എന്റെ ലക്ഷ്യം.

***ഫൊക്കാന കൺവെൻഷനും ഫണ്ട്രൈസിംഗ് പരിപാടികളും കൂടുതൽ ഫലപ്രദമാക്കാൻ എന്താണ് നിങ്ങളുടെ സമീപനം?***

ഫൊക്കാന കൺവെൻഷനും ഫണ്ട്രൈസിംഗ് പ്രവർത്തനങ്ങളും വെറും പരിപാടികളല്ല അത്



മലയാളി സമൂഹത്തെ ഒന്നിപ്പിക്കുകയും സേവന പ്രവർത്തനങ്ങൾക്ക് ശക്തി നൽകുകയും ചെയ്യുന്ന വലിയ ഒരു സാമൂഹിക പ്ലാറ്റ്ഫോമാണ്. അതിനാൽ ഞാൻ ഇതിനെ മൂന്ന് പ്രധാന തലങ്ങളിലായി കാണുന്നു.

ആദ്യമായി, ഫൊക്കാന കൺവെൻഷൻ ഒരു 'celebration of community' ആയിരിക്കണം. മലയാളി സംസ്കാരം, വിശ്വാസം, യുവജനങ്ങളുടെ സജീവ പങ്കാളിത്തം എന്നിവയെ ഒന്നിപ്പിക്കുന്ന ഒരു വേദിയായിരിക്കണം കൺവെൻഷൻ. കുടുംബങ്ങൾക്കും കുട്ടികൾക്കും അർത്ഥവത്തായ അനുഭവങ്ങൾ നൽകുന്നതോടൊപ്പം നെറ്റ്വർക്കിങ്ങിനും അടുത്ത തലമുറയ്ക്കും അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

എന്തിനാണ് പണം സമാഹരിക്കുന്നത്, എത്രയാണ് സമാഹരിച്ചത്, അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതെല്ലാം അംഗങ്ങൾക്കു വ്യക്തമായി അറിയാവുന്ന രീതിയിൽ നടത്തുകയും പ്രധാനമാണ്. ഇത് വിശ്വാസം വർധിപ്പിക്കും.

മൂന്നാമതായി, Participation - Everyone Matters എന്ന ആശയം ശക്തിപ്പെടുത്തണം. ഇത് എക്സിക്യൂട്ടീവ് അംഗങ്ങൾ മാത്രം ചെയ്യുന്ന പ്രവർത്തനമല്ല; ഓരോ കുടുംബവും, ഓരോ വ്യക്തിയും പങ്കാളികളാകുന്ന ഒരു കൂട്ടായ ദൗത്യം ആക്കുകയാണ് ലക്ഷ്യം. ചെറിയ സംഭാവന പോലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന ബോധം വളർത്തുകയും 'ഞാനും ഈ ദൗത്യത്തിന്റെ ഭാഗമായിരുന്നു' എന്ന അഭിമാനബോധം സമൂഹത്തിൽ സൃഷ്ടിക്കുകയും ചെയ്യണം.

### *കുടുംബത്തിന്റെ പിന്തുണ?*

ഭാര്യ ജെസ്സി ആന്റോ മെഡിക്കൽ രംഗത്താണ് ജോലി ചെയ്യുന്നത്. രണ്ട് മക്കളുണ്ട് ആൽബിൻ ആന്റോ, എബിൻ ആന്റോ. കുടുംബത്തിന്റെ പൂർണ്ണ പിന്തുണയോടെയാണ് പൊതുപ്രവർത്തനങ്ങളിൽ സജീവമായി തുടരുന്നത്.

### *വോട്ടർമാരോട് പറയാനുള്ളത്?*

ഫൊക്കാനയുടെ ഐക്യവും സംസ്കാരവും കാത്തുസൂക്ഷിക്കാൻ കഴിവുള്ള, സുതാര്യത ഉറപ്പാക്കുന്ന, ടീമായി പ്രവർത്തിക്കുന്ന നേതാക്കളെയാണ് തിരഞ്ഞെടുക്കേണ്ടത്. സംഘടനയുടെ വളർച്ചയ്ക്കാണ് മുൻഗണന നൽകേണ്ടത്. പ്രസിഡന്റ് സ്ഥാനാർഥി ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സ്ഥാനാർഥി സന്തോഷ് നായർ ഉൾപ്പെടെ ഇന്റഗ്രിറ്റി പാനലിലെ അംഗങ്ങൾ ഈ ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ അനുയോജ്യരാണെന്ന് വിശ്വസിക്കുന്നു.




TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# അനു സ്കറിയയുടെ സേവനത്തിനു നന്ദിപൂർവം മാർത്തോമാ ഡയോസിസ് സൗത്ത് ഈസ്റ്റ് റീജിയൻ





**സന്തോഷ് എബ്രഹാം**
**ഫിലാഡൽഫിയ**

ഫിലാഡൽഫിയ: മാർത്തോമാ നോർത്ത് അമേരിക്കൻ ഡയോസിസിന്റെ സൗത്ത് ഈസ്റ്റ് റീജിയൻ സെക്രട്ടറിയായി മൂന്ന് വർഷത്തെ ദൗത്യം വിജയകരമായി പൂർത്തിയാക്കി അനു സ്കറിയ (ഫിലാഡൽഫിയ അസെൻഷൻ മാർതോമ ഇടവക അംഗം), സ്ഥാനമൊഴിഞ്ഞു. 2023-ൽ സെക്രട്ടറി ചുമതലയേറ്റ അനു സ്കറിയയുടെ സേവനകാലം 2026 മാർച്ച് 30-നോടുകൂടി സമാപിച്ചു. ഈ മൂന്നുവർഷത്തെ അനുഭവം തന്റെ ജീവിതത്തിലെ വലിയ അഭിമാന നിമിഷമാണെന്ന് അദ്ദേഹം അറിയിച്ചു.

സെക്രട്ടറിയായി പ്രവർത്തിച്ച കാലത്ത് ഏറ്റെടുത്തതും നേതൃത്വം നൽകിയതുമായ എല്ലാ സംരംഭങ്ങളും വിജയകരമായി പൂർത്തിയാക്കിയതായി റീജിയൻ നേതൃത്വം വിലയിരുത്തുന്നു. റീജിയന്റെ ആത്മീയ, ഭരണ, സംഘാടക മേഖലകളിൽ കൈവരിച്ച വളർച്ചയിൽ അനു സ്കറിയയുടെ നിർണായക നേതൃപങ്ക് സഹപ്രവർത്തകരും വിശ്വാസികളും അഭിനന്ദിക്കുന്നു.

നോർത്ത് അമേരിക്കയും കാനഡയും ഉൾപ്പെടുന്ന ഡയോസിസിന്റെ ബിഷപ്പ് റവ. ഡോ.



ഐസക്ക് മാർ ഫിലക്സിനോസ് തിരുമേനിയുടെ നേതൃത്വത്തിലും വൈസ് പ്രസിഡന്റായി റെവ. ബിജു പി. സൈമൺ അച്ചൻ സേവനമനുഷ്ഠിച്ച കാലഘട്ടത്തിലും എക്സിക്യൂട്ടീവിന്റെ ഭാഗമായി സെക്രട്ടറി ആയി അനു സ്കറിയയും, ട്രസ്റ്റിയായി ബൈജു വർഗീസ്, ട്രസ്റ്റി അക്കൗണ്ടന്റായി പി.ജി. തോമസ് എന്നിവരും ചേർന്നായിരുന്നു ടീമിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം.

തുടർന്ന്, പുതുതായി ചുമതലയേറ്റ നോർത്ത് അമേരിക്കൻ ഡയോസിസിന്റെ ബിഷപ്പ് റവ. ഡോ. അബ്രഹാം മാർ പൗലോസ് ജമൗഹീലെ തിരുമേനിയുടെ നേതൃത്വത്തിലും, വൈസ് പ്രസിഡന്റും അസൻഷൻ മാർത്തോമാ ഇടവകയുടെ വികാരിയുമായ റെവ. ജോജി എം. ജോർജ് അച്ചന്റെയുമുള്ള സഹകരണത്തോടും സാന്നിധ്യത്തോടും കൂടിയാണ് സൗത്ത് ഈസ്റ്റ് റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്രാപിച്ചത്.

ഏഴ് മേഖലകളായി വിഭജിച്ച നോർത്ത് അമേരിക്കൻ ഡയോസിസിൽ ഏറ്റവും സജീവവും പ്രവർത്തനസമ്പന്നവുമായ ഒരു മേഖലയായി സൗത്ത് ഈസ്റ്റ് റീജിയൻ കണക്കാക്കപ്പെടുന്നു. 17 ഇടവകകളും കോൺഗ്രിഗേഷനുകളും ഉൾക്കൊള്ളുന്ന ഈ റീജിയൻ മൂന്ന് സെന്ററുകളായി വിഭജിച്ചിരിക്കുന്നു. കഴിഞ്ഞ മൂന്ന്





വർഷങ്ങളിൽ വൈവിധ്യമാർന്ന ആത്മീയ, സാമൂഹിക, യുവജന, കുടുംബ കേന്ദ്രീകൃത പരിപാടികൾക്ക് നേതൃത്വം നൽകുകയും അവ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തത് റീജിയന്റെ വലിയ നേട്ടമായി വിലയിരുത്തപ്പെടുന്നു.

തുടർച്ചയായ പ്രവർത്തനങ്ങളുടെ ഒരു ഘോഷയാത്രയായിരുന്നുവെന്ന് വിശേഷിപ്പിക്കാവുന്ന ഈ മൂന്ന് വർഷകാലത്ത് അനു സ്കറിയ കാഴ്ചവെച്ച സമർപ്പണം, സംഘാടക കഴിവ്, നേതൃപാടവ് എന്നിവ റീജിയന്റെ സമഗ്ര വളർച്ചയ്ക്ക് അതുല്യ സംഭാവനയായി മാറിയതായി സഹപ്രവർത്തകരും വിശ്വാസികളും അടയാളപ്പെടുത്തുന്നു.

emalayalee.com


തന്റെ സന്ദേശത്തിൽ, ഈ സേവന അവസരം നൽകിച്ച ദൈവത്തോടും ബിഷപ്പുമാരോടും ആത്മീയ നേതൃത്വത്തോടും എക്സിക്യൂട്ടീവ് അംഗങ്ങളോടും വിവിധ ഇടവകകളിലെ വൈദികരുമായും വിശ്വാസിസമൂഹത്തോടും അനു സ്കറിയ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി. എല്ലാവരുടെയും കൂട്ടായ പ്രവർത്തനവും നിരന്തരമായ പ്രാർത്ഥനയും തന്നെയാണ് ഈ വിജയങ്ങളുടെ പിന്നിലെ യഥാർത്ഥ ശക്തിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഭാവിയിലും സഭയുടെ വളർച്ചക്കും ഐക്യത്തിനുമായി പ്രവർത്തനം തുടരുമെന്ന പ്രത്യാശയും പ്രതിജ്ഞയും അദ്ദേഹം പ്രകടിപ്പിച്ചു.




AMERICAN MEGA SHOW
AURA
2026
T&T PRODUCTION
SPICE GARDENS BAR & GRILL
VIBE ആണ് BRO
DANCE MUSIC COMEDY
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 989-5834
Flock Trail
All in One Member Management Portal

# ഓ.സി.ഐ. കാർഡ് ചട്ടങ്ങളിൽ നേരിയ മാറ്റങ്ങൾ; ഇന്ത്യയിലും അപേക്ഷിക്കാം




ന്യു ഡൽഹി: ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യ (OCI) കാർഡ് ചട്ടങ്ങളിൽ ഏപ്രിൽ 1 മുതൽ നേരിയ മാറ്റങ്ങൾ.

അന്താരാഷ്ട്ര യാത്രക്കാരുടെ ഇന്ത്യയിലേക്കുള്ള വിദേശ ഇറക്കുമതിയുടെ കസ്റ്റംസ് തീരുവ കുറച്ചിട്ടുമുണ്ട്. ഇനി മുതൽ പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ കാർഡ് (PIO) സാധുവായ യാത്രാരേഖയായി സ്വീകരിക്കില്ല.

അതുപോലെ ഇന്ത്യയിലേക്കുള്ള വിമാനങ്ങളിൽ കയറുന്നതിന് മുമ്പ് ഛഇക കാർഡ് ഉടമകൾ ഒരു ഡിജിറ്റൽ ഇ-അറൈവൽ കാർഡ് പൂരിപ്പിക്കണം.

OCI പോർട്ടൽ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യയിൽ വച്ച് OCI കാർഡിന് അപേക്ഷിക്കാൻ ഇനി മുതൽ ഇന്ത്യയിൽ ആറു മാസം താമസിക്കേണ്ടതില്ല. നേരത്തെ, ഇന്ത്യയിൽ OCI കാർഡിന് അപേക്ഷിക്കുന്നവർ പലപ്പോഴും "സാധാരണ താമസം" തെളിയിക്കുന്നതിൽ ആശയക്കുഴപ്പം നേരിട്ടിരുന്നു. അത് ഒഴിവായി.

2026 ഏപ്രിൽ 8 മുതൽ പ്രാബല്യത്തിൽ വന്ന ബ്യൂറോ ഓഫ് ഇമിഗ്രേഷൻ ഇന്ത്യ ഉത്തരവ് പ്രകാരം യോഗ്യരായ വിദേശ പൗരന്മാർക്ക് ഇന്ത്യയിൽ ആറ് മാസത്തെ താമസം പൂർത്തിയാക്കാതെ തന്നെ OCI-ക്ക് അപേക്ഷിക്കാമെന്ന് ഔദ്യോഗികമായി വ്യക്തമാക്കി. സാധുവായ വിസയും ആവശ്യമായ രേഖകളും ഉണ്ടെങ്കിൽ, ഇന്ത്യയിൽ എത്തിയ ഉടൻ തന്നെ അപേക്ഷ സമർപ്പിക്കാം.

ഇന്ത്യയിലെ അപേക്ഷകർ അധികാരപരിധി അനുസരിച്ച് അമൃതസർ, ബാംഗ്ലൂർ, കോഴിക്കോട്, ചെന്നൈ, കൊച്ചി, ഡൽഹി, ഗോവ, ഹൈദരാബാദ്, ലഖ്നൗ, മുംബൈ, കൊൽക്കത്ത, തിരുവനന്തപുരം എന്നിവയുൾപ്പെടെ നിയുക്ത FRRO ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.

OCI കാർഡ് സേവനങ്ങൾക്കുള്ള പുതുക്കിയ ഫീസ്

OCI കാർഡ് സേവനങ്ങൾക്കുള്ള പുതുക്കിയ ഫീസ് ഘടന

## ഇന്ത്യയിലെ അപേക്ഷകർ അധികാരപരിധി അനുസരിച്ച് അമൃത്സർ, ബാംഗ്ലൂർ, കോഴിക്കോട്, ചെന്നൈ, കൊച്ചി, ഡൽഹി, ഗോവ, ഹൈദരാബാദ്, ലഖ്ഔ, മുംബൈ, കൊൽക്കത്ത, തിരുവനന്തപുരം എന്നിവയുൾപ്പെടെ നിയുക്ത FRRO ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.




2026 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നു. OCI അപേക്ഷാ ഫീസ് 275 യുഎസ് ഡോളറായി തുടരും. അല്ലെങ്കിൽ ഇന്ത്യയ്ക്ക് പുറത്തുള്ള പ്രാദേശിക കറൻസികളിൽ അതിന് തുല്യമായ തുക. കാനഡയിൽ അത് CAD 376 ആകും .

ഇന്ത്യയിൽ സമർപ്പിക്കുന്ന പുതിയ OCI കാർഡ് അപേക്ഷകൾക്കു ഫീസ് 15,000 രൂപ. "പേ ആൻഡ് അക്കൗണ്ട്സ് ഓഫീസർ (സെക്രട്ടേറിയറ്റ്), ആഭ്യന്തര മന്ത്രാലയം" എന്ന പേരിൽ ന്യൂഡൽഹിയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് വഴിയാണ് ഫീസ് അടയ്ക്കേണ്ടത്.

### മറ്റു ചാർജുകൾ ഇപ്രകാരം

വ്യക്തിഗത വിവരങ്ങളിൽ മാറ്റം വരുത്തി ഒസിഐ കാർഡ് വീണ്ടും ലഭിക്കാൻ: 25 യുഎസ് ഡോളർ

നഷ്ടപ്പെട്ടOCI കാർഡിനു പകരം പുതിയ കാർഡ് ലഭിക്കാൻ 100 യുഎസ് ഡോളർ:

പ്രായം 20 വയസ് കഴിഞ്ഞ ശേഷം പുതുക്കൽ: 25 ഡോളർ.

ഒസിഐ കാർഡ് വേണ്ടെന്നു വയ്ക്കാനുള്ള ചാർജ് 25 ഡോളർ.

പുതിയ പാസ്‌പോർട്ട് ഇഷ്യൂ ചെയ്ത് 3 മാസത്തിനുശേഷം പാസ്‌പോർട്ട് വിശദാംശങ്ങൾ OCI പോർട്ടലിൽ അപ്‌ഡേറ്റ് ചെയ്യുന്നതിന് വൈകിയതിനുള്ള പിഴ 25 ഡോളർ.

OCI രജിസ്ട്രേഷൻ നിരസിക്കപ്പെട്ടാൽ, $250 അല്ലെങ്കിൽ അതിന് തുല്യമായ തുക തിരികെ നൽകും. ബാക്കി $25 പ്രോസസ്സിംഗ് ഫീസാണ്. തിരിച്ചു കിട്ടില്ല. ഇന്ത്യയിൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക്, 1,400 രൂപ റീഫണ്ട് ചെയ്യാനാവാത്ത പ്രോസസ്സിംഗ് ചാർജായി നിലനിർത്തും.

### കുട്ടികൾക്കും വിദേശിയായി ഭാര്യ/ഭർത്താവിനും നിബന്ധനകൾ

കുട്ടികൾക്ക്, ജനന സർട്ടിഫിക്കറ്റ് പ്രധാന രേഖയായി മാറി. ചില സന്ദർഭങ്ങളിൽ, മാതാപിതാക്കൾ രണ്ടുപേരും സമ്മതം നൽകിയാൽ VFS ഗ്ലോബൽ പോലുള്ള കേന്ദ്രങ്ങളിൽ കുട്ടികൾ നേരിട്ട് ഹാജരാകേണ്ടതില്ല.

ഇന്ത്യൻ പൗരന്മാരുടെയോ OCI കാർഡ് ഉടമകളുടെയോ വിദേശ ഇണകൾക്ക്, കർശനമായ നിയന്ത്രണം ഉണ്ട്. വിവാഹം ഇപ്പോഴും നിലനിൽക്കുന്നുവെന്ന് സ്ഥിരീകരിക്കുന്ന അഫിഡവിറ്റിനൊപ്പം അപേക്ഷകർ പുതുക്കിയ പാസ്‌പോർട്ട് വിശദാംശങ്ങളും നൽകണം.

### 2026-ൽ OCI കാർഡ് ഉടമകൾക്കുള്ള ഏറ്റവും പുതിയ അപ്‌ഡേറ്റുകൾ

പുതിയ പാസ്‌പോർട്ട് അപ്‌ഡേറ്റ് തീരുമാനമായില്ലെങ്കിലും OCI കാർഡ് ഉടമകൾക്ക് ഇന്ത്യയിലേക്കും തിരിച്ചും യാത്ര ചെയ്യാൻ കഴിയും.

OCI കാർഡ് ഉടമകളുടെയും ഇന്ത്യൻ പൗരന്മാരുടെയും വിദേശ പങ്കാളികൾ ഓരോ പാസ്‌പോർട്ട് പുതുക്കലിനു ശേഷവും അവരുടെ ഏറ്റവും പുതിയ ഫോട്ടോ, പുതിയ പാസ്‌പോർട്ട്, വിവാഹ പ്രഖ്യാപനം എന്നിവ ഓൺലൈനായി അപ്‌ലോഡ് ചെയ്യണം.

# എലിക്കെണിയിൽ വീണ 'ഇൻഡി' മുന്നണി



ജയശങ്കർ പിള്ള

വനിതാ സംവരണ ബിൽ ലോകസഭയിൽ പരാജയപെട്ടതിലും,പരാജയപ്പെടുത്തിയതിലും ഇൻഡി മുന്നണിയും,മലയാള മാധ്യമങ്ങളും അമിത ആഘോഷത്തിലും, ആഹ്ളാദതിമിർപ്പിലുമാണ്. തമിഴ്നാട് മുഖ്യമന്ത്രി സ്റ്റാലിൻ ഇത് തെക്കൻ സംസ്ഥാനങ്ങളുടെ വിജയമായി വരെ കണക്കാക്കി പ്രസ്താവന ഇറക്കി. കേരളവും,തമിഴ്നാടും ഒക്കെ വനിതാ ബില്ലിനെ എതിർത്ത് തോല്പിച്ചത് വൻ വിജയമായി കാണുമ്പോൾ അവരുടെ വഴിവിട്ട രാഷ്ട്രീയ കൂട്ടുകെട്ടുകൾ,സമവാക്യങ്ങൾ,ഇസ്ലാമിക വോട്ടു ബാങ്ക് എന്ന ലക്ഷ്യം എന്നിവ വെളിവാക്കുന്നു.

ലോകസഭയിൽ വനിതാ സംവരണ ബിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ വിജയിക്കാൻ കഴിയില്ല എന്നും, 2027-ൽ നടക്കാനിരിയ്ക്കുന്ന സെൻസസിന് ശേഷം സംസ്ഥാനങ്ങളുടെ ജനസംഖ്യാ,ജാതി,ലിംഗ ആനുപാതത്തിനു അനുസരിച്ചു 2029-ലെ തെരഞ്ഞെടുപ്പിന് മുൻപ് പ്രാവർത്തികമാക്കുവാൻ കഴിയും എന്നുള്ള അറിവ് ബിജെപി സർക്കാരിനുണ്ട്. ഇനി സംവരണ ബിൽ സബ്ജക്റ്റ് കമ്മിറ്റിയ്ക്ക് വിട്ടാൽ ഉണ്ടാകുന്ന നിയമ കുരുക്കും അവർക്കു അറിവുള്ളതാണ്. ഭരണഘടനാ മാറ്റത്തിന് ഉള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിനെ കോടതിയ്ക്ക് പോലും ചോദ്യം ചെയ്യുവാൻ കഴിയില്ല എന്നതാണ് ഭാരതത്തിലെ നിയമ വ്യവസ്ഥ.

ബിൽ പരാജയപ്പെടും എന്ന് ഉറപ്പുള്ളപ്പോഴും ബിജെപി അത് സഭയിൽ കൊണ്ട് വന്നു വോട്ടിനിട്ട് തോല്പിച്ചപ്പോൾ ആഘോഷത്തിൽ ഏർപ്പെട്ട മാധ്യമങ്ങൾക്കോ,ഇൻഡി മുന്നണിയ്ക്കോ




മനസ്സിലാകാത്ത ഒരു രാഷ്ട്രീയമുണ്ട്. ഇൻഡി മുന്നണി ലക്ഷ്യമിട്ടത് ഇസ്ലാമിക വോട്ടുകളുടെ, അവരുടെ ഘടക കക്ഷികളുടെ താത്കാലിക സംരക്ഷണവും,വിശ്വാസ്യതയും,വോട്ടു ബാങ്കും ആണെങ്കിൽ, ഇനിയും ബിൽ അവതരിപ്പിയ്ജ്ക്കാനും, ഭേദഗതികളോടെ നടപ്പിലാക്കുവാനും, ഒക്കെ അവസരങ്ങൾ ഉണ്ടായിട്ടും, സെൻസസ് കഴിയും വരെ കാത്തിരിയ്ക്കാതെ അതുമായി മുന്നോട്ടു പോയ ബിജെപി യുടെ ലക്ഷ്യം വളരെകാലത്തേയ്ക്കുള്ള ഭരണ തുടർച്ചയുടെ കൃത്യമായ ചുവടുവയ്പാണ്.

എതിർത്ത് തോല്പിച്ചവർ സ്വയം പരാജയപ്പെടുകയും, സ്വയം തോൽവി ഏറ്റുവാങ്ങിയവർ യഥാർത്ഥത്തിൽ വിജയിക്കുകയും ചെയ്തു. സ്റ്റാലിന്റെ പ്രസ്താവനകൾ, കേരളത്തിലെ എം പി മാരുടെ പ്രസ്താവനകൾ, മാധ്യമങ്ങളുടെ ആഘോഷം എന്നിവ ജനങ്ങളുടെ മനസ്സിൽ മറന്നു പോയ "സൗത്ത് കട്ട് " എന്ന ഇന്ത്യാ വിഭജന ആശയത്തിന്റെ ആക്കം കൂട്ടുന്നു. പ്രത്യേകിച്ച് സ്ത്രീ വോട്ടർമാർക്ക് , യുവ വോട്ടർമാർക്ക് ഇൻഡി മുന്നണിയുടെ പൊള്ളത്തരം മനസ്സിലായി. മോദിജിയുടെയും,അമിത്ഷായുടെയും പ്രസംഗത്തിൽ അത് വ്യക്തമായി എടുത്തു പറയുകയും ചെയ്തു.

2023-ൽ എൻ ഡി എ സർക്കാർ തുടങ്ങിവച്ച "നാരീ ശക്തി വന്ദൻ അഭിമാൻ" എന്ന വനിതാ സംവരണ ആക്ടിന്റെ ഔദ്യോഗിക അംഗീകരിക്കലും,തുടക്കവുമാണ് ഇൻഡി മുന്നണി എതിർത്ത് തോല്പിച്ചത്. അതായത് ലോക സഭയിൽ, ഭരണ കേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് 33% സംവരണം എന്ന ആശയത്തെ നഖശികാന്തം ഇൻഡി മുന്നണി എതിർത്ത് തോൽപിച്ചു.സ്ത്രീ വിരുദ്ധതയുടെ,ആൺ മേല്കോയ്മയുടെ, അധികാര ഗർവിന്റെ, ഇസ്ലാമിക മത പ്രീണനത്തിന്റെ രാഷ്ട്രീയമാണ് ഇൻഡി മുന്നണി എന്ന് ഉള്ളതു അവർ സ്വയം സമ്മതിച്ചു എന്നതാണ് വാസ്തവം. ലോക സഭയിലെ ഇപ്പോൾ ഉള്ള സീറ്റുകളുടെ എണ്ണം വർദ്ധിപ്പിയ്ക്കാതെ സംവരണം ഏർപ്പെടുത്തണം എന്നുള്ള വാദം, തമിഴ്നാട്ടിലെ ജനങ്ങൾ തെരുവിൽ ഇറങ്ങും എന്നുള്ള പ്രസ്താവനകൾ,ഇവയെല്ലാം സൂചിപ്പിയ്ക്കുന്നതു കൈപ്പിടിയിൽ ഒതുക്കുവാനുള്ള പുരുഷാധിപത്യത്തിന്റെ, ഭാരത വിഭജനത്തിന്റെ തയ്യാറെടുപ്പുകൾ ആണെന്ന് അടിവരയിടുവാനും, അത് സഭയിൽ ഉച്ചത്തിൽ പറയുവാനും,ഭാവിയിൽ പ്രചരിപ്പിയ്ക്കുവാനും ബിജെപിയ്ക്ക് സാധിയ്ക്കും. ഒപ്പം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കൈവിട്ടു പോയ യുപി,മധ്യപ്രദേശ്, മഹാരാഷ്ട്ര, തുടങ്ങിയ വടക്കൻ സംസ്ഥാനങ്ങളിൽ ബിജെപിയ്ക്ക് ഒരു കൊടുങ്കാറ്റായി തിരിച്ചു വരുവാനുള്ള ഒരു പ്രചാരണ ആയുധമാണ് സ്വയം അറിഞ്ഞുകൊണ്ട് ഏറ്റുവാങ്ങിയ ഈ പരാജയം. വടക്കേ ഇന്ത്യ എന്നും,തെക്കേ ഇന്ത്യ എന്നുമുള്ള വിഭജന രാഷ്ട്രീയത്തെ, ഹിന്ദി വിരുദ്ധതയെ എല്ലാം കൂടി ഈ സംവരണ പരാജയം ഒരു പ്രചാരണ ആയുധമാക്കി മാറ്റും. കോൺഗ്രെസ്സിന്റെ സ്ത്രീ വിരുദ്ധ നിലപാടുകളെ തുറന്നു കാട്ടുവാനും, ഇസ്ലാമിക

**എതിർത്ത് തോല്പിച്ചവർ സ്വയം പരാജയപ്പെടുകയും, സ്വയം തോൽവി ഏറ്റുവാങ്ങിയവർ യഥാർത്ഥത്തിൽ വിജയിക്കുകയും ചെയ്തു. സ്റ്റാലിന്റെ പ്രസ്താവനകൾ, കേരളത്തിലെ എം പി മാരുടെ പ്രസ്താവനകൾ, മാധ്യമങ്ങളുടെ ആഘോഷം എന്നിവ ജനങ്ങളുടെ മനസ്സിൽ മറന്നുപോയ "സൗത്ത് കട്ട് " എന്ന ഇന്ത്യാ വിഭജന ആശയത്തിന്റെ ആക്കം കൂട്ടുന്നു. പ്രത്യേകിച്ച് സ്ത്രീ വോട്ടർമാർക്ക് , യുവ വോട്ടർമാർക്ക് ഇൻഡി മുന്നണിയുടെ പൊള്ളത്തരം മനസ്സിലായി.**





**ആവനാഴിയിലെ ഒരമ്പു പോലും പാഴാക്കാതെ ഉപയോഗിയ്ക്കുവാനുള്ള തന്ത്രവും, അതിനുള്ള കഴിവും, ആർ എസ്സ് എസ്സ് എന്ന ബുദ്ധി കേന്ദ്രവും,അമിത്ഷായുടെ ചാണക്യ ബുദ്ധിയും കൂടി ആയപ്പോൾ "ഭാരത് ജോഡോ" യാത്ര നയിച്ച രാഹുൽ ഗാന്ധി നയിക്കുന്ന ഇൻഡി മുന്നണി ഇനി "ഭാരത് ച്ചോടോ" യ്ക്ക് തയ്യാറെടുക്കുകയായി.**

കൂട്ടുകെട്ടിനെ,ജമാഅത്,മുസ്ലിം ലീഗ്, എസ് ഡി പി ഐ,പിഡിപി എന്നീ പാർട്ടികളിലെ സ്ത്രീ വിരുദ്ധതയെ എല്ലാം പ്രചാരണ ആയുധമാക്കുവാൻ ബിജെപിയ്ക്ക് ഈ ഒരൊറ്റ ബിൽ അവതരണം കൊണ്ട് സാധിച്ചു.

ലോക സഭയിൽ വനിതാ സംവരണ ബില്ലിനെ എതിർത്ത് തോല്പിച്ചവരാണ് കൊണ്ഗ്രെസ്സ്,രാഹുൽ ഗാന്ധി, സോണിയ,പ്രിയങ്ക ഗാന്ധി എന്നിവർ നയിക്കുന്ന ഇൻഡി മുന്നണി എന്നുള്ള ചീത്തപ്പേരും, യാഥാർഥ്യവും,ചരിത്ര പുസ്തകത്തിൽ ഇടം നേടും എന്നുള്ളത് മറ്റൊരു സത്യം. പുതു തലമുറയിലെ വനിതാ വോട്ടർമാർക്കിടയിലും,ഇനി വരാനിരിയ്ക്കുന്ന പുതിയ യുവ വോട്ടര്മാര്ക്കിടയിലും, തൊഴിൽ മേഖലയിലെ വനിതകൾക്ക് ഇടയിലും ബിജെപി നയിക്കുന്ന എൻ ഡി എ മുന്നണിയ്ക്കു മുന്നോട്ടുള്ള തെരഞ്ഞെടുപ്പുകളിൽ ലഭിയ്ക്കുവാൻ പോകുന്ന വോട്ടിങ് ശതമാനത്തിന്റെ വർദ്ധനവിനുള്ള ഒരു പാലം തുറന്നു കൊടുത്തവരാണ്, അവർക്കു വേണ്ടി പണിയെടുത്ത മാദ്ധ്യമങ്ങളാണ് ഈ താത്കാലിക വിജയം ആഘോഷിയ്ക്കുന്നതു. എൻ ഡി എ യ്ക്ക് വോട്ടു ചെയ്താൽ സ്ത്രീ സംരക്ഷണവും,ഭരണ സാരഥ്യത്തിലേക്കുള്ള കവാടവും,തുല്യതയും ഉറപ്പാക്കുന്ന ബില്ലെനെ എതിർത്ത് തോല്പിച്ചത് മൂലം വെട്ടിലായത് കോൺഗ്രസ്സും, സഖ്യകക്ഷികളുമാണ്.

ആവനാഴിയിലെ ഒരമ്പു പോലും പാഴാക്കാതെ ഉപയോഗിയ്ക്കുവാനുള്ള തന്ത്രവും, അതിനുള്ള കഴിവും, ആർ എസ്സ് എസ്സ് എന്ന ബുദ്ധി കേന്ദ്രവും,അമിത്ഷായുടെ ചാണക്യ ബുദ്ധിയും കൂടി ആയപ്പോൾ "ഭാരത് ജോഡോ" യാത്ര നയിച്ച രാഹുൽ ഗാന്ധി നയിക്കുന്ന ഇൻഡി മുന്നണി ഇനി "ഭാരത് ച്ചോടോ" യ്ക്ക് തയ്യാറെടുക്കുകയായി.

എലിക്കെണിയിൽ (അടിവില്ലു) അകപ്പെട്ട മൂഷികന്റെ അവസ്ഥയാണ് സത്യത്തിൽ ഇൻഡി മുന്നണിയ്ക്കു. രണ്ടു ഭാഗത്തുനിന്നും പൂട്ട് വീണിരിയ്ക്കുന്നു, വനിതാ സംവരണ ബിൽ സഭയിൽ വിശ്വാസം നേടിയാൽ, സ്ത്രീ സംരക്ഷണത്തിന്റെ രക്ഷകനായി എൻ ഡി എ വാഴ്ത്തപ്പെട്ടേനെ, ബിൽ പരാജയപ്പെടുത്തിയ ഇൻഡി മുന്നണിയുടെ സ്ത്രീ വിരുദ്ധതയും പ്രചാരണ ആയുധമായി.

എന്തായാലും പലരുടെയും പ്രധാനമന്ത്രി പദ സ്വപനങ്ങൾ വെറും അപ്പൂപ്പൻ താടിപോലെയായി. മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങാ വീണു എന്ന് പറയുന്നത് പോലെ, വനിതാ സംവരണ ബിൽ എതിർത്ത് തോൽപിച്ച രാഹുൽ ഗാന്ധിയ്ക്ക് അലഹബാദ് ഹൈക്കോടതിയുടെ തീട്ടൂരം കൂടി ലഭിച്ചു കഴിഞ്ഞു. ബ്രിട്ടീഷ് പൗരത്വമുള്ള ആളാണ് രാഹുൽ ഗാന്ധി എന്നുള്ള കേസിൽ അന്വേഷണം ആരംഭിച്ചു കഴിഞ്ഞു. ഇനി ഇത് കൂടി ശരിയാണ് എങ്കിൽ ഇന്ത്യൻ സ്വാതന്ത്രത്തിനു വേണ്ടി ഉടലെടുത്ത കോൺഗ്രസ്സ് സ്വാതന്ത്രത്തിനു ശേഷവും,ബ്രിട്ടീഷ്പൗരനേതാവിന്റെ അടിമകൾ ആണ് എന്നുള്ള പ്രചാരണവും, ഭാവിയിൽ ഏറ്റു വാങ്ങേണ്ടി വരും.


NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS
SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड
प्रोसेसिंग बिलों में
कटौती करें।
NRS PAY
nrspay.com
FREE Credit Card Reader
NO Long-Term Contracts
NO Hidden Fees
NO Early Termination Fee
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ഒന്ന് മാറി നിൽക്കണം മിസ്റ്റർ ഞാൻ ആയിക്കോളാം മുഖ്യൻ



**രാഷ്ട്രീയ ഹാസ്യ വിമർശനം**
**സുനിൽ വല്ലാത്തറ ഫ്ലോറിഡാ**



കോൺഗ്രസ് നേതാവും ലോക്സഭ പ്രതിപക്ഷ നേതാവും ആയ രാഹുൽജിയ്ക്കു കഴിഞ്ഞ കുറച്ചു ദിവസങ്ങൾ ആയി തീരെ ഉറക്കം ഇല്ലന്നാണ് പിന്നാമ്പുറ സംസാരം

അഞ്ചു സംസ്ഥാനങ്ങളിൽ നിയമസഭ തെരഞ്ഞെടുപ്പ് കഴിഞ്ഞു ഫലം കാത്തിരിക്കുകയാണെങ്കിലും വിജയത്തെ പറ്റി യാതൊരു ആശങ്കയും ഇല്ലെങ്കിലും കേരളത്തിൽ ആരെ മുഖ്യമന്ത്രി ആക്കും എന്ന ചിന്ത ആണ് രാഹുൽജിയുടെ ഉറക്കം കെടുത്തുന്നത്

തെരെഞ്ഞെടുപ്പിന് മുൻപ് അഞ്ചു മുഖ്യമന്ത്രി മോഹികൾ ഉണ്ടായിരുന്നു എങ്കിലും തരൂർജിയെയും സുധാകരൻജിയെയും ഡൽഹിയിൽ വിളിച്ചു വരുത്തി കുറച്ചു ലഡുവും ജിലേബിയും ഒക്കെ കൊടുത്തു ചെറിയ മോഹന വാഗ്ദാനങ്ങൾ ഒക്കെ കൊടുത്തു മയക്കി എടുത്തു തൽക്കാലത്തേയ്ക്കു ക്ലിഫ് ഹൗസിൽ ഉറങ്ങാൻ പോകാതിരിക്കാൻ സമ്മതിപ്പിച്ചു

പക്ഷേ ഇലക്ഷൻ കഴിഞ്ഞതോടെ സ്വയം പിന്മാറിയെങ്കിലും സുധാകരൻജി സതീശൻജി ഒഴികെ മറ്റ് രണ്ടു മുഖ്യമന്ത്രി മോഹികൾ ആയ രമേശ്ജിയ്ക്കും വേണുഗോപാൽജിയ്ക്കു വേണ്ടിയും വെടികൾ പൊട്ടിച്ചു കൊണ്ടിരിക്കുകയാണ്

സുധാകരൻജി തുടങ്ങി വച്ച വെടിക്കെട്ട് മൂന്നു പേരുടെയും വിശ്വസ്ഥർ ഏറ്റെടുത്തതോടെ ഒന്നോ രണ്ടോ കതിനയിലും അമിട്ടിലും തുടങ്ങിയ ചെറിയ വെടിക്കെട്ട് വലിയ മാലപ്പടക്കം ആയി മാറിയത് ഡൽഹിയിൽ ഇരിക്കുന്ന രാഹുൽജിയെ കുറച്ചൊന്നുമല്ല അസ്വസ്ഥൻ ആക്കിയത്

ഇപ്പോൾ കേൾക്കുന്നത് രാഹുൽജി മൂന്നു പേരുടെയും രാഷ്ട്രീയ ജാതകം പരിശോധിച്ചു കൊണ്ട് ഇരിക്കുകയാണെന്നാണ്

ആദ്യം പരിശോധിച്ചത് രമേശ്ജിയുടെ ആണ്. രമേശ്ജിയുടെ പരിശോധിക്കുന്നതിനിടയിൽ ഞെട്ടിത്തരിച്ചു രാഹുൽജി എണീറ്റ് നിന്നു എന്നാണ് അണിയറ സംസാരം

എഴുപതുകളുടെ മദ്ധ്യത്തിൽ കെ എസ് യു വിൽ കൂടി കോൺഗ്രസ് പ്രവർത്തനം ആരംഭിച്ച രമേശ്ജി എൻ എസ് യു വിന്റെയും യൂത്ത് കോൺഗ്രസിന്റെയും ദേശീയ പ്രസിഡന്റ് ആയിരുന്നു എന്നും ഇപ്പോഴത്തെ ബംഗാൾ മുഖ്യമന്ത്രി മമതജി ഉൾപ്പെടെ കോൺഗ്രസിൽ നിന്നും ചാടി പോയ പല നേതാക്കളും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങ

ളിൽ മുഖ്യമന്ത്രിമാർ ആയിരിക്കുന്നവർ രമേശ്ജിയുടെ കീഴിൽ എൻ എസ് യു വിന്റെയും യൂത്ത് കോൺഗ്രസിന്റെയും ഭാരവാഹികൾ ആയിരുന്നവർ ആയിരുന്നു എന്നും ജാതക പരിശോധനയിൽ തെളിവുകൾ സഹിതം മനസ്സിലാക്കിയ രാഹുൽജിയുടെ കണ്ഠം ഇടറി

ജാതക പരിശോധനക്കിടയിൽ രാഹുൽജിയ്ക്കു ഏറ്റവും കൂടുതൽ ബഹുമാനവും സ്നേഹവും രമേശ്ജിയോടു തോന്നിയത് എൺപത്തി ഒൻപതിലെ ലോക്സഭ തെരഞ്ഞെടുപ്പിൽ കോട്ടയത്ത് പോയി സി പി എം ന്റെ യുവ പോരാളി സുരേഷ് കുറുപ്പിന് മീനച്ചിൽ ആറ്റിലേയ്ക്കു തൂക്കി എറിഞ്ഞു മണ്ഡലം പിടിച്ചെടുത്തു ആദ്യമായി ഇന്ത്യൻ പാർലെമെന്റിൽ എത്തി അന്ന് തന്റെ പിതാവ് രാജീവ് ജിയെ പ്രതിരോധിച്ചുകൊണ്ട് ഹിന്ദിയിൽ പ്രസംഗിച്ചു രമേശ്ജി കത്തിക്കയറി എന്നറിഞ്ഞപ്പോൾ ആണ് രണ്ടാമതായി രാഹുൽജി പരിശോധിച്ചത് സതീശൻജിയുടെ ജാതകം ആണ്

ഇടതുപക്ഷത്തിന്റെ കോട്ടയായ പറവൂരിൽ പോയി ഒരു ഭയവും കൂടാതെ മത്സരിച്ചു രണ്ടായിരത്തി ഒന്നിൽ ആ കോട്ട തകർത്തു ഇപ്പോൾ ഇരുപത്തിയഞ്ചു വർഷമായി ഒരു പേര് ദോഷവും കേൾപ്പിക്കാതെ നിയമസഭയ്ക്കുള്ളിലും പുറത്തും കോൺഗ്രസ് ആശയങ്ങളെ ജനങ്ങളിൽ എത്തിക്കുന്നതിൽ വൻ വിജയം കാണുകയും അതിന്റെ പ്രതിഫലം പോലെ രണ്ടായിരത്തി ഇരുപത്തി ഒന്നിലെ തെരഞ്ഞെടുപ്പിൽ തകർന്നു തരിപ്പണം ആയ കോൺഗ്രസിനെയും ഒപ്പം യൂ ഡി എഫ് നെയും നയിക്കാൻ കൊടുത്ത ഉത്തരവാദിത്തം ഭംഗിയായി നിർവഹിച്ചു ഇപ്പോൾ വിജയത്തിന്റെ വക്കിൽ എത്തിച്ചിരിക്കുന്ന സതീശൻജിയെ എങ്ങനെ തഴയും എന്നോർക്കാൻ പോലും പറ്റാത്ത അവസ്ഥയിൽ ആയി പോയി രാഹുൽജി



**വേണുജി ഇടത്തോട്ട് തിരിയുവാൻ പറയുമ്പോൾ ഇടത്തോട്ടും വലത്തോട്ട് പറയുമ്പോൾ വലത്തോട്ടും ഓടുവാൻ പറയുമ്പോൾ ഓടുകയും നടക്കുവാൻ പറയുമ്പോൾ നടക്കുകയും കഴിഞ്ഞ കുറെയധികം വർഷങ്ങൾ ആയി ചെയ്തുകൊണ്ടിരിക്കുന്ന താൻ ഇനി എങ്ങനെ വേണുജിയെ മുഖ്യൻ ആക്കാതിരിക്കും എന്നോർത്തിട്ട് രാഹുൽജി കുറച്ചു ദിവസങ്ങൾ ആയി ആഹാരം പോലും ഉപേക്ഷിച്ചിരിക്കുകയാണ്**

വേണുഗോപാൽജിയുടെ ജാതകം രാഹുൽജിയ്ക്കു മനഃപാഠമാണ്. കഴിഞ്ഞ ഏഴെട്ടു വർഷമായി തന്റെ ഊണിലും ഉറക്കത്തിലും സന്തതസാഹചരിയായ വേണുജി പറയുന്നത് മാത്രമേ രാഹുൽജി നടപ്പിലാക്കിയിട്ടുള്ളൂ

വേണുജി ഇടത്തോട്ട് തിരിയുവാൻ പറയുമ്പോൾ ഇടത്തോട്ടും വലത്തോട്ട് പറയുമ്പോൾ വലത്തോട്ടും ഓടുവാൻ പറയുമ്പോൾ ഓടുകയും നടക്കുവാൻ പറയുമ്പോൾ നടക്കുകയും കഴിഞ്ഞ കുറെയധികം വർഷങ്ങൾ ആയി ചെയ്തുകൊണ്ടിരിക്കുന്ന താൻ ഇനി എങ്ങനെ വേണുജിയെ മുഖ്യൻ ആക്കാതിരിക്കും എന്നോർത്തിട്ട് രാഹുൽജി കുറച്ചു ദിവസങ്ങൾ ആയി ആഹാരം പോലും ഉപേക്ഷിച്ചിരിക്കുകയാണ്

ഇനിയിപ്പോൾ രാഹുൽജിയുടെ മുൻപിൽ ഒരു പോംവഴി മാത്രമേ മൂന്നു പേരെയും പിണക്കാതെ അവശേഷിക്കുന്നുള്ളൂ. കഴിഞ്ഞ ലോക്സഭ തെരഞ്ഞെടുപ്പിൽ പാർട്ടി നിർബന്ധം ആയി തൃശൂരു കൊണ്ടുപോയി മത്സരിപ്പിച്ചു ബലിയാടാക്കി രാഷ്ട്രീയ ജീവിതം തന്നെ അനിശ്ചിതാവസ്ഥയിൽ ആയ കെ മുരളീധരൻ ജിയെ മുഖ്യൻ ആക്കുക.

ഇവർക്കു മൂന്നു പേർക്കും അവകാശപ്പെടുവാൻ ഇല്ലാത്ത മുൻ മുഖ്യമന്ത്രിയുടെ മകൻ എന്നുള്ള പേരും ക്ലിഫ് ഹൗസിൽ നീണ്ട കാലം ഉറങ്ങിയ പരിചയവും മുരളീധരൻജിയ്ക്കു മാത്രമേ ഉള്ളൂ


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# ബ്രോങ്ക്സ് സെയിന്റ് തോമസ് സിറോ മലബാർ ഫൊറോന ഇടവക സിൽവർ ജൂബിലി നിറവിൽ

## ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷങ്ങൾ മാർ ജോയ് ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു



**ഷോളി കുമ്പിളുവേലി**

ന്യൂ യോർക്ക് : ഷിക്കാഗോ സിറോ മലബാർ രൂപതയിലെ ആദ്യകാല ഇടവകയായ ബ്രോങ്ക്സ് സെയിന്റ് തോമസ് സിറോ മലബാർ ഫൊറോന ദേവാലയത്തിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് രൂപത അദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് തുടക്കം കുറിച്ചു! ന്യൂ യോർക്കിലും പരിസര പ്രദേശങ്ങളിലും മാർത്തോമാ നസ്രാണി വിശ്വാസം വ്യാപിപ്പിക്കുന്നതിൽ ബ്രോങ്ക്സ് ഇടവകയുടെ പങ്കു വളരെ വലുതാണെന്ന് ബിഷപ്പ് മാർ ജോയ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ന്യൂയോർക്കിലും കണക്ടിക്കട്ടിലും സ്ഥാപിതമായിട്ടുള്ള സിറോ മലബാർ പള്ളികളുടെ മാതൃ ദേവാലയം ബ്രോങ്ക്സ് ഇടവകയാണ്. ഈ ഇടവക സ്ഥാപിക്കാൻ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട റവ. ഫാ. ജോസ് കണ്ടത്തിക്കുടി അച്ചനേയും ആദ്യകാല കൈക്കാരൻമാരേയും നന്ദിയോടെ സ്മരിക്കുന്നു.

ചിക്കാഗോ രൂപതയുടെ വളർച്ചയിൽ ബ്രോങ്ക്സ് ഇടവക നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ടെന്നും മാർ ജോയ് എടുത്തു പറഞ്ഞു. ചിക്കാഗോ സിറോ മലബാർ രൂപതയിലെ പ്രഥമ തദ്ദേശ്യനായ വൈദികൻ ഫാ. കെവിൻ മുണ്ടക്കൽ ബ്രോങ്ക്സ് ഇടവകയുടെ സംഭാവനയാണ്.



മാർച്ച് 21 തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം നടന്ന ഉദ്ഘാടന ചടങ്ങിൽ മാർ ജോയ് ആലപ്പാട്ട് തിരി തെളിയിച്ചു. കൂടാതെ, ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും 'സിൽവർ ജൂബിലി വിളക്കുകൾ' നൽകുകയും ചെയ്തു. ഇടവകയുടെ ആരംഭം മുതലുള്ള കൈക്കാരൻമാർ ചടങ്ങിൽ സന്നിധരായിരുന്നു. ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന സ്വാഗതം ആശംസിച്ചു. റവ. ഫാ റോയ്സൺ മേനോലിക്കൽ, റവ. ഫാ. ഫ്രാൻസിസ് നമ്പ്യാമ്പറമ്പിൽ തുടങ്ങിയവർ ആശംസകൾ നേർന്നു. കൈക്കാരൻമാരായ ജോർജ് പട്ടേരിൽ, ഡെന്നി കല്ലുകളം, അനിൽ കണ്ടത്തിൽ തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ന്യൂയോർക്കിലും പരിസരപ്രദേശങ്ങളിലുമുണ്ടായിരുന്ന സിറോ മലബാർ വിശ്വാസ കൂട്ടായ്മ, ഫാ. ജോസ് കണ്ടത്തിക്കുടിയുടെ നേതൃത്വത്തിൽ നടത്തിയ ദീർഘ നാളത്തെ പരിശ്രമത്തിന്റെ ഫലമായാണ് ബ്രോങ്ക്സ് സെൻ്റ് തോമസ് സിറോ മലബാർ ഇടവക സ്ഥാപിതമായത്. വർഷങ്ങളായി അടഞ്ഞുകിടന്നിരുന്ന ' സെയിന്റ് വാലന്റയിൻ'' ദേവാലയം, ന്യൂയോർക്ക് അതിരൂപത നാമമാത്രമായ വാടകക്ക് സിറോ മലബാർ വിശ്വാസികൾക്കായി തരികയും, 2002 മാർച്ച് 24-)0 തീയതി അന്നത്തെ ചിക്കാഗോ രൂപത ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് 'സെയിന്റ് തോമസ് സിറോ മലബാർ കാതോലിക്ക ദേവാലയം' എന്നു പുനഃ നാമകരണം നടത്തി, ആശീർവദിച്ചു വിശ്വാസികൾക്കായി സമർപ്പിച്ചു. ബ്രോങ്ക്സ് ഇടവക ആരംഭിക്കുന്നതിനായി കഠിന പ്രയഗ്നം നടത്തിയ ജോസ് മാളിയേക്കൽ, പരേതനായ തോമസ് ചാമക്കാല തുടങ്ങി എല്ലാ മുൻകലാ നേതാക്കളേയും ഇടവക സമൂഹം നന്ദിയോടെ സിൽവർ ജൂബിലി വേളയിൽ സ്മരിക്കുന്നു.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾക്ക് ഇടവക ഭരണസമിതി രൂപം നൽകിവരുന്നു.





FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# കലാവേദിയുടെ നാടകം ന്യൂയോർക്കിൽ അരങ്ങേറി



ന്യൂയോർക്ക്: ഏപ്രിൽ 11.

ന്യൂയോർക്കിലെ കലാസംഘടനയായ കലാവേദിയുടെ അഭിമുഘ്യത്തിൽ നടത്തപ്പെട്ട 'ബോധിവൃക്ഷത്തണലിൽ' എന്ന സാമൂഹ്യ നാടകം ന്യൂയോർക്കിലെ ഗ്ലെനോക്സിൽ നടത്തപ്പെട്ടു. ന്യൂജേഴ്സിയിയിലുള്ള ഫൈൻ ആർട്സ് എന്ന കലാസംഘടനയാണ് നാടകം അവതരിപ്പിച്ചത്. അവതരണ മികവുകൊണ്ടും അർത്ഥവത്തായ ഉള്ളടക്കംകൊണ്ടും മികവുപുലർത്തിയ നാടകത്തിനു കാണികളുടെ വലിയ സാന്നിധ്യം ഉണ്ടായിരുന്നു.

ഇതിൽനിന്നും ലഭിക്കുന്ന പണം പൂർണ്ണമായും സമൂഹത്തിലെ മനുഷ്യനന്മക്കുവേണ്ടി മാത്രം വിനയോഗിക്കുമെന്നു കലാവേദി പ്രസിഡന്റ് സിബി ഡേവിഡ് പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ ന്യൂയോർക്കിലും കേരളത്തിലും കലയുടെ വിവിധ തലങ്ങൾ അവതരിപ്പിക്കയും, കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കലാവേദി എന്ന സംഘടന ഇവിടുത്തെ സമൂഹത്തിനു മാതൃകയാണ് എന്ന് സംഘടനയുടെ വൈസ് പ്രസിഡന്റ് കോരസൺ വർഗീസ് പ്രസ്താവിച്ചു. സെക്രട്ടറി ബിജു ചാക്കോ സ്വാഗതം ആശംസിക്കുകയും പ്രാരംഭ നടപടികൾ നിയയന്ത്രിക്കുകയും ട്രെഷറർ മാത്യു മാമൻ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

സഹജീവിക്കു സ്വന്തം വൃക്കദാനം നൽകി ആദരണീയമായ മാതൃക കാട്ടിയ സുനിതയെ കലാവേദിയുടെ മാനവികത പുരസ്കാരം നൽകി ആദരിച്ചു. കലാവേദിയുടെ പ്രയാണത്തിൽ നിർണ്ണായകമായ സാന്നിധ്യം തെളിയിച്ച ബിന്ദു ഡേവിഡ്, ഷാജി ജേക്കബ്, മാമൻ എബ്രഹാം, ഷാജു സാം, മാത്യു മാമൻ, രഞ്ജി കൊച്ചുമ്മൻ എന്നിവർക്ക് കലാവേദി അംഗീകാരം നൽകി ആദരിച്ചു. സ്നേഹ വിനോയിയുടെ






സംഗീതവും, റിയയുടെ നേതൃത്വത്തിൽ കലാഹാർട്സ് അവതരിപ്പിച്ച സംഘനൃത്തവും സഹായ്ഹത്തെ മധുരമാക്കി.

വിശക്കുന്നവർക്ക് ആശ്രയമായ 'അഞ്ചപ്പം' സംഘടനക്ക് ഒരു ലക്ഷം രൂപ നൽകി ഈ വർഷത്തെ കാരുണ്യപ്രവർത്തികൾക്കു തുടക്കംകുറിച്ചു. അമേരിക്കയിലെ സന്നദ്ധ സംഘടനകളുമായി ഒത്തുചേർന്നു വിവിധ കാരുണ്യപദ്ധതികളിൽ പങ്കാളിയാകുവാനും, അമേരിക്കയിലെ എഴുത്തുകാരെയും, മാധ്യമപ്രവർത്തകരെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുവാനുമായുള്ള നിരവധി പ്രവർത്തങ്ങളിൽ കലാവേദി സജീവമാകുകയാണ് എന്ന് സംഘടനയുടെ സ്ഥാപക പ്രസിഡന്റ് സിബി ഡേവിഡ് പറഞ്ഞു.

ഇത്തരം കൂട്ടായ കലാപ്രവർത്തനങ്ങൾ ആണ് ബോധിവൃക്ഷ തണലുകളായി സമൂഹത്തിൽ ഇണക്കമുണ്ടാക്കുന്നെതന്നു ഫയിൻ ആർട്സ് സംഘടനയുടെ ചെയർമാൻ ജോർജ്ജ് തുമ്പയിൽ പറഞ്ഞു.













Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# മോഹിനിയാട്ടത്തിൽ വേൾഡ് ഗിന്നസ് ഒരു സ്റ്റെപ്പ് അകലെ : ചരിത്രത്തിന്റെ ഭാഗമാകാൻ ഫോക്കാന ഒരുക്കുന്ന അപൂർവ്വ അവസരം

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : മോഹിനിയാട്ടത്തിൽ വേൾഡ് ഗിന്നസ് ചരിത്രത്തിന്റെ ഭാഗമാകാൻ ഫോക്കാന ഒരുക്കുന്ന അപൂർവ്വ അവസരം ഫൊക്കാന കൺവെൻഷനിൽ. കേരളത്തിന്റെ തനത് ലാസ്യനൃത്തകലാരൂപമാണ് മോഹിനിയാട്ടം, ആ നാട്യശാസ്ത്രത്തിൽ അമേരിക്കയിൽ ഒരു ഗിന്നസ് വേൾഡ് റെക്കോർഡ് നേടുവാൻ ഫൊക്കാന ഇന്ത്യൻഅമേരിക്കൻ ഡാൻസേസിന് അവസരം ഒരുക്കുന്നു. നോർത്ത് അമേരിക്കയിൽ മോഹിനിയാട്ടം കളിക്കുകയും പഠിക്കുകയും ചെയ്യുന്ന ഡാൻസേസിന് കിട്ടുന്ന അസുലഭ സന്ദർഭമാണ് ഫൊക്കാന ഒരുക്കുന്നത്.

ലോകമെമ്പാടുമുള്ള മനുഷ്യനേട്ടങ്ങളുടെയും പ്രകൃതിയിലെ അത്ഭുതങ്ങളുടെയും ആധികാരിക ശേഖരമാണ് ഗിന്നസ് വേൾഡ് റെക്കോർഡുകൾ .അങ്ങനെ ഒരു റെക്കോർഡ് മോഹിനിയാട്ടത്തിൽ ഈ കൺവെൻഷനിലൂടെ നേടുന്നതിന് ഫൊക്കാന സുവർണ്ണാവസരമൊരുക്കുന്നു. ഗിന്നസ് വേൾഡ് റിക്കാർഡിൽ പങ്കാളികളാവുക എന്നത് വലിയൊരു ബഹുമതിയും പ്രിവിലേജുമാണ്.അസാധ്യവും അപൂർവവും അതുല്യമായ കാര്യങ്ങൾക്കാണ് ഗിന്നസ് റെക്കോർഡ് ലഭിക്കുക. ഈ ബഹുമതി നേടുവാൻ വേണ്ടിയാണ് ഫൊക്കാന നിങ്ങളെ ക്ഷണിക്കുന്നത് .

ഭാരതീയസംസ്കാരത്തെ സംരക്ഷിക്കുന്നതിനും നമ്മുടെ കലകളും സാഹിത്യവും എത്രത്തോളം ഉന്നതമായ നിലവാരം പുലർത്തുന്നവയാണെന്നും നമ്മുടെ സംസ്കാരം മറ്റുള്ളവരുടെതിനെക്കാൾ ഒന്നുകൊണ്ടും താഴെയല്ലെന്നും വരും തലമുറയെ ബോധ്യപ്പെടുത്തേണ്ടതുണ്ട് . അതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായിട്ടാണ് മലയാളത്തിലെ ഒരേയൊരു ശാസ്ത്രീയ നൃത്തകലയായ മോഹിനിയാട്ടത്തിൽ നാം ഒരു ഗിന്നസ് റെക്കോർഡിനുവേണ്ടി പരിശ്രമിക്കുന്നത്.

ചിലർ ചോദിച്ചേക്കാം, 'ഒരു ഗിന്നസ് റെക്കോർഡ് കൊണ്ട് എന്ത് പ്രയോജനം?' എന്ന്. എന്നാൽ, ആയിരങ്ങൾ ഒരേ മനസ്സോടെ ഒന്നിക്കുമ്പോൾ അതൊരു വലിയ സന്ദേശമായി മാറുന്നു. പ്രവാസത്തിന്റെ ഏകാന്തതയിൽ നിന്നും തിരക്കുകളിൽ നിന്നും മാറി, സ്വന്തം സംസ്കാരത്തെ മുറുകെപ്പിടിക്കുന്ന ഓരോ മലയാളിയുടെയും ജീവിതത്തിന്റെ അടയാളപ്പെടുത്തലാണിത്. സ്വന്തം സംസ്കാരം കാത്തുസൂക്ഷിക്കുകയും അത് നമ്മുടെ വരും തലമുറയിലേക്ക് കൈ മാറുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്.

വേദികളിൽ എത്താതെ പോയവർക്കും, അംഗീകാരം ആഗ്രഹിക്കുന്നവർക്കും വേണ്ടിയുള്ള ഒരു വലിയ വേദി കൂടിയാണിത് . കാലം മാറുമ്പോൾ സഹാനുഭൂതിയും പിന്തുണയും ആവശ്യമായ പ്രവാസി സഹോദരങ്ങൾക്ക് ഒരു സമൂഹത്തിന്റെ കരുതലും ശ്രദ്ധയും ഉറപ്പാക്കുക എന്ന ലക്ഷ്യം കൂടി ഫൊക്കാന ഈ സംഗമത്തിനു നൽകുന്നുണ്ട്.

ഓഗസ്റ്റ് 8-ന് വൈകുന്നേരം 3 മണിക്ക് നടക്കുന്ന ഈ ഗിന്നസ് റെക്കോർഡ് ശ്രമത്തിൽ പങ്കെടുക്കുന്നവർക്ക് ഔദ്യോഗിക സർട്ടിഫിക്കറ്റും, 60 മണിക്കൂർ വെരിഫൈഡ് വോളന്റിയർ അവേഴ്സും ലഭിക്കുന്നതാണ്. കൂടാതെ മികച്ച മുന്ന് ഡാൻസ് സ്കൂളുകൾക്ക് വി.വി.ഐ.പി പുരസ്കാരങ്ങളും നൽകും(based on their Participation level ). പങ്കെടുക്കുന്ന മോഹിനിയാട്ടം ഡാൻസേഴ്സിന് ഓഗസ്റ്റ് 8 ന് ഡേ രേജിസ്ട്രറേൻ ഫ്രീ ആണ് (Worth $400.00)അതുപോലെ തന്നെ മോഹിനിയാട്ടം കോസ്റ്റ്യൂമും ഫ്രീ ആയി നൽകുന്നതുമാണ്.

ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള മുഖ്യമന്ത്രി,കേരളാ ഗവർണർ,

ന്യൂ ജേഴ്‌സി ഗവർണ്ണർ, പദ്മാ വിഭൂഷൺ അടൂർ ഗോപലകൃഷ്ണൻ , പദ്മ ശ്രീ എം . എ . യൂസഫലി , പദ്മശ്രീ മട്ടന്നൂർ ശങ്കരൻ കുട്ടി , പ്രമുഖ സിനിമ താരങ്ങൾ ആയ നവ്യ നായർ , അന്നാ ബെൻ , പ്രൊഫ. ഗോപിനാഥ് മുതുകാട് തുടങ്ങിയ പ്രമുഖർ സാക്ഷ്യം വഹിക്കുന്ന ഈ ചരിത്രപരമായ മുന്നേറ്റത്തിൽ പ്രമുഖ ഡാൻസ് ടീച്ചർ ആയ ഗുരു ബീനാ മേനോനും ടീമിനും ഒപ്പം അണിചേരാനും ഇപ്പോൾ തന്നെ രജിസ്റ്റർ ചെയ്യാവുന്നതാണ്.


അമേരിക്കയിലെ പ്രധാന ഡാൻസ് ടീച്ചേഴ്‌സും ഗുരുക്കന്മാരുമായ ബിന്ധ്യ ശബരി ,ദേവിക നായർ ,ലിസ ജോസഫ് ,ലതിക നായർ ,അശ്വതി അരുൺ ,ബേസിൽ കാഉഹർട്സ് , ,ബേബി തടവനാൽ ,ആശ അഗസ്റ്റിൻ ,മാലിനി നായർ ,നീന ഫിലിപ്പ് ,സൗയ്മാ ,ചന്ദ്രിക കുറുപ്പ് ,ലക്ഷ്മി കുറുപ്പ് ,ആഞ്ജന ആൽബനി ,സുഷമ പ്രവീൺ ,നിമ്മി ദാസ് ,സുജിത് തോന്നാറിൽ ,റുബീന സുദർശൻ തുടങ്ങി നിരവധി ഡാൻസ് സ്കൂളുകളും ടീച്ചേഴ്‌സും ഇതിന്റെ ഭാഗമായി മുന്നോട്ടു പോകുമ്പോൾ നിങ്ങൾ ഓരോരുത്തരെയും ഇതിന്റെ ഭാഗമാകുവാൻ ക്ഷണിക്കുകയാണ് ...

നിശ്ചിത സമയത്തിനുള്ളിൽ അവതരിപ്പിക്കാവുന്ന മോഹിനിയാട്ടം , എത്രയും നന്നാക്കാമോ അത്രയും നന്നാക്കുക എന്ന ശൈലിയിലൂടെയാണ് ഫൊക്കാന മുന്നോട്ടു പോകുന്നത് .ഏറ്റവും മികവോടുകൂടിയ ഈ മോഹിനിയാട്ടം പ്രോഗ്രാം അവതരിപ്പിച്ചു ഗിന്നസ് റെക്കോർഡ് നേടുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.




ഫൊക്കാനാ ഇന്റർനാഷണൽ കൺവെൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് ഏത് പ്രവാസി സംഘാടനകളുടെയും ചരിത്രത്തിൽ ഇന്നുവരെ വരെ കണ്ടിട്ടില്ലാത്ത ഒരു കൺവെൻഷന് സാക്ഷിയാകുന്ന ചരിത്ര നിമിഷങ്ങളിലേക്ക് നിങ്ങളെയും ക്ഷണിക്കുകയാണ് .

ഈ സമൂഹത്തിലെ ഓരോ ജീവിതത്തിനും ഒരു സ്ഥാനം ഉണ്ട് . ഒരു കലാകാരിയുടെ പ്രകടനം മാത്രമല്ല മോഹിനിയാട്ടം, അത് ദൈവത്തിന്റെ കൈയൊപ്പ് പതിഞ്ഞ കലയാണ് . ലക്ഷ്യം ശരിയെങ്കിൽ, അതിലേക്കുള്ള വഴിയും ധർമ്മമാകും,അങ്ങനെ ഗിന്നസ് ബുക്കിലേക്ക് നമുക്ക് നടന്ന് കയറാം. ചരിതം വഴിമാറട്ടെ ......


'indescribable yet truthful'
Lord Shiva's Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires people to recognize the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# അധികാരം കിട്ടുംമുൻപേ കസേരകളി;
## കളത്തിൽ വേണുഗോപാൽ, സതീശൻ, ചെന്നിത്തല കാമ്പെയ്ൻ

**എ.എസ് ശ്രീകുമാർ**

ഏവരും ഉറ്റുനോക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പ് ഫലം അറിയാൻ 18 ദിവസം ശേഷിക്കെ മുഖ്യമന്ത്രി സ്ഥാനത്തെച്ചൊല്ലിയുള്ള കോൺഗ്രസിലെ "കസേര കളി" ഒരു പ്രൈംടൈം ഷോയായി തുടരുന്നു. പണ്ട് കെ കരുണാകരൻ, എ.കെ ആന്റണി, ഉമ്മൻചാണ്ടി തുടങ്ങിയവർ മുന്നണിയെ നയിച്ചിരുന്ന കാലത്ത് തിരഞ്ഞടുപ്പ് വിജയമുണ്ടായാൽ മുഖ്യമന്ത്രി ആരായിരിക്കുമെന്ന കാര്യത്തിൽ തർക്കമുണ്ടായിരുന്നില്ല. ഇടയ്ക്ക് വയലാർ രവിയുടെ പേര് പറഞ്ഞുകേട്ടിരുന്നെങ്കിലും അദ്ദേഹം പിന്തള്ളപ്പെടുകയായിരുന്നു. മുഖ്യമന്ത്രി പദം സംബന്ധിച്ച് ഉമ്മൻ ചാണ്ടിയുടെ കാലം വരെ ഇല്ലാതിരുന്ന അവകാശവാദങ്ങൾ ഇപ്പോൾ സൈബർ പ്ലാറ്റ് ഫോമിലൂടെയാണ് തലപൊക്കുന്നത്. ഉമ്മൻ ചാണ്ടി ഇല്ലാത്ത ആദ്യത്തെ നിയമസഭാ തിരഞ്ഞെടുപ്പാണ് നടന്നത്. 90 സീറ്റിൽ കുറയാത്ത ഒരു വിജയമാണ് പോളിംഗിനൊടുവിൽ യു.ഡി.എഫ് സ്വപ്നം കാണുന്നത്. അതുകൊണ്ടാണ് ചർച്ച ഇങ്ങനെ കസറുന്നത്.

എറണാകുളം ജില്ലയിൽ നിന്നുള്ള ആളായിരിക്കണം മുഖ്യമന്ത്രി എന്ന് കൊച്ചിയിലെ യു.ഡി.എഫ് സ്ഥാനാർത്ഥിയും ഡി.സി.സി പ്രസിഡന്റുമായ മുഹമ്മദ് ഷിയാസ് അഭിപ്രായം പ്രകടിപ്പിച്ചതോടെയാണ് പുതിയ ചർച്ചകൾ സോഷ്യൽ മീഡിയയിലൂടെ അരങ്ങുതകർക്കുന്നത്. ഇതിനെതിരെ എം ലിജു രംഗത്തുവന്നു. ഷിയാസിന്റേത് വ്യക്തിപരമായ അഭിപ്രായമാണെന്നും മുഖ്യമന്ത്രി ആരെന്ന് ഹൈക്കമാൻഡ് തീരുമാനിക്കുമെന്നും ലിജു പറഞ്ഞു. പിന്നാലെ സോഷ്യൽ മീഡിയയിലെ ഇത്തരം ചർച്ചകൾ വിലക്കണമെന്ന ആവശ്യവുമായി ബെന്നി ബെഹനാൻ എം.പി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെക്ക് കത്തയച്ചു.

പ്രതിപക്ഷ നേതാവി വി.ഡി സതീശനും എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണു



**'ഞാൻ തന്നെയാണ് മുഖ്യമന്ത്രിയാകാൻ ഏറ്റവും യോഗ്യൻ...'' എന്നൊരു ഉൾവിളി കോൺഗ്രസ് നേതാക്കളിൽ നിന്ന് കേൾക്കുന്നുണ്ട്. യു.ഡി.എഫിന് അധികാരം കിട്ടുമെന്ന ലക്ഷണമുണ്ടാവുമ്പോൾ ഈ ശബ്ദം കേൾക്കുക പതിവാണ്. വാസ്തവത്തിൽ കോൺഗ്രസിന്റെ യഥാർത്ഥ പ്രശ്നം നേതാക്കളില്ലാത്തതല്ല, നേതാക്കൾ വളരെ കൂടുതലുള്ളതാണ്.**

ഗോപാലും രമേശ് ചെന്നിത്തലയുമാണ് ഇപ്പോൾ മുഖ്യമന്ത്രിക്കസേരയ്ക്കുവേണ്ടി കളത്തിലുള്ളത്. അതേസമയം എം.എൽ.എയല്ലാത്തയാൾ മുഖ്യമന്ത്രിയാകുമോയെന്ന ചോദ്യത്തിന് കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ്, മാധ്യമങ്ങൾക്ക് മുന്നിൽ ആ സാധ്യതകൾ തള്ളാതെയാണ് മറുപടി പറഞ്ഞത്. എം.എൽ.എയല്ലാത്തയാൾ മറ്റാരുമല്ല കെ.സി വേണുഗോപാൽ തന്നെ. തിരഞ്ഞടുപ്പിന് മുമ്പ് രമേശ് ചെന്നിത്തല മുഖ്യമന്ത്രിയാകണമെന്ന് പ്രൊഫ. പി.ജെ കുര്യനും കെ സുധാകരനും ഒരു മനസോടെ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ കെ.സി വേണുഗോപാൽ മുഖ്യമന്ത്രിയാകണമെന്ന ആഗ്രഹമാണ് കെ സുധാകരൻ ഇപ്പോൾ ശക്തമാക്കിയത്. കെ സി വേണുഗോപാലിനായി വൻ സൈബർ കാംപയിനാണ് നടക്കുന്നത്.

കെ സുധാകരന് പുറമെ തിരുവനന്തപുരം കോർപറേഷൻ മുട്ടട വാർഡ് കൗൺസിലറായ വൈഷ്ണ സുരേഷ്, കാൺഗ്രസ് നേതാക്കളായ പഴകുളം മധു, എഴുത്തുകാരി സുധാ മേനോൻ, എന്നിവരും കെ.സിയെ പിന്തുണച്ച് രംഗത്തുവന്നു. ഒരു സ്ഥാനാർത്ഥി എന്നുള്ള നിലയ്ക്ക് ഏറ്റവും മനോഹരമായി തിരഞ്ഞെടുപ്പിനെ കോർഡിനേറ്റ് ചെയ്തത് കെ.സി വേണുഗോപാൽ ആയിരുന്നു എന്ന് എനിക്ക് ഉറപ്പിച്ചു പറയാൻ സാധിക്കുമെന്ന് സന്ദീപ് വാര്യരും പ്രതികരിച്ചു. കഴിഞ്ഞ ആഴ്ചവരെ ""രമേശ് ചെന്നിത്തല നയിക്കണം..."" എന്ന് പരസ്യമായി ആവശ്യപ്പെട്ട സുധാകരൻ മലക്കം മറിഞ്ഞതിനു പിന്നാലെയാണ് ഇത്തരമൊരു കാംപയിൻ ഉയരുന്നത്. നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ കണ്ടത് കെ.സി വേണുഗോപാലിന്റെ സംഘടനാമികവാണെന്നും കെ.സി കേരളത്തെ നയിക്കാൻ ദിശാബോധമുള്ള നേതാവാണെന്നുമായിരുന്നു കഴിഞ്ഞ ദിവസം സുധാകരൻ ഫേസ്ബുക്ക് കുറിപ്പിൽ വ്യക്തമാക്കിയത്. എന്നാൽ പോസ്റ്റിന് താഴെ കോൺഗ്രസ് പ്രവർത്തകരുടെ വിമർശനം ശക്തമായതോടെ അദ്ദേഹത്തിന് കമന്റ് ബോക്സ് പൂട്ടേണ്ടി വന്നു.

തിരഞ്ഞെടുപ്പിൽ ഗ്രൂപ്പടിസ്ഥാനത്തിലായിരുന്നില്ല സ്ഥാനാർഥി നിർണയമെന്നതിനാൽ ഗ്രൂപ്പടിസ്ഥാനത്തിലുള്ള വിലപേശൽ ഇപ്രാവശ്യം നടക്കാനിടയില്ലെന്നാണ് വിവരം.എങ്കിലും എം.എൽ.എ.മാരുടെ അഭിപ്രായം തേടിയശേഷമാകും ഹൈക്കമാൻഡ് തീരുമാനം. അതുവരെ ഇതുസംബന്ധിച്ച പരസ്യ ചർച്ചകൾക്കും വിഴുപ്പലക്കലുകൾക്കും തടയിട്ടിരിക്കുകയാണ് കേരളത്തിന്റെ ചുമതലയുള്ള ഹൈക്കമാൻഡ് പ്രതിനിധി ദീപാ ദാസ് മുൻഷി. മുഖ്യമന്ത്രി ചർച്ച ഒഴിവാക്കണമെന്ന പൊതു വികാരം കോൺഗ്രസിൽ ശക്തമാണത്രേ. എന്നാൽ യു.ഡി.എഫിനെ അധികാരത്തിൽ തിരികെക്കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ രാഷ്ട്രീയ വനവാസത്തിന് പോകുമെന്ന നിലപാടെടുത്ത പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ മുഖ്യമന്ത്രി സ്ഥാനത്തേയ്ക്ക് സ്വാഭാവികമായി എത്തേണ്ടയാളാണ്. യു.ഡി.എഫിന് വലിയൊരു വിജയമുണ്ടായാൽ അത് സതീശന്റെ നിലപാടുകൾക്കുള്ള അംഗീകാരമായി കൂടി കണക്കാക്കപ്പെടുമെന്നുറപ്പ്.

അതോടൊപ്പം മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ പേരും തുല്യപ്രാധാന്യത്തിൽ പരിഗണിക്കപ്പെടും. കാരണം പാർട്ടിയിലെ സീനിയോരിറ്റിയാണ് രമേശിന് തുണയാവുക. താരതമ്യേന കുറഞ്ഞ ഭൂരിപക്ഷത്തോടെയാണ് ഐക്യ മുന്നണി അധികാരം പിടിക്കുന്നതെങ്കിൽ ചെന്നിത്തലയുടെ അനുനയരീതി ഗുണകരമാകാം. എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലിനും സംസ്ഥാന കോൺഗ്രസിൽ കരുത്തുണ്ട്. കോൺഗ്രസ് ദേശീയനേതൃത്വത്തിലെ പുനഃസംഘടനകൂടി ഉടൻ ഉണ്ടായേക്കുമെന്ന പശ്ചാത്തലത്തിൽ ഹൈക്കമാൻഡ് അദ്ദേഹത്തെ കേരളത്തിലേയ്ക്ക് നിയോഗിക്കാനിടയുണ്ട്. എം.എൽ.എ അല്ലാതെ മുഖ്യമന്ത്രിയായ ചരിത്രം കോൺഗ്രസിലും സി.പി.എമ്മിലുമുണ്ടല്ലോ. വിജയിച്ച ഒരു എം.എൽ.എ കെ.സിക്കുവേണ്ടി സ്ഥാനമൊഴിഞ്ഞ് ത്യാഗം ചെയ്യാൻ തയ്യാറാവും. ആറുമാസത്തിനുള്ളിൽ മുഖ്യമന്ത്രിയെന്ന നിലയിൽ ആ മണ്ഡലത്തിൽ നിന്ന് മൽസരിച്ച് വിജയിക്കാൻ കെ.സിക്ക് വലിയ തോതിൽ വിയർപ്പൊഴുക്കേണ്ടി വരില്ല.

""ഞാൻ തന്നെയാണ് മുഖ്യമന്ത്രിയാകാൻ ഏറ്റവും യോഗ്യൻ..."" എന്നൊരു ഉൾവിളി കോൺഗ്രസ് നേതാക്കളിൽ നിന്ന് കേൾക്കുന്നുണ്ട്. യു.ഡി.എഫിന് അധികാരം കിട്ടുമെന്ന ലക്ഷണമുണ്ടാവുമ്പോൾ ഈ ശബ്ദം കേൾക്കുക പതിവാണ്. വാസ്തവത്തിൽ കോൺഗ്രസിന്റെ യഥാർത്ഥ പ്രശ്നം നേതാക്കളില്ലാത്തതല്ല, നേതാക്കൾ വളരെ കൂടുതലുള്ളതാണ്. ഓരോരുത്തരും സ്വന്തം ശക്തിപ്രാപിച്ചവരാണ്. കൂടാതെ പരിവാരങ്ങളുമുണ്ട്. സോഷ്യൽ മീഡിയ ഹാൻഡിലുകളും റെഡി. അന്യം നിന്ന പഴയ ഗ്രൂപ്പുകൾക്ക് പകരം പുതിയ കാലത്തിന്റെ കളിയുമായാണവർ കളം നിറയുന്നത്. മെയ് 4-ന് ഫലപ്രഖ്യാപനവും കൂടി കഴിയുമ്പോൾ കളി കാര്യമാകും.


# അമേരിക്കൻ മലയാളികൾക്കായി 'സേവ് പ്രോപ്പർട്ടി സെൽ' ആരംഭി ക്കുമെന്ന് ഫോമാ ടീം പ്രോമിസ്




ഫ്ളോറിഡ: അമേരിക്കൻ മലയാളികളുടെ കേരളത്തിലുള്ള ഭൂമികൾക്കും സ്വത്തുക്കൾക്കും നിയമപരമായ സംരക്ഷണം ഉറപ്പു വരുത്താൻ സേവ് പ്രോപ്പർട്ടി സെൽ പ്രവർത്തികമാക്കുമെന്ന് ഫോമാ ടീം പ്രോമിസ് വ്യക്തമാക്കി. നാട്ടിൽ കാലാകാലങ്ങളിൽ ഉണ്ടാവുന്ന ഭൂമി സംബന്ധമായ നിയമ നിർമാണങ്ങളിൽ ഏറെ ദുരിതമനുഭവിക്കുന്നവർ പ്രവാസി മലയാളികളാണ്. ഹ്രസ്വ സന്ദർശനത്തിനായി നാട്ടിലെത്തുന്ന അമേരിക്കൻ മലയാളികൾ നിയമഭേദഗതികൾ വരുന്നതനുസരിച്ച് ഭൂമി സംബന്ധിച്ച രേഖകൾ ശരിയാക്കാൻ നെട്ടോട്ടം ഓടേണ്ട അവസ്ഥയാണ് നിലവിലുള്ളത്. പ്രവാസികളുടെ അത്യാവശ്യം മനസിലാക്കി ചില ഉദ്യോഗസ്ഥർ മുതലെടുപ്പ് നടത്തുകയും ചെയ്യുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം.

അമേരിക്കൻ മലയാളികൾ നേരിടുന്ന ഈ ദുരിതങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് സേവ് പ്രോപ്പർട്ടി സെല്ലിന്റെ ലക്ഷ്യമെന്ന് ടീം പ്രോമിസ് സാരഥികളായ മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ)-പ്രസിഡന്റ് , അനു സ്കറിയ-ജനറൽ സെക്രട്ടറി, ബിനോയ് തോമസ് -ട്രഷറർ , ജോൺസൺ ജോസഫ് - വൈസ് പ്രസിഡന്റ് , രേഷ്മ രഞ്ജൻ - ജോയിന്റ് സെക്രട്ടറി, ടിറ്റോ ജോൺ- ജോയിന്റ് ട്രഷറർ എന്നിവർ വാർത്താ കുറിപ്പിൽ പറഞ്ഞു.

ജനപ്രതിനിധികൾ, നിയമവിദഗ്ധർ, മാധ്യമ പ്രവർത്തകർ, സാമൂഹിക പ്രവർത്തകർ, റവന്യൂ- രജിസ്ട്രേഷൻ വകുപ്പുകളിൽ പ്രവർത്തിച്ചവർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിയാണ് സെൽ പ്രവർത്തിക്കുക. മുകളിൽ പറഞ്ഞ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുമായി ഫോമാ ടീം പ്രോമിസ് സാരഥികൾക്കുള്ള വിപുലമായ ബന്ധങ്ങൾ സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാവുമെന്നും അവർ കൂട്ടിച്ചേർത്തു.



Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# ലോക പ്രശസ്തനായ മോഹൻവീണ സംഗീതജ്ഞൻ പോളി വർഗീസിന് ന്യൂ യോർക്കിൽ സ്വീകരണം നൽകി

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : മോഹൻവീണ എന്ന അപൂർവ സംഗീതോപകരണ വാദനത്തിലൂടെ ലോക പ്രശസ്ത നായ സംഗീതജ്ഞൻ പോളി വർഗീസിന് ന്യൂ യോർക്കിൽ സ്വീകരണം നൽകി. ലോക സഞ്ചാരത്തിന്റെ ഭാഗമായി ഒട്ടേറെ.രാജ്യങ്ങളിൽ സംഗീത പരിപാടികൾ അവതരിപ്പിക്കുന്ന തൃശൂർ സ്വദേശി പോളി വർഗീസ്, അമേരിക്കൻ പര്യടനത്തിന് ഇടയിൽ ന്യൂ യോർക്കിൽ എത്തിച്ചേർന്നപ്പോൾ ആണ് മോഹനവീണയിൽ സംഗീത സദസ് നടത്തിയത്. ന്യൂ യോർക്കിലെ കലാ സാംസ്‌കാരിക രംഗത്ത് സജീവ സാനിദ്യമായ രവി വെലികെട്ടിലിന്റെ (രവി നായർ ) നേതൃത്വത്തിൽ ആയിരുന്നു സ്വീകരണ പരിപാടി നടത്തിയത്.

സിത്താറിന്റെയും വീണയുടെയും സരോദിന്റെയും ഭാവങ്ങൾ ഇഴചേർന്ന ഭാവങ്ങൾ ഇഴചേർന്ന ഇരുപത്തിരണ്ടോളം തന്ത്രികളുള്ള മോഹന വീണയിൽ വിസ്മയം തീർക്കുന്ന ലോകത്തിലെ ചുരുക്കം ചില സംഗീതജ്ഞരിൽ ഒരാളാണു പോളി. രണ്ട് മണിക്കൂറിൽ അധികം കാണികളെയും വിസ്മയ ലോകത്തു എത്തിച്ച പോളി വർഗീസ് അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു സംഗീത വിരുന്നാണ് കാണികൾക്ക് നൽകിയത്. ഓരോ രാഗത്തിലും മോഹനവീണയിൽ സംഗിതം ആലപിച്ച അദ്ദേഹം കാണികളെ വിസ്മയ ലോകത്തു എത്തിച്ചു കേട്ടിരുന്നവർ ഏവരും അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചു.

കവി, നാടകസിനിമ നടൻ, സംഗീത സംവിധായകൻ, ചിത്രകാരൻ എന്നീ നിലകളിലും ഹിന്ദുസ്ഥാനി സംഗീതത്തിലും അഗാധ പാണ്ഡിത്യമുള്ള പൊളി വർഗീസ് അഞ്ചു വർഷമായി ഓസ്‌ട്രേലിയയിൽ ആണ് താമസം എങ്കിലും യൂറോപ്യൻ രാജ്യങ്ങൾ ഉൾപ്പെടെ വിവിധ രാജ്യങ്ങളിൽ അദ്ദേഹം സംഗീത വിരുന്നുകൾ നടത്താറുണ്ട്. തോളിൽ മോഹനവീണയുമായി പലപ്പോഴും ലോക യാത്രകളിലാണു പോളി വർഗീസ്. 2012ൽ മൊസാർട്ട് മ്യൂസിക് ഫെസ്റ്റിവലിൽ ഇന്ത്യയെ പ്രധിനിധികരും പങ്കെടുത്തു.


ഹിന്ദുസ്ഥാനി സംഗീത കലാകാരനും ഗ്രാമി പുരസ്‌കാര ജേതാവുമായ പണ്ഡിറ്റ് വിശ്വമോഹൻ ഭട്ടിന്റെ ശിഷ്യനാണ് പോളി . സിതാർ, സന്തൂർ, സാരംഗി, സരോദ്, ഹവായിയൻ ഗിറ്റാർ എന്നിവയുടെ സമന്വയമാണു 22 തന്ത്രികളുള്ള സംഗീതോപകരണമായ മോഹനവീണ. പണ്ഡിറ്റ് വിശ്വമോഹൻ ഭട്ട് സൃഷ്ടിച്ചതാണ് ഈ വാദ്യോപകരണം. അദ്ദേഹം രണ്ട് മോഹനവീണകൾ മാത്രമാണു നിർമിചതു , അതിലൊന്നു പോളിയുടെ സ്വന്തമാണ്. ഇതിലേക്കു രണ്ടു തന്ത്രികൾ പോളി കൂട്ടിച്ചേർത്തു. അതാണ് ഇന്ന് എല്ലാ വേദികളിലും പോളി വർഗീസ് വായിക്കുന്നത്.



പങ്കെടുത്ത ഏവർക്കും വിനോദ് കെആർകെ സ്വാഗതവും പദ്മകുമാർ നന്ദിയും പറഞ്ഞു . ന്യൂ യോർക്കിലെ പ്രമുഖരായ നിരവധി ആളുകൾ പങ്കെടുത്ത ഈ പരിപാടിയുടെ വിജയത്തിന് വേണ്ടി സുരേഷ് പണിക്കർ, ഹരിലാൽ നായർ എന്നിവരും പ്രവർത്തിച്ചു.



# എന്റെ ആദ്യത്തെ വെടി
# ഒരു സംഭവ കഥ:



തോമസ് കൂവള്ളൂർ

നീതിയും നിയമവുമില്ലാത്ത കേരളത്തിൽ നിന്നും അമേരിക്കയിൽ കുടിയേറിയ ഞാൻ എത്തിപ്പെട്ടത് "സൺ ഓഫ് സാം" (Son of Sam) എന്ന കുപ്രസിദ്ധ കൊലയാളിയുടെ വാസസ്ഥലത്തിനടുത്താണെന്നറിഞ്ഞപ്പോൾ അല്പമൊന്നു ഞെട്ടാതിരുന്നില്ല. എങ്കിലും, വീരപ്പന്റെയും നക്സലുകളുടെയും കൂടെ സാധുക്കളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ചെറുപ്പകാലം കഴിച്ചുകൂട്ടിയ എനിക്ക് അത്ര വലിയ ഭയമൊന്നും തോന്നിയില്ല. പിന്നീടാണറിയുന്നത് മനുഷ്യരെ പച്ചയ്ക്കു വെട്ടിനുറുക്കി പ്ലാസ്റ്റിക്ക് ബാഗുകളിലാക്കി കാട്ടിലെറിയുന്ന MS-13 എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന എൽസാൽവദോറിൽ നിന്നുള്ള "മാരാ സാൽവട്രൂച്ചാ" എന്ന കുപ്രസിദ്ധ ഗ്യാങ്ങുകളുടെയും കേന്ദ്രത്തിലാണ് ഞാൻ വന്നുപെട്ടതെന്ന്.

ഇത്രയും എഴുതിയപ്പോൾ ഞാൻ താമസിക്കുന്നത് എവിടെയാണെന്നറിയേണ്ടേ? അമേരിക്കയുടെ ചരിത്രത്തിൽ ആദ്യമായി അമേരിക്കയിൽ ജനിക്കാതെ ലോകത്തിന്റെ ആസ്ഥാനമായ, അതായത് വേൾഡ് ട്രേഡ് സെന്റർ, യുണൈറ്റഡ് നേഷൻസിന്റെ ആസ്ഥാനം, എന്നു വേണ്ട ലോകസമ്പത്തിന്റെ കേന്ദ്രമായ ന്യൂയോർക്ക് സിറ്റി മേയറായിത്തീർന്ന സൊഹറാൻ മാംദാനി എന്ന മുപ്പത്തിനാലുകാരൻ നിമിഷനേരം കൊണ്ട് അധികാരം പിടിച്ചെടുത്ത ന്യൂയോർക്ക് സിറ്റിക്കടുത്ത യോങ്കേഴ്സ് സിറ്റിയിലാണ്. ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചിരുന്ന സൺ ഓഫ് സാമും, MS-13 എന്ന ഗ്യാങ്ങുകളുമെല്ലാം അവരുടെ കൊലപാതകം നടത്തുന്നത് ന്യൂയോർക്ക് സിറ്റിയിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലുമാണെങ്കിലും, അവരുടെ ക്രൂരകൃത്യം നടത്തിയശേഷം "ഞാനൊന്നുമറിഞ്ഞില്ല രാമനാരായണാ" എന്ന മട്ടിൽ ശാന്തമായി കിടന്നുറങ്ങുന്നത് യോങ്കേഴ്സിലാണ് എന്നുള്ളത് ചരിത്രം. കൂടുതൽ അറിയണമെന്നുള്ളവർക്ക് ഗൂഗിൾ ചെയ്തു നോക്കിയാൽ അവരെപ്പറ്റി പഠിക്കാൻ കഴിയും. അതുകൊണ്ട് അവരെപ്പറ്റി കൂടുതലായൊന്നും എഴുതുന്നില്ല.

ഇനി ഞാൻ താമസിക്കുന്ന ചുറ്റുപാടുകളെപ്പറ്റി അല്പമൊന്ന് വായനക്കാരുടെ അറിവിലേയ്ക്ക് എഴുതിയില്ലെങ്കിൽ ശരിയല്ലെന്ന് എനിക്കു തോന്നുന്നു. യോങ്കേഴ്സ് സിറ്റിയുടെ പ്രാന്തപ്രദേശത്ത് ഒരു ചെറിയ കാടുണ്ട്. പകലും രാത്രിയും മാനുകളും, ചിലപ്പോൾ ചെന്നായ്ക്കളും വിഹരിക്കുന്ന ഒരു പ്രദേശം. രാത്രികാലങ്ങളിൽ മാനുകൾ വീടിന്റെ മുമ്പിൽ വരാറുണ്ട്. ന്യൂയോർക്കിൽ നാലു കാലങ്ങൾ ഉള്ളതിനാൽ മഞ്ഞുകാലത്ത് മരങ്ങളെല്ലാം ഇല പൊഴിച്ച് പൂർണ്ണ നഗനരായി നിൽക്കും. ശരിക്കു പറഞ്ഞാൽ മഞ്ഞുകാലം പ്രസന്നകാലം തന്നെ എന്ന് അനുഭവിച്ചിട്ടുള്ളവർക്കറിയാം. വളരെ ശാന്തമായ കാലം. പിന്നീട് ഏപ്രിൽ മാസത്തോടുകൂടി മരങ്ങളെല്ലാം തളിർക്കും, പൂക്കും. സാക്ഷാൽ വസന്തകാലത്തിന്റെ മനോഹാരിത കാണണ

മെങ്കിൽ ഞാൻ താമസിക്കുന്നിടം അതിനുപറ്റിയ സ്ഥലമാണ്. ജൂൺ മാസം ആരംഭിക്കുന്നതോടു കൂടി ഒരു വൻകാടിന്റെ പ്രതീതിയായി. മഞ്ഞുകാലത്തു നഗ്നരായിരുന്ന വൃക്ഷങ്ങളെല്ലാം ഇലകൾ കൊണ്ടു തങ്ങളെ പൂർണ്ണമായും പൊതിഞ്ഞ്, പച്ചപ്പട്ടണിഞ്ഞു നിൽക്കുന്ന കാഴ്ച എത്ര മനോഹരം. പിന്നെ സെപ്റ്റംബർ മുതൽ നവംബർ മാസം വരെ ഇലകളുടെ നിറം പലവിധ വർണ്ണങ്ങളിലായി ഒടുവിൽ ഇലകൊഴിയും കാലം. ഞാൻ ഒരു നല്ല എഴുത്തുകാരൻ ആയിരുന്നെങ്കിൽ നന്നായി വർണ്ണിക്കാൻ കഴിഞ്ഞേനെ. നിർഭാഗ്യവശാൽ കവിഭാവന എനിക്കില്ലാതെ പോയി!. ചുരുക്കത്തിൽ പ്രകൃതിരമണീയവും ശാന്തവുമായ ഒരു ചുറ്റുപാടിലാണ് ഞാൻ കുടുംബസമേതം ജീവിക്കുന്നത്.

എന്റെ അയൽപക്കകാർ മുഴുവനും തന്നെ രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത പട്ടാളക്കാരാണ്. ഒരു പക്ഷേ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സൈനിക സേവനം നടത്തിയവർക്ക് നിർമ്മിച്ചുകൊടുത്ത വീടുകളാണ് ഞാൻ താമസിക്കുന്ന ചുറ്റുപാടുമുള്ള വീടുകൾ. ഞാൻ കുടുംബസമേതം വർഷങ്ങൾക്കുമുമ്പ്, ഇവിടെ വന്നു വീടു വാങ്ങുമ്പോൾ ഒരൊറ്റ മലയാളിയെയും പരിചയപ്പെടാൻ കഴിഞ്ഞില്ല. എന്റെ വീടിന്റെ നിരയിലുള്ളവരെല്ലാം പോളണ്ട്കാരും, ഇറ്റലിക്കാരും, സ്പാനിഷ്കാരും അതുപോലെ തനി അമേരിക്കൻ വെള്ളക്കാർ മാത്രം താമസിക്കുന്ന ഒരു പ്രദേശം. ആദ്യമായി പരിചയപ്പെട്ടത് ഇറ്റലിയിൽ നിന്നും കുടിയേറിയ ഒരു സാക്ഷാൽ അമേരിക്കനെയാണ്. അതും രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തശേഷം തിരിച്ചുവന്ന് പോലീസ് ഓഫീസറായി ജോലി നോക്കി റിട്ടയർ ചെയ്ത ഒരു 80 വയസുകാരൻ. ആദ്യമായി അദ്ദേഹം എന്നെ വിളിച്ചത് ശാസനാ രൂപത്തിലാണ്. കാരണം ഞാൻ വീടു വാങ്ങിയശേഷം മുറ്റത്തെ പുല്ല് വെട്ടിയില്ല. അതു കണ്ടമാനം വളർന്നു വലുതായിരുന്നു. ഒരു പ്ലാസ്റ്റിക് ക്യാൻ തന്നിട്ട് പെട്രോൾ വാങ്ങിക്കൊണ്ടുവരാൻ പറഞ്ഞു. ഞാൻ അന്ധാളിച്ചുപോയി. പിന്നീടയാൾ അയാളുടെ ഗരാജിലേയ്ക്കു കൊണ്ടുപോയി പുല്ലുവെട്ടുന്ന മെഷീൻ എടുക്കാൻ പറഞ്ഞപ്പോഴാണ് കാര്യം മനസ്സിലായത്.

അങ്ങിനെ ഞാൻ ഗ്യാസ് സ്റ്റേഷനിൽ പോയി 5 ഗ്യാലൻ കൊള്ളുന്ന കാൻ നിറയെ ഗ്യാസുമായി വന്നു. ആ നല്ലവനായ മനുഷ്യൻ തന്നെ പെട്രോൾ ഒഴിച്ചു. കൂടിയാൽ അര ഗ്യാലൻ പോലും വേണ്ടി വന്നില്ല. പക്ഷേ എങ്ങനെ പുല്ലുവെട്ടും എന്ന് അറിയാതെ ഞാൻ പകച്ചുനിന്നപ്പോൾ അദ്ദേഹം തന്നെ മെഷീൻ സ്റ്റാർട്ടു ചെയ്ത് എങ്ങിനെയാണ് വെട്ടേണ്ടത് എന്നു കാണിച്ചു തന്നു. എിക്കത് ഒരു രസമായി തോന്നി. പുല്ലുവെട്ടി മിച്ചമുണ്ടായിരുന്ന ഗ്യാസ് അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് കൊണ്ടു ചെന്നപ്പോൾ അദ്ദേഹം സ്വീകരിച്ചില്ല. അത്രമാന്യനായ ഒരു മനുഷ്യൻ. പേര് ദാനിയേൽ. ഡാൻ എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്നു. ഭാര്യയും മാന്യയായ ഒരു സ്ത്രീ. അവരുടെ പേര് ആൻ.

അങ്ങിനെ ഇരുന്നപ്പോൾ ഡാൻ എന്നെ വീട്ടിലേയ്ക്ക് ക്ഷണിച്ചു. സ്വീകരണമുറിയിൽ നിരവധി തരത്തിലുള്ള തോക്കുകളുടെ ഒരു ശേഖരം. ഷോട്ട് ഗൺ മുതൽ പല വലുപ്പത്തിലുള്ള റിവോൾവറുകളും. അതിൽ കോൾട്ട് പൈത്തോൺ 357 മാഗ്നം 4.25 സാറ്റിൻ സ്റ്റെയിൻലസ് സ്റ്റീൽ റിവോൾവറിൽ എന്റെ കണ്ണുടക്കി. വെറുതെ ഞാൻ ചോദിച്ചു ഈ തോക്ക് കൊടുക്കുമോ എന്ന്. വില കിട്ടിയാൽ കൊടുക്കും എന്ന് ഡാൻ മറുപടി പറഞ്ഞു. എന്തു വില വരുമെന്നു ഞാൻ ചോദിച്ചു. 500 ഡോളർ കിട്ടിയാൽ ഇപ്പോൾ കൊടുക്കും എന്ന് ഡാൻ പറഞ്ഞു. അങ്ങിനെ 500 ഡോളർ കൊടുത്ത് ആ റിവോൾവർ ഞാൻ കൈക്കലാക്കി.



പിന്നെ വർഷങ്ങൾ കഴിഞ്ഞു പോയി. ഡാൻ ഏറെക്കുറെ 10 വർഷങ്ങൾക്കുശേഷം മരിച്ചു. മരിച്ചു കഴിഞ്ഞ് ആദ്യമായി മൃതശരീരം കാണാൻ പോയത് ഞാനാണ്. മരിക്കുമ്പോൾ ഡാനിന് 90 വയസു കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ആൻ 101 വയസുവരെ ജീവിച്ചു. മരണം വരെ ഞങ്ങൾ ഒരു കുടുംബത്തെപ്പോലെ കഴിഞ്ഞു. എല്ലാ മഞ്ഞുകാലത്തും അവർ മരിക്കുന്നിടം വരെ അവരുടെ വാതിൽക്കൽ വരെയുള്ള സ്നോ മാറ്റിക്കൊണ്ടിരുന്നത് ഞാനാണ്. എല്ലാവർഷവും

ഒന്നും രണ്ടും തവണ അവർ സമ്മാനങ്ങൾ എനിക്ക് മെയിൽ വഴി അയച്ചിരുന്നു.

അങ്ങിനെ കാലം കഴിഞ്ഞു പോയി. ഇതിനിടെ അമേരിക്കയിൽ പല ഭരണമാറ്റങ്ങളും കാണാനെനിക്കുകഴിഞ്ഞു. ജോർജ് ബുഷ് സീനിയർ (Sr) ഇറാക്കിൽ യുദ്ധത്തിനു പോയി, പിന്മാറി. പിന്നെ ബിൽ ക്ലിന്റൺ രണ്ടു തവണ പ്രസിഡണ്ടായി. ക്ലിന്റന്റെ കാലത്താണ് സൗദി അറേബ്യയിൽ നിന്നും ചെറുപ്പക്കാരായ ഭീകരൻമാർ വിമാനപരിശീലനത്തിന് അമേരിക്കയിലെത്തി ട്രെയിനിങ്ങ് പൂർത്തീകരിച്ചത്. ക്ലിന്റൺ കഴിഞ്ഞു ജോർജ് ബുഷ് ജൂണിയർ അധികാരത്തിലെത്തി അധികം താമസിയാതെ അമേരിക്ക മൊത്തം പിടിച്ചെടുക്കാമെന്ന വ്യാമോഹത്തിൽ വേൾഡ് ട്രേഡ് സെന്റർ തകർത്തശേഷം പെന്റഗൺ വരെ ടെററിസ്റ്റുകൾ പടയോട്ടം നടത്തി. അതിനുപകരമായി ബലിയാടായത് സദ്ദാം ഹുസൈനും അയാളുടെ അനുയായികളുമായിരുന്നു.

പിന്നീടു വന്ന ഒബാമയുടെ രണ്ടു ടേമിനിടയ്ക്ക് ഭീകരപ്രവർത്തകരുടെ കേന്ദ്രമായ ഇറാനുമായി കരാറുണ്ടായി. രണ്ടു ബില്യൺ ഡോളറോളം ക്യാഷ് ആയി ഇറാനു കൊടുത്തുവത്രേ. ഇന്നത്തെ പല ഭീകര പ്രവർത്തനങ്ങൾക്കും കാരണം അക്കാലത്തെ നിലപാടാണെന്ന് സ്വതന്ത്രമായി ചിന്തിക്കുന്നവർക്കറിയാം.

ഒബാമയുടെ ഭരണത്തോടു കൂടി അമേരിക്കൻ ഖജനാവു കാലിയായി. ഈ ഘട്ടത്തിലെത്തി നിൽക്കുമ്പോഴാണ് ഡൊണാൾഡ് ട്രമ്പ് പ്രസിഡന്റായി അധികാരമേൽക്കുന്നത്. പക്ഷേ ട്രമ്പിന്റെ ഭരണത്തലപ്പത്തിരുന്നവരധികവും ഒബാമയുമായി കൂറുള്ളവരായിരുന്നു.

ട്രമ്പിന്റെ ആദ്യ നാലു വർഷം അമേരിക്കയുടെ സുവർണ്ണകാലഘട്ടം ആയിരുന്നെങ്കിൽക്കൂടി അദ്ദേഹത്തെയും അദ്ദേഹത്തിനു കൂട്ടു നിന്നവരെയും നിയമയുദ്ധങ്ങളിലൂടെ ക്ഷയിപ്പിക്കാൻ എതിരാളികൾക്ക് കഴിഞ്ഞു. അങ്ങിനെ ഒരു അട്ടിമറിയിലൂടെ ഒബാമയുടെ വലംകൈ ആയി പ്രവർത്തിച്ചിരുന്ന കമലാ ഹാരിസിനെ ഉപയോഗിച്ച് ബൈഡനെ ഗുഢതന്ത്രം പ്രയോഗിച്ച് പ്രസിഡണ്ടാക്കി.



റഷ്യാ-യുക്രൈയിൻ യുദ്ധം തുടങ്ങിവച്ചത് എന്നാണെന്നോർക്കണം. എത്ര വർഷമായി അതു തുടങ്ങിയിട്ട് ഇന്നും തുടർന്നു പോകുന്നു. അമേരിക്കയിലെ ഡമോക്രാറ്റുകൾക്ക് അതിൽ പരാതിയില്ല. അമേരിക്കയിലെ ഡമോക്രാറ്റുകളധികവും സെക്യൂലറിസത്തിൽ വിശ്വസിക്കുന്നവരാണല്ലോ. സെക്യൂലറിസം സോഷ്യലിസത്തിന്റെയും കമ്യൂണിസത്തിന്റെയും പുതിയ പതിപ്പാണ് എന്ന് ഇൻഡ്യൻ- എക്കണോമിക്സ് പഠിച്ച എനിക്ക് വ്യക്തമായിട്ടറിയാം. അക്കാര്യം ഇവിടെ വിശദീകരിക്കുന്നില്ല. ഒരു കമ്യൂണിസ്റ്റ് ആയിരുന്ന ഞാൻ ക്രിസ്ത്യാനിയായി മാർഗ്ഗം കൂടിയ ആളെപ്പോലെയാണ് ക്യാപ്പിറ്റലിസം എന്താണെന്ന് സാവകാശം മനസ്സിലാക്കിയത്.

ബൈഡൻ പ്രസിഡന്റായി ആദ്യം ചെയ്തത് ട്രമ്പ് കെട്ടിയ മതിൽ തകർത്ത് ഭീകരപ്രവർത്തകരെയും സോഷ്യലിസ്റ്റുകളെയും കൊണ്ടു അമേരിക്കൻ സിറ്റികൾ നിറയ്ക്കുക എന്നുള്ളതാണ്. അങ്ങിനെ ഞാൻ താമസിക്കുന്ന യോങ്കേഴ്സ് സിറ്റിയിൽ കാലിയായിക്കിടന്നിരുന്ന ഹോട്ടലുകളും, കെട്ടിടങ്ങളുമെല്ലാം നിയമരഹിതമായി മതിൽ പൊളിച്ച്, കമ്പിവല ഭേദിച്ചു കടന്നു വന്നവരെക്കൊണ്ടു നിറച്ചു. 2023, 2024 ബൈഡൻ-കമലാ ഹാരിസിന്റെ സുവർണ്ണകാലത്ത് യോങ്കേഴ്സിലെ തെരുവുകളിൽ എവിടെയും നിയമരഹിതരായി വന്നവർ മാത്രം – വീടുകളിൽ എല്ലായിടത്തും മോഷണവും തുടങ്ങി. നാടുവിട്ടാലോ– എന്ന് ഞാൻ ചിന്തിക്കാതിരുന്നില്ല.

എന്തായാലും പ്രസിഡന്റ് ട്രമ്പ് വീണ്ടും അധികാരത്തിൽ വന്നു. കഴിഞ്ഞ തവണത്തെ അനുഭവത്തിൽ നിന്നും പാഠം പഠിച്ച ട്രമ്പ് ഇത്തവണ തന്റെ അഡ്മിനിസ്ട്രേഷനിൽ രാജ്യസ്നേഹമുള്ള അമേരിക്കക്കാരെയാണ് നിയോഗിച്ചത്.

ട്രമ്പ് പ്രസിഡന്റായി ആദ്യം ചെയ്തത് രാജ്യത്തെ ശത്രുക്കളിൽ നിന്നും രക്ഷിക്കേണ്ടതിന് അമേരിക്കൻ കോൺസ്റ്റിറ്റിയൂഷനിലെ രണ്ടാം അമന്റ്മെന്റ് പുനസ്ഥാപിക്കുക എന്നതാണ്. രാജ്യത്തെ സംരക്ഷിക്കാൻ എല്ലാ അമേരിക്കക്കാരെയും വീണ്ടും വീണ്ടും ഉൽബോധിപ്പിച്ചു. ആദ്യമാദ്യം ആർക്കും ഇതു മനസ്സിലായില്ല. സെക്കന്റ് അമന്റ്മെന്റിൽ പറഞ്ഞിരിക്കുന്നത് -Protect the right to keep and bear arms'. അതായത് രാജ്യത്തെ സംരക്ഷിക്കാൻ തോക്ക് എടുക്കുക, അതെന്നെ പുളകം കൊള്ളിച്ചു. കാരണം MS-13 ഭീകരവാദികളെക്കൊണ്ടും മുസ്ലീം ഭീകരന്മാരെക്കൊണ്ടും ഭയന്ന് വീടിനു വെളിയിൽ ഇറങ്ങാൻ ഭയമായിരുന്ന എനിക്ക് ഒരു പുതിയ ഉണർവ്വും ഉന്മേഷവുമുണ്ടായി. കാരണം നല്ലൊരു റിവോൾവർ-അതും നിർത്താതെ 9 ഓളം വെടിവയ്ക്കാൻ കഴിവുള്ള തോക്ക്. എനിക്കു കൂടുതൽ ധൈര്യമുണ്ടായി. അതും

അമേരിക്കൻ പ്രസിഡന്റ് ആഹ്വാനം ചെയ്തപ്പോൾ. ഇതിനിടെ ട്രമ്പ് ഒരു പ്രഖ്യാപനം കൂടി, പ്രായമായ അമേരിക്കൻ സിറ്റിസൺസിന് തോക്ക് ഒരിടത്തു നിന്ന് മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകാനുള്ള പെർമിറ്റ് യാതൊരു ചിലവുമില്ലാതെ ഒരു അപേക്ഷാഫോറം പൂരിപ്പിച്ചു കൊടുക്കേണ്ട ആവശ്യം മാത്രം.

ട്രമ്പ് രണ്ടാം തവണ പ്രസിഡന്റായതോടെ കോവിഡ്-19 എന്ന മഹാമാരി എവിടെയോ അപ്രത്യക്ഷമായി. കോവിഡ് വന്നതിൽ ഏറ്റവും കൂടുതൽ പണമുണ്ടാക്കിയത് മരുന്നു ലോബികളും ചൈനക്കാരുമാണ്. കോടാനുകോടി ഡോളറിന്റെ മാസ്ക് വിറ്റ് എത്ര ചൈനക്കാർ സമ്പന്നരായി. അതുപോലെ കുറെ ഏഷ്യക്കാരും.

ഇനിയാണ് എന്റെ ആദ്യത്തെ വെടി. ട്രമ്പ് അധികാരത്തിലെത്തിയശേഷം അഞ്ചാറുമാസം കഴിഞ്ഞു ഒരു നല്ല കൊടുങ്കാറ്റും പേമാരിയുമുള്ള ദിവസം. രാത്രിയുടെ ഏകാന്തതയിൽ വീടിനു പുറത്ത് ഒരു വണ്ടി വന്നുനിന്നതുപോലെ ഒരു ശബ്ദം കേട്ടു ഞാൻ ഉണർന്നു. ഫോണുമായി ബന്ധിച്ചിട്ടുള്ള ക്യാമറാ സ്ക്രീനിലൂടെ നോക്കിയപ്പോൾ ചെറിയൊരു ട്രക്ക് വെളിയിൽ കിടക്കുന്നുതു കണ്ടു. നല്ല മഴയും കാറ്റും കാരണം വെടിപൊട്ടിയാൽ പോലും ആരും കേട്ടെന്നു വരുകയില്ല. വീടിന്റെ മുൻവാതിൽ പൂട്ടിയിട്ടിരിക്കുകയാണ്. അവിടെ ക്യാമറ ഉള്ളതിനാൽ രണ്ടു മൂന്നു പേർ വീടിന്റെ ഇടതുവശത്തുള്ള ഭാഗത്ത് ഭിത്തി തുരക്കുന്നതുപോലെ ഒരു ശബ്ദം കേട്ടു. ലൈറ്റ് ഇടാതെ തന്നെ ഞാൻ നിറതോക്കുമായി പടികളിറങ്ങി ബേസ്മെന്റിലുള്ള സ്റ്റോർ റൂമിനെ ലക്ഷ്യമാക്കി ശബ്ദമുണ്ടാക്കാതെ നടന്നടുത്തു. തോക്കിന്റെ കാഞ്ചിയിൽ കൈപിടിച്ചു കൊണ്ടുതന്നെ.

സ്റ്റോർ റൂമിന്റെ വാതിൽപാളിയിലൂടെ നോക്കിയപ്പോൾ രണ്ടു കാലുകൾ ഒരു ദ്വാരത്തിലൂടെ റൂമിലേയ്ക്ക് ഇറങ്ങിവരുന്നതുകണ്ടു. തുടവരെ ഇറങ്ങിയപ്പോൾ ഞാൻ ധൈര്യമവലംബിച്ച് അവന്റെ തുടയെ ലക്ഷ്യമാക്കി തോക്ക് ഉന്നം വച്ച് കാഞ്ചി വലിച്ചു. ഒന്നല്ല രണ്ട്. സാധാരണ തോക്കുപോലെയാതൊരു ശ്ബദവും കേട്ടില്ല. വെടികൊണ്ടയാൾ ഒരു ശബ്ദം പുറപ്പെടുവിച്ചു. ഞരങ്ങി. പുറത്തു നിന്നവർ അയാളെ അതേ പടി പുറത്തേയ്ക്കു വലിച്ചെടുത്തു കാറിലേക്കു താങ്ങിയെടുത്തു കൊണ്ടുപോയി. നിമിഷനേരംകൊണ്ടു സ്ഥലം വിട്ടു. ആ സംഘത്തിൽ നാലുപേർ ഉണ്ടായിരുന്നു എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. മുറിയിലേയ്ക്ക് ഇറങ്ങിയ ആളെ പുറത്തു നിന്നും പിടിച്ചിരുന്നത് രണ്ടു പേരാണ്. ഒരാൾ കാറിൽ ഡ്രൈവറുടെ സീറ്റിൽ ഉണ്ടായിരുന്നു. അങ്ങിനെ 4 പേർ. വീടു കൊള്ളയടിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഞാൻ വെടിവച്ച് അവരെ അവരുടെ ശ്രമത്തിൽ നിന്നും പിന്തിരിപ്പിച്ചില്ലായിരുന്നു എങ്കിൽ ഉണ്ടാകുമായിരുന്ന സംഭവത്തെ വായനക്കാർക്ക് ഊഹിക്കാമല്ലോ. സ്ത്രീകളുണ്ടായിരുന്നെങ്കിൽ അവരെ പിടിച്ചു കെട്ടി റേപ്പ് ചെയ്തശേഷം ചിലപ്പോൾ വെറുതെവിട്ടേക്കും. എതിർത്താൽ കത്തികൊണ്ടു കഷ്ണിച്ച് പ്ലാസ്റ്റിക് ബാഗുകളിലാക്കി വീടിന്റെ മുമ്പിലുള്ള കാട്ടിലേയ്ക്കു തന്നെ ഇട്ടിട്ടുപോകും. ഇക്കൂട്ടരെ പിടിക്കാൻ ഇതെവരെ ന്യൂയോർക്കിൽ ഒരു സംവിധാനവുമില്ല.

ഈ വിവരം ഞാനല്ലാതെ ഉടയതമ്പുരാനുണ്ടെങ്കിൽ അദ്ദേഹവുമല്ലാതെ ആരും അറിഞ്ഞിട്ടില്ല. വെടികൊണ്ടയാളും അയാളുടെ കൂടെ ഉണ്ടായിരുന്നവരും ഒഴികെ. എന്നെ സംബന്ധിച്ചിടത്തോളം ഒരു വീടു ടമസ്ഥനായ എനിക്ക് എന്റെ സ്വത്തും ജീവനും രക്ഷിക്കാനുള്ള സ്വാതന്ത്ര്യം അമേരിക്കൻ കോൺസ്റ്റിറ്റിയൂഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സെക്കന്റ് അമന്റ്മെന്റ് സംശയമുള്ളവർക്കു നോക്കാവുന്നതാണ്. ഞാൻ എനിക്ക് അമേരിക്കൻ ഗവൺമെന്റ് വാഗ്ദാനം നൽകിയിട്ടുള്ള അധികാരമുപയോഗിച്ചാണ് വീട് ആക്രമിക്കാൻ വന്ന ആക്രമിയുടെ നേരേ നിറയൊഴിച്ചത്. പോലീസിനെ വിളിച്ചാൽ രാത്രിയായതിനാൽ പോലീസ്, പ്രത്യേകിച്ച് യോങ്കേഴ്സിൽ വരുകയില്ല. എന്നെ സംബന്ധിച്ചേടത്തോളം ഞാൻ വെടിവെച്ചശേഷം പോലീസിനെ വിളിച്ച് സംഭവം വിശദീകരിച്ചാൽ അത് ഒരു പക്ഷേ പുലിവാലുപിടിച്ചതുപോലെയാവും. വെടികൊണ്ടയാൾക്ക് ഒരിക്കലും പോലീസിനെ വിളിക്കാൻ പറ്റുകയില്ല. കാരണം അവൻ അസമയത്ത് മറ്റൊരാളുടെ ഭിത്തി തുരന്ന് അകത്തുകയറാൻ ശ്രമിച്ചതിന് അയാൾ കുറ്റക്കാരനാകും. അപ്പോൾ വെടിവച്ചയാൾക്കും വെടികൊണ്ടയാൾക്കും പരാതി ഇല്ലാത്തതിനാൽ അവിടെ നിയമം ബാധകമേ അല്ല. നമ്മുടെ വക സ്ഥലത്ത് അതിക്രമിച്ചു കയറുന്നവരെ ആയുധമുപയോഗിച്ച് ചെറുത്തു നിൽക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടനയിൽ ഉറപ്പു തന്നിട്ടുണ്ട്. ഇതു വായിക്കുന്നവർക്ക് ഞാൻ കുറ്റക്കാരനാണെന്നു തോന്നുന്നുണ്ടോ? ഇത്തരത്തിൽ ഒരു നിയമം കേരളത്തിൽ ഉണ്ടായിരുന്നുവെങ്കിൽ ഇന്നു കേരളത്തിൽ നടക്കുന്ന പല അക്രമങ്ങൾക്കും അനീതികൾക്കും അറുതി വന്നേനേ എന്നു കരുതുന്നയാളാണ് ഞാൻ.

ഏതായാലും ഈ സംഭവത്തിനുശേഷം യുദ്ധഭൂമിയിൽ സ്വയം ജീവൻ യാതൊരു മടിയും കൂടാതെ ത്യജിക്കാൻ തയ്യാറുള്ള ഒരു യോദ്ധാവിന്റെ മാനസികാവസ്ഥയാണ് ഇന്നെനിക്കുള്ളത് എന്നു പറഞ്ഞാൽ മതിയല്ലോ. തോക്ക്, പ്രത്യേകിച്ച് അമേരിക്കൻ പൗരന്മാർക്ക്, ആവശ്യമുള്ളപ്പോൾ ഉപയോഗിക്കാൻ വേണ്ടി ഉള്ളതാണ്. അല്ലാതെ 19 പേരെ വെടിവച്ച കോളിൻ ഫർഗൂസനെപ്പോലെയുള്ളവർക്കും, ഭീകരവാദികൾക്കും വേണ്ടി മാത്രമുള്ളതല്ല.

ഏതായാലും വെടികൊണ്ടയാളുടെ രക്തപ്പാടുകൾ തോരാമഴയത്ത് ഭൂമിയിൽ നിന്നുതന്നെ ഓടയിൽ ഒലിച്ചുപോയി. ശക്തമായ കാറ്റിൽ വെടികൊണ്ടയാളുടെ ഞരക്കങ്ങളും കാറ്റിൽ ലയിച്ചുചേർന്നു. ഭിത്തിയിൽ വെടിയുണ്ടയുടെ പാട് ഇപ്പോഴുമുണ്ട്.

എങ്ങിനെയുണ്ട് എന്റെ കഥ വായനക്കാർ വിധിയെഴുതുക.

# ടീം വോയ്സ് ഓഫ് ഫോമായ്ക്ക് ഹൂസ്റ്റണിലെ സതേൺ റീജിയന് കീഴിലുള്ള മൂന്ന് സംഘടനകളുടെ സ്വീകരണം




എ.എസ് ശ്രീകുമാർ

ഹൂസ്റ്റൺ: സാമൂഹിക പ്രതിബദ്ധതയും സേവനോൻമുഖതയും മുദ്രാവാക്യമാക്കി ഫോമായുടെ ജനപക്ഷ പദ്ധതികൾ നടപ്പാക്കാൻ 2026-'28 ഭരണ സമിതിയിലേയ്ക്ക് ആത്മവിശ്വാത്തോടെ മൽസരിക്കുന്ന 'ടീം വോയ്സ് ഓഫ് ഫോമാ' ഹൂസ്റ്റണിൽ സതേൺ റീജിയന്റെ കീഴിലുള്ള മൂന്ന് സംഘടനകളുടെ സ്വീകരണം ഏറ്റുവാങ്ങി.11-ാം തീയതി ശനിയാഴ്ച വൈകിട്ട് 7 മണിക്ക് അപ്നാ ബസാർ റസ്റ്റോറന്റിൽ, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (മാഗ്), മലയാളി അസോസിയേഷൻ ഓഫ് ലീഗ് സിറ്റി, ഫ്രണ്ട്സ് ഓഫ് പെയർലാന്റ് മലയാളി കമ്മ്യൂണിറ്റി എന്നിവയുടെ ആഭിമുഖ്യത്തിലായിരുന്നു മീറ്റിങ്ങ്. ബിജു തോണിക്കടവിൽ നേതൃത്വം നൽകുന്ന ടീം വോയ്സ് ഓഫ് ഫോമാ പാനൽ അംഗങ്ങൾ ഫോമായെ നയിക്കാൻ യോഗ്യതയുള്ളവരാണെന്ന് സംഘടനാ നേതാക്കൾ അഭിപ്രായപ്പെട്ടു.



ദീർഘവീക്ഷണത്തോടെയുള്ളതും കാലാനുസൃതവുമായ വികസന പരിപാടികളോടെയാണ് ടീം വോയ്സ് ഓഫ് ഫോമാ ജനവിധി തേടുന്നതെന്ന് പ്രസിഡന്റ്













സ്ഥാനാർത്ഥിയും 2022-24 ഫോമാ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ച ട്രഷററുമായ ബിജു തോണിക്കടവിൽ പറഞ്ഞു. ഫോമായുടെ പ്രബുദ്ധമായ പാരമ്പര്യം നിലനിർത്തിക്കൊണ്ട് കർമഭൂമിയിലും ജൻമഭൂമിയിലും തികഞ്ഞ ജനപക്ഷ മുഖത്തോടെ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളുണ്ട്. തങ്ങൾ ഭരണത്തിലെത്തിയാൽ അമേരിക്കൻ മലയാളി സമൂഹത്തിലും നാട്ടിലും കൂടുതൽ ഊർജസ്വലമായി സ്വപ്ന പദ്ധതികൾ



യാഥാർത്ഥ്യമാക്കുമെന്നും അതിനായി ഏവരുടെയും പ്രാർത്ഥനാപൂർണമായ പിന്തുണയും പ്രോൽസാഹനവും അഭ്യർത്ഥിക്കുന്നുവെന്ന് ടീം വോയ്സ് ഓഫ് ഫോമാ അംഗങ്ങൾ പറഞ്ഞു.

ശക്തമായ വികസനോൻമുഖ ഭരണം കാഴ്ചവയ്ക്കുന്നതിനായി വോട്ടുകൾ നൽകി ആശീർവദിക്കണമെന്ന് പുതിയ ഭരണസമിതിയുടെ വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ സ്നേഹനിർഭരമായ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് ഹൂസ്റ്റണിലെ പരിണതപ്രജ്ഞരായ മലയാളി സംഘടനാ ഭാരവാഹികളോട് ഹൃദയപൂർവം അഭ്യർത്ഥിച്ചു.








ചടങ്ങിൽ ഫോമാ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായർ, ഷാജി എഡ്വേർഡ് (ഫോമാ മുൻ ജനറൽ സെക്രട്ടറി, മുൻ ട്രഷറർ), ജോയി എൻ സാമുവേൽ (ഫോമാ 2026 കൺവൻഷൻ ജനറൽ കൺവീനർ), രാജൻ യോഹന്നാൻ (നാഷണൽ കമ്മറ്റി മെമ്പർ), തോമസ് ഒലിയാംകുന്നേൽ (കേരള കൺവൻഷൻ മുൻ ചെയർമാൻ), റോയി മാത്യു (മാഗ് പ്രസിഡന്റ്), ബിജോ സെബാസ്റ്റ്യൻ (മലയാളി അസോസിയേഷൻ ഓഫ് ലീഗ് സിറ്റി പ്രസിഡന്റ്), സന്തോഷ് ഐപ്പ് (ഫ്രണ്ട്സ് ഓഫ് പെയർലാന്റ് മലയാളി കമ്മ്യൂണിറ്റി പ്രസിഡന്റ്), ബിനീഷ് ജോസഫ് (മലയാളി അസോസിയേഷൻ ഓഫ് ലീഗ് സിറ്റി പ്രഥമ പ്രസിഡന്റ്), മിഖായേൽ ജോയി (ആർ.വി.പി സ്ഥാനാർഥി), ക്രിസ്റ്റഫർ ജോർജ് (നാഷണൽ കമ്മറ്റി സ്ഥാനാർഥി), സഞ്ജു (നാഷണൽ കമ്മറ്റി സ്ഥാനാർഥി), വിനോദ് ചെറിയാൻ (മാഗ് സെക്രട്ടറി), ഡെന്നിസ് മാത്യു, സൈമൺ വാളാച്ചേരിൽ, ജീമോൻ റാന്നി, ഇന്നസെന്റ് ഉലഹന്നാൻ, തോമസ് വർക്കി, ബാബു മുല്ലശ്ശേരി, ഡോ. ജോർജ് കാക്കനാട്ട്, രാജു പോത്തൻ, ജോസ് കെ ജോൺ, ജിൻസ് മാത്യു, മാത്യു പോൾ, സോജൻ ജോർജ്, പ്രേം ദാസ്, ജോഹൽ കുറുപ്പ്, ആൻസി സാമുവേൽ തുടങ്ങിയവർ ടീം വോയ്സ് ഓഫ് ഫോമായ്ക്ക് എല്ലാവിധ വിജയാശംസകളും നേർന്നു.


















Team Voice of FOMAA
2026-28

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ന്യൂയോർക്ക് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഡച്ചസ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ് വൻ വിജയം



ജിനേഷ് തമ്പി

ന്യൂയോർക്ക് : മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ന്യൂയോർക്ക് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഡച്ചസ് ദേവാലയത്തിൽ ഉജ്ജ്വല തുടക്കം.



2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത് . 'കൃപയുടെ പാത്രങ്ങൾ' എന്നതാണ് ചിന്താ വിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ പോൾ ജോൺ, എലിസബത്ത് പോൾ, ജൂലിയ അലക്സ് എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ദേവാലയ വികാരി ഫാ. ബോബി വർഗീസ് ഇടവക കമ്മിറ്റിയോടൊപ്പം കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു ഇടവകാംഗങ്ങൾക്കു



പരിചയപ്പെടുത്തി. രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത ഫാ. ബോബി വർഗീസ് കോൺഫറൻസിൽ പങ്കെടുക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും, കോൺഫറൻസ് ടീമിന്റെ സമർപ്പണത്തെ പ്രകീർത്തിച്ചു സംസാരിക്കുകയും ചെയ്തു.

പോൾ ജോൺ ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താ വിഷയത്തെയും, കോൺഫറൻസ് തീയതി, സമയം, സ്ഥലം, രജിസ്ട്രേഷൻ നിരക്ക്, പ്രഭാഷകർ, എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കു വെച്ചു.

ഡോ. തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

മുൻ വർഷങ്ങളിൽ കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവങ്ങളെക്കുറിച്ച് സംസാരിച്ച ജൂലിയ അലക്സ് ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവക അംഗങ്ങളേയും പ്രത്യേകിച്ചു ഇടവകയിലെ യുവാക്കളെ പ്രോത്സാഹിപ്പിപ്പിച്ചു.

റാഫിൾ, സ്പോൺസർഷിപ്പ്, 'ജോഷ' യുടെ സൈറ്റ് & സൗണ്ട് തിയേറ്റർ ഷോ, കോൺഫറൻസിൽ സംഘടിപ്പിച്ചിരിക്കുന്ന കായിക, വിനോദ പരിപാടികളെ കുറിച്ചുള്ള വിവരങ്ങളും ജൂലിയ അലക്സ് പങ്കുവെച്ചു.

എലിസബത്ത് പോൾ സുവനീറിനെയും, ലേഖനങ്ങളെയും കുറിച്ച് സംസാരിക്കുകയും, വരാനിരിക്കുന്ന കോൺഫറൻസിൽ എല്ലാവരോടും സജീവമായി പങ്കെടുക്കാനും പിന്തുണയ്ക്കാനും ആവശ്യപ്പെട്ടു.

ഇടവക നൽകിയ ഊഷ്മളമായ സ്വീകരണത്തിനും പിന്തുണക്കും ഇടവക വികാരി ഫാ. ബോബി വർഗീസിനും, കമ്മിറ്റി അംഗങ്ങൾക്കും ഇടവകാംഗങ്ങൾക്കും കോൺഫറൻസ് ടീം ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തി



കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/ സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക.

ഫാ. അലക്സ് കെ ജോയ് (കോൺഫറൻസ് കോർഡിനേറ്റർ): 973-489-6440

ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917-612-8832

ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917-533-3566

കഥ

# ഗൊൽഗോഥ- മാനസാന്തരത്തിന്റെ മലമുകൾ



രാജു ചിറമണ്ണിൽ

അന്നും പതിവുപോലെ തിരക്കുള്ള ദിവസമായിരുന്നു അയാൾക്ക്.

രാവിലെ തന്നെ സൈന്യാധിപനെ കണ്ട് തന്റെ സാന്നിദ്ധ്യം അറിയിച്ചപ്പോൾ അന്ന് അയാൾക്ക് ലഭിച്ചത് 'തലയോടിടം' എന്നർത്ഥം വരുന്ന 'ഗോലഗോഥാ' മലയിലേക്ക് പോകാനുള്ള ഉത്തരവാണ്.

പണ്ട് പല പ്രാവശ്യം അവിടെ പോയിട്ടുണ്ട്. ക്രൂശിൽ തൂക്കിലേറിയവരുടെ മരണം ഉറപ്പുവരുത്തുക എന്നതായിരുന്നു അപ്പോഴൊക്കെ അയാൾക്ക് ചെയ്യാനുണ്ടായിരുന്നത്.

ഇന്ന് എന്താണാവോ അവിടെ??...

അപ്പോഴാണ് തന്റെ സഹപടയാളികൾ. യേശു എന്ന ജൂതനെ ക്രൂശിലേറ്റുവാൻ അന്ന് ഗൊൽഗോഥായിലേക്ക് കൊണ്ടുവരുന്നുണ്ടെന്ന് അറിയിച്ചത്.

വലിയ പ്രത്യേകത ഒന്നും തോന്നിയില്ല.

തന്റെ നീണ്ട ഔദ്യോഗിക ജീവിതത്തിൽ പലപ്രാവശ്യം ഇത്തരം ക്രൂശികരണത്തിന് സാക്ഷ്യം വഹിക്കേണ്ടതായി വന്നിട്ടുണ്ട്.

ഗൊൽഗാഥയിലേക്കുള്ള ഇടിഞ്ഞുതുടങ്ങിയ പടവുകളിൽക്കൂട്ടം കൂടിനിന്ന പുരുഷാരത്തെ വകഞ്ഞുമാറ്റി അയാൾ മലമുകളിലെത്തി.

കുരിശിന്റെ പണി തകൃതിയായി അവിടെ നടക്കുന്നു.

സാധാരണയായി ഒന്നോ, രണ്ടോ കുരിശുള്ളിടത്ത് ഇന്ന് മൂന്നുണ്ട്. ഈ രണ്ടു പടയാളികൾ ഓരോ കുരിശും ആണിയടിച്ച് ഉറപ്പിക്കുന്ന തിരക്കിലാണ്. പച്ചമരത്തിന്റെ ഗന്ധം പരിസരമാകെ പരന്നിരിക്കുന്നു. സൂര്യൻ മലയുടെ ഉച്ചിയിലെത്താറായി. മൂന്നു കുരിശുകൾ തീർക്കേണ്ടതുകൊണ്ട് പടയാളികൾ തിരക്കിലാണ്.

പണിതീർത്ത വലിയ കുരിശും എടുത്ത് ഏതാനും പടയാളികൾ അടിവാരത്തേക്കുപോയിരിക്കുന്നു.

ജനങ്ങളുടെ ആരവം കൂടിക്കൂടി വരുന്നു.

അയാൾ കഴുത്തിൽ ഞാത്തിയിട്ടിരുന്ന ഘടികാരത്തിൽ നോക്കി, ഇനിയും എത്രനേരം തനിക്കിവിടെ കാത്തിരിക്കേണ്ടിവരും..

സാധാരണ ക്രൂശിൽ തറച്ച മനുഷ്യന്റെ അവസാനതുള്ളി രക്തം വാർത്തൊഴുകി മരണം പൂകാൻ ദിവസങ്ങളോളം കാത്തിരിക്കേണ്ടി വന്നിട്ടുണ്ട്. കുരിശിൽ കിടന്ന് ഞരങ്ങിയും, മൂളിയും, ഓരോ ശ്വാസത്തിനു വേണ്ടി മല്ലടിക്കുന്നവരെ കണ്ടിട്ടുണ്ടെങ്കിലും അതിൽ ഒരു പുതുമയും തോന്നിയിട്ടില്ല. ചുട്ടുപഴുത്ത ചൂടിൽ ആകാശത്തു വട്ടമിട്ടു പറന്നിരുന്ന കഴുകന്റെ ഗതിവിഗതികൾ പരിശോധിക്കുന്നതിലായിരുന്നു കൂടുതൽ സമയം ചിലവഴിച്ചിരുന്നത്. കണ്ണുവെട്ടിയാൽ താണു പറക്കുന്ന കഴുകൻ തന്റെ മൂർച്ചയുള്ള ചുണ്ടുകൊണ്ട് പച്ചമാംസം കൊത്തിപ്പറിക്കുന്ന കാഴ്ച പലപ്പോഴും അയാൾക്ക് അസഹ്യമായി തോന്നിയിട്ടുണ്ട്. ജീവന്റെ അവസാന തുടുപ്പ് അവശേഷിക്കുന്ന ശരീരത്തിന്റെ പിടച്ചിൽ തന്റെ ഉറക്കം കെടുത്തുന്നതായിരുന്നു. എന്നാൽ പെട്ടെന്ന് തന്റെ ജോലി, കുരിശിൽ കിടന്നവന്റെ മരണം, ഉറപ്പാക്കി വീട്ടിൽ പോകാമെല്ലോയെന്ന് കരുതി, പലപ്പോഴും പറന്നടുക്കുന്ന കഴുകന്മാരെ ഓടിച്ചു വിടുവാൻ ശ്രമിക്കാറുമില്ല.

അന്നും നേരം ഉച്ചകഴിഞ്ഞിരുന്നു. ആകാശം തെളിഞ്ഞ് വെളുത്ത മേഘങ്ങൾ പാറിപ്പറക്കുന്നു. ആഞ്ഞടിക്കുന്ന ചുടുകാറ്റിന് ഒരു പതിവില്ലാത്ത ഗന്ധം.

താഴെ, മലയുടെ അടിവാരത്തിൽ, പുരുഷാരത്തിന്റെ ആരവത്തിന് കുറവു വന്നിരിക്കുന്നു. അങ്ങിങ്ങുകേൾക്കുന്ന ശകാരങ്ങളും-മനസ്സിന്റെ വിതുമ്പലും കൊണ്ട് അന്തരീക്ഷം ശബ്ദമുഖരിതമായിരിക്കുന്നു. പടയാളിക


ളുടെ ശാസനയും, ചമ്മട്ടിയുടെ ശീൽക്കാര ശബ്ദവും അയാൾക്ക് അന്യമായിരുന്നതിനാൽ, ഇരുന്ന സ്ഥലത്തും നിന്നും അയാൾ എഴുന്നേറ്റ് താഴേക്കു നോക്കി. അർദ്ധ നഗ്നനായ ഒരു യുവാവ്, തന്റെ പയാളികൾ അല്പനേരം മുമ്പ് ഉണ്ടാക്കിയ, കുരിശും ചുമലിലേറ്റി മലയുടെ പടവുകൾ കയറുന്നു. ചമ്മട്ടിയുടെ അടിയാൽ വീണ്ടുകീറിയ ശരീരത്തിൽ നിന്നും രക്തം ഒഴുകിയിറങ്ങുന്നു. അയാൾക്ക് ഒന്നും മനസ്സിലായില്ല. ചവിട്ടിയ പടികൾ ഇളകിയാടിയപ്പോൾ ആ യുവാവ് കുരിശിനോടൊപ്പം നിലത്തു വീണു. ചമ്മട്ടിയുടെ അടിയിൽ എഴുന്നേൽക്കാൻ ശ്രമിച്ചെങ്കിലും പതറിപ്പോകുന്ന കാലുകൾ. അവിടെ ഓടി എത്തി ആ കുരിശിന്റെ ഭാരം തന്റെ ചുമലിൽ വഹിച്ചാലോയെന്ന് ചിന്തിച്ച നിമിഷത്തിൽ താൻ അണിയുന്ന വസ്ത്രത്തിലെ ചിഹ്നങ്ങളും, റോമാ പട്ടാളത്തിലുള്ള തന്റെ പദവിയും അയാളെ പിന്നോട്ടുവലിച്ചു.

മണി മൂന്നായി, സൂര്യന്റെ ചൂട് അന്തരീക്ഷത്തെ ചുട്ടുപഴിപ്പിക്കുന്നതായി അയാൾക്കു തോന്നി.

കുരിശ് ഒരുങ്ങിക്കഴിഞ്ഞു. ആകാശത്തിൽ വട്ടമിട്ടു പറക്കുന്ന കഴുകന്മാർ താണു പറക്കുന്നു. രക്തത്തിന്റെ മണം അവരെ മത്തുപിടിപ്പിച്ചുണ്ടാവാം.

രണ്ടു കള്ളന്മാരേയും, നടുവിൽ യഹൂദന്മാരുടെ രാജാവിനേയും അവർ കുരിശിനോടു ചേർത്തു തറച്ചു. നീണ്ടു ഇരുമ്പാണികൾ കൈകളിലും, ചേർത്തു കെട്ടിയ കാൽപാദത്തിലും ആഞ്ഞടിച്ചപ്പോൾ അവർ വേദനകൊണ്ടു പുളഞ്ഞു. പാറയുടെ വിള്ളലുകൾ തുരന്നുണ്ടാക്കിയ കുഴികളിൽ പച്ചമരക്കുരിശു ശക്തിയോട് ഇടിച്ച് ഇറക്കിയപ്പോൾ വേദനയുടെ അലർച്ചകേട്ടു മലമുകളിൽ തക്കം പാർത്തിരുന്ന കഴുകന്മാർ അന്തരീക്ഷത്തിൽ പറന്നു പൊങ്ങി.

നെറ്റിയിൽ നിന്നും ഊർന്നിറങ്ങിയ വിയർപ്പു തുടച്ചുകൊണ്ട് വരണ്ട തൊണ്ടയുടെ ദാഹം തീർക്കാൻ തുരുത്തിയിൽ നിന്നും ഒരു കവിൾ വെള്ളം കുടിച്ചു.




കുരിശിൽ കിടന്നവർ ഒരു തുള്ളി വെള്ളത്തിനു വേണ്ടി അയാളോട് കേണുയാചിച്ചു. മൺപാത്രങ്ങളിൽ കലക്കി വച്ചിരുന്ന കയ്പുവെള്ളം നീണ്ട കമ്പിൽ കെട്ടിയ തുണിയിൽ നനച്ച് അവരുടെ വരണ്ട ചുണ്ടുകളിൽ ഇറ്റിറ്റു വീഴ്ത്തിയപ്പോൾ ആണിയടിച്ച ശരീരങ്ങൾ ആ കയ്പു കാടിക്കു വേണ്ടി മുമ്പോട്ടായുന്ന കാഴ്ച അയാൾക്ക് സഹിക്കാവുന്നതിലും അധികമായിരുന്നു.

ആണിയടിച്ച് ഉറപ്പിച്ച അവരുടെ കാലുകളിൽ ഭാരം ഊന്നി ശ്വാസം വലിക്കുന്ന അവരുടെ ശ്വാസം നിലക്കാൻ മുട്ടുകൾ തല്ലി ഒടിക്കുകയാണ് ഏക പരിഹാരം എന്ന് അയാളെ പഠിപ്പിച്ച അനുഭവം അയാൾ പ്രാവൃത്തികമാക്കി.

പെട്ടെന്ന് ആകാശം ഇരുണ്ടു. കാർമേഘങ്ങൾ പർവ്വതക്കെട്ടു പോലെ ഇരുണ്ടുകൂടി സൂര്യനെ മറച്ചു. ഗോല്ഗോദായിൽ അന്ധകാരം പരന്നു. പാറകൾ പൊട്ടിപ്പിളരുന്ന ഹുങ്കാരശബ്ദം മലമുകളിൽ നിന്നും ഉയർന്നു പൊങ്ങി. താഴ് വാരങ്ങളിലെ ശ്മശാനങ്ങളിലെ കല്ലറകൾ പിളർന്നു.

അയാളുടെ കണ്ണിൽ അന്ധകാരം പടർന്നു. നടുവിലത്തെ വലിയ മരക്കുരിശിൽ നിന്നും ഉതിർന്ന അവസാന മൊഴിയിൽ തന്നെ കുരിശിലേറ്റിയ ജനതക്കുവേണ്ടിയുള്ള യാചനകൾ അയാളുടെ കണ്ണുകളെ തുറപ്പിച്ചു. തല ഒരുവശം ചായ്ച്ചു. ജീവനെ പിതാവിന്റെകരങ്ങളിൽസമർപ്പിച്ച ഈ മനുഷ്യൻ സാക്ഷാൽ ദൈവപുത്രനായിരുന്നു എന്ന് അയാൾക്ക് തോന്നി.

താനിന്നു വരെ ഒരിക്കലും കണ്ടുമുട്ടിയിട്ടില്ലാത്ത, സ്വന്തം വിലാപ്പുറത്തു നിന്നും ഒഴുകിയ രക്തത്താൽ തന്നെ ഒറ്റിക്കൊടുത്തവരോടും, തള്ളിപ്പറഞ്ഞവരോടും, തലയിൽ മുൾക്കിരീടം അടിച്ചവരോടും ക്ഷമിക്കുവാൻ പ്രാർത്ഥിച്ച ഈ ചെറുപ്പക്കാരനെ പണ്ടേ തനിക്കു കണ്ടുമുട്ടാനായില്ലല്ലോയെന്ന കുറ്റബോധവും പേറി ഗാഗുൽത്താമലയിറങ്ങുമ്പോൾ, അയാളുടെ കണ്ണുകളിൽ പടർന്നിരുന്ന അന്ധകാരം നീങ്ങി സത്യത്തിന്റേയും, സ്നേഹത്തിന്റേയും പുതിയ വെളിച്ചം അയാളുടെ കണ്ണുകളെ പ്രകാശമാനമാക്കുകയായിരുന്നു.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# വായന : മൂന്നാമൂഴം.
## (എം .പി.ഷീല)
## (2022ലെ ഫൊക്കാന ലളിതാംബിക അന്തർജ്ജനം നോവൽ അവാർഡിന് അർഹമായ കൃതി.)

**രാജീവ് പഴുവിൽ**

യാഗം പൂർത്തിയായി.

മേഘങ്ങളോളം ഉയർന്നുപൊങ്ങിയ അഗ്നിജ്വാലകൾ മിഴി പൂട്ടി.

യജ്ഞകുണ്ഡത്തിൽ നിന്ന് കിരീടവും ചട്ടയും ധരിച്ച് ധൃഷ്ടദ്യുമ്നൻ എന്ന യുവാവ് ഇറങ്ങിവന്നു.

ദ്രോണാന്തകനായ പുത്രന് വേണ്ടി കുന്നുകളും വനങ്ങളും താണ്ടിയ ദ്രുപദമനസ്സിന് ആശ്വാസമേകിക്കൊണ്ട്

യുവാവായ ഒരു പുത്രൻ ജനിച്ചിരിക്കുന്നു.

തൊട്ടു പിറകെ, ആരും പ്രതീക്ഷിക്കാതിരുന്ന ഒരാൾ കൂടെ യാഗാഗ്നിയിൽ നിന്ന് ഉയർന്നുവന്നു. അന്തരീക്ഷത്തിലാകെ താമരഗന്ധം പരത്തി, ശ്യാമമോഹനാംഗിയായ ഒരു കന്യക.

പാഞ്ചാലരാജന് യജ്ഞത്തിലൂടെ അപ്രതീക്ഷിതമായി ഒരു പുത്രിയെക്കൂടി ലഭിച്ചിരിക്കുന്നു.

പാഞ്ചാലി അഥവാ ദ്രൗപദി.

ബാല്യകൗമാരങ്ങൾ ഇല്ലാതെ കന്യകയായി അഗ്നിയിൽ പിറവിയെടുത്ത

കറുത്ത സുന്ദരി - കൃഷ്ണ


ഏതോ ശില്പി കൊത്തിയെടുത്ത മനോഹര ശില്പത്തോട് കിടപിടിക്കുന്ന മെയ്യഴകോടെ ഒരു ദേവസ്വരൂപിണി. അഗ്നിജ്വാലകൾ അവളുടെ ശരീരത്തിൽ നീലിമ പടർത്തി.

ആപത്ബാന്ധവനായ ഒരു മിത്രത്തെ തരണമെന്ന് അവൾ അഗ്നിയോട് അപേക്ഷിച്ചു.

നാരിമാരിൽ രത്നമായ ഇവൾ ലോകത്തിൽ ക്ഷത്രം മുടിക്കുവാൻ പിറന്നവളാണ് എന്ന് അശരീരിയുണ്ടായി.

*** **** *** ***

വ്യാസമഹാഭാരതത്തിലെ കഥാപാത്രങ്ങൾക്ക് മരണമില്ല. അവ ഓരോന്നും അനന്യവും, വലിപ്പച്ചെറുപ്പങ്ങൾ നിർണയിക്കാനാവാത്തവയുമത്രേ.




എന്നിരിക്കലും, സ്ത്രീകഥാപാത്രങ്ങളിൽ ഏറ്റവും കരുത്തുള്ളതും, ഏറെ സങ്കീർണ്ണത നിറഞ്ഞതുമായ പാത്രസൃഷ്ടി ഒരു പക്ഷേ, ദ്രൗപദി തന്നെയാണ്.

അമേരിക്കൻ മലയാളി എഴുത്തുകാരിൽ ശ്രദ്ധേയയായ ശ്രീമതി.എം.പി ഷീല തന്റെ 'മൂന്നാമൂഴം' എന്ന നോവലിൽ ദ്രൗപദിയുടെ ജീവിതത്തെ അല്പം വ്യത്യസ്തമായ ഒരു വീക്ഷണകോണിൽ നോക്കിക്കാണാൻ ശ്രമിക്കുകയാണ്. അനുനിമിഷം സംഘർഷഭരിതമായ അനുഭവങ്ങളിലൂടെ കടന്നു പോകുന്ന അവളെ സ്ത്രൈണഭാവങ്ങളുടെ വ്യത്യസ്തതലങ്ങളിലൂടെ കൊണ്ടുപോവുകയാണ്.

സഖികൾ അവരുടെ ബാല്യകാലത്തെപ്പറ്റി വർണ്ണിക്കുന്നതും ആഹ്ലാദിക്കുന്നതും ആദ്യമായി കേട്ട നിമിഷം മുതൽ അവളുടെ മനസ്സ് അസ്വസ്ഥമാകുന്നു.

കന്യകയായി ജന്മമെടുത്ത തനിക്ക്

ഇല്ലാതെ പോയ, അഥവാ അജ്ഞാതമായ, ഒരു ബാല്യകാലത്തെപ്പറ്റി അറിയാനുള്ള ഉൾക്കടമായ ത്വര നോവലിന്റെ അവസാനഘട്ടം വരെ ഇടമുറിയാതെ കടന്നുവരുന്നുണ്ട്.

അർജ്ജുനനെപ്പറ്റി പിതാവും സഹോദരനും തമ്മിൽ സംസാരിക്കുന്നത് കേട്ട് അദ്ദേഹത്തെ വരനായി ലഭിക്കാൻ ആശിക്കുന്നതിനും മുൻപേ, അവളുടെ സ്വപ്നങ്ങളിൽ അജ്ഞാതനായ നീല വർണ്ണമുള്ള ഒരു പുരുഷൻ കടന്നു വരുന്നുണ്ട്. കൊട്ടാരത്തിലെ പൂന്തോട്ടത്തിൽ നിന്ന് ലഭിച്ച മനോഹരമായ പിഞ്ഛിക (മയിൽപ്പീലി) മാറോടമർത്തുമ്പോഴൊക്കെ അവർണ്ണനീയമായ ആനന്ദ നിർവൃതിയുടെയും ആത്മാനുഭൂതിയുടെയും ലോകത്തേക്ക് അവളെ കൈ പിടിച്ച് നടത്തുന്നുണ്ട്. അകലെ എവിടെയോ നിന്ന് മധുരതരമായ ഒരോടക്കുഴൽ നാദം ഒഴുകി വരാറുണ്ട്.

ആശിച്ച പോലെ, സ്വയംവരപരീക്ഷയിൽ വിജയിച്ച അർജ്ജുനന്റെ വധുവായ ശേഷം നേരിടേണ്ടിവന്ന അഗ്നിപരീക്ഷകൾ!

ഏതോ മുജ്ജന്മശാപത്താലല്ലാതെ ഇപ്രകാരം അഞ്ചു സഹോദരങ്ങളുടെ പത്നിയാകേണ്ട ധർമ്മസങ്കടത്തിൽ എത്തിച്ചേർന്നത് എങ്ങനെ? അഭിശപ്തമായ ഈ ജന്മത്തിനു മുൻപ് താൻ ആരായിരുന്നു?

അർജുനന്റെ ആത്മാംശമായ ഇണപിരിയാത്ത സുഹൃത്ത് - തനിക്ക് ആപത് ബാന്ധവനായ മിത്രമായി അഗ്നിദേവനാൽ തെരഞ്ഞെടുക്കപ്പെട്ട ദ്വാരകാനാഥൻ കൃഷ്ണൻ- പരിസരത്ത് വരുമ്പോഴൊക്കെ ശരീരത്തിൽ കൂടുതൽ നീലിമ കലരുന്നതും, ഹൃദയത്തിന്റെ അടിത്തട്ടിലൊളിച്ചിരിക്കുന്ന അജ്ഞാതനായ ആത്മാരാമന്റെ സാന്നിധ്യം അനുഭവവേദ്യമാകുന്നതും എന്തുകൊണ്ട്?

അർജ്ജുനന്റെ ആത്മസഖാവായ കൃഷ്ണന്, അർജ്ജുനപത്നിയായ കൃഷ്ണയോടുള്ള സവിശേഷമായ അടുപ്പത്തിന് പിന്നിൽ എന്തെങ്കിലും ജന്മരഹസ്യങ്ങൾ ഉണ്ടോ? ഏറ്റവും കടുത്ത പരീക്ഷണമായ കൗരവസഭയിലെ വസ്ത്രാക്ഷേപവേളയിൽ അകലെയിരുന്ന് മായ കാട്ടി മാനം കാത്ത കൃഷ്ണന്റെ പ്രത്യേക കരുതലിനു പിന്നിലെ പൊരുൾ എന്താണ്?

മറ്റു ഭർത്താക്കന്മാരെ അപേക്ഷിച്ച് സ്വയംവരജേതാവായി തന്നെ നേടിയ അർജുനനെ കൂടുതൽ പ്രണയിക്കുന്നു എന്ന വസ്തുത നിലനിൽക്കെ, അടിക്കടി അർജുനവിരഹം ഉണ്ടാകുന്നതിന് ഹേതുവെന്ത്?

ഊഴം വച്ച് സഹശയനത്തിന് വരുന്ന വ്യത്യസ്തരായ അഞ്ച് ഭർത്താക്കന്മാരുടെ താല്പര്യങ്ങൾ അറിഞ്ഞ്, അവരുടെ ഭോഗാസക്തി ശമിപ്പിക്കാൻ വിധിക്കപ്പെട്ടവളും, അതിന് കഴിവുള്ളവളുമെങ്കിലും, എന്തുകൊണ്ട് ഇത്തരമൊരു വിധി തനിക്ക് വന്നുപെട്ടു?

യാഗാഗ്നിയിൽ കന്യകയായി പിറന്ന തന്റെ ജന്മം അർജ്ജുനനും കൃഷ്ണനും പറയുന്നതുപോലെ, ശ്രേഷ്ഠമോ? അതോ കൗരവരും കർണ്ണനും, മറ്റു ചില സാധാരണപ്രജകളും പറഞ്ഞു നടക്കുന്ന പോലെ നികൃഷ്ടമോ?

കൃഷ്ണൻ എല്ലാം അറിയുന്നവനാണ്. അർജുനനാകട്ടെ കൃഷ്ണാംശമുള്ളവനുമാണ്. ഒടുവിൽ സമയമായപ്പോൾ അവരിൽ നിന്ന് വെളിപ്പെടുന്നതുവരെ,

ഇടതടവില്ലാതവണ്ണം ദ്രൗപദിയുടെ മനസ്സിലുണരുന്ന ഈ ചോദ്യങ്ങളിലൂടെ, വായനക്കാരെ കൈപിടിച്ച് നടത്തുന്നുണ്ട് നോവലിസ്റ്റ്. ഒരേ സമയം പ്രണയിനിയായും, ധർമ്മപത്നിയായും, മാതാവായും വർത്തിക്കുന്ന സ്ത്രീമനസ്സിന്റെ നിലയ്ക്കാത്ത സംഘർഷങ്ങളും, വികാരവിക്ഷോഭങ്ങളും, ആനന്ദാനുഭൂതികളും എല്ലാം വായനക്കാരന് പകർന്നുകിട്ടുന്നുണ്ട്.

ഒരു സാധാരണവായനക്കാരൻ എന്ന നിലയിൽ മനസ്സിൽ തോന്നിയ ഒന്നു രണ്ടു കാര്യങ്ങളുണ്ട്.

ഒന്നാം അധ്യായത്തിൽ തന്നെ, ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും,ജന്മരഹസ്യങ്ങളുമൊക്ക ഉടലോടെ സ്വർഗ്ഗാരോഹണത്തിന് ചെല്ലുന്ന യുധിഷ്ഠിരന്, അതിനു മുൻപേ സ്വർഗ്ഗം പൂകിയിരുന്നവളും, ഇക്കാര്യങ്ങളെല്ലാം കൃഷ്ണർജ്ജുനമാരിൽ നിന്നു ഗ്രഹിച്ചവളുമായ ദ്രൗപദി തന്നെ സംഗ്രഹിച്ചു പറഞ്ഞു കൊടുക്കുന്നുണ്ട്. അതു വായിക്കുന്ന വായനക്കാരനും ഈ അറിവുകൾ പകർന്നു കിട്ടുന്നുണ്ട്. തുടർവായനയയുടെ ഔൽസുക്യത്തിനെ അത് ബാധിച്ചില്ല എങ്കിലും, ആ രഹസ്യങ്ങൾ അനാവൃതമാകുന്നത് അവസാനഭാഗത്താക്കിയിരുന്നുവെങ്കിൽ വായനക്കാരന്റെ ജിജ്ഞാസ ഉടനീളം നിലനിർത്തി പാരമ്യത്തിൽ എത്തിക്കാൻ ആകുമായിരുന്നു എന്ന് തോന്നി.

മറ്റൊന്ന്, ദ്രൗപദിയുടെ മനസ്സിലുള്ള അടിസ്ഥാന ചോദ്യങ്ങൾ ആവർത്തിക്കുന്നോ എന്നൊരു തോന്നൽ ഒന്നു രണ്ടു ഘട്ടങ്ങളിലെങ്കിലും ഉണ്ടായി.വായനയുടെ രസച്ചരടിന് അതൊട്ടും മുറിവേൽപ്പിച്ചില്ല എങ്കിൽക്കൂടി.

ഈ നോവലിലെ കൃഷ്ണയ്ക്ക് സ്വയംവരവേദിയിൽ കർണ്ണനെ അപമാനിച്ചതിന്റെ കുറ്റബോധം അല്പം കൂടുതലായി ഉണ്ടെന്നു കൗതുകത്തോടെ കാണുന്നു.കൗരവസഭയിൽ വെച്ച് സൈ്വരിണി എന്ന് കർണ്ണൻ അധിക്ഷേപിച്ചിട്ടും, താൻ ഇതെല്ലാം കേൾക്കേണ്ടവളാണ് എന്നൊരു ചിന്തയിലാണ് അവളുടെ മനസ്സ്.

'മൂന്നാമൂഴം' എന്ന പേര്, സ്വാഭാവികമായും അർജ്ജുനൻ മൂന്നാമൂഴക്കാരനായ ഭർത്താവ് എന്ന് തോന്നിപ്പിക്കുമെങ്കിലും, അത് അങ്ങനെയല്ലെന്ന് വായനയുടെ അവസാനത്തിൽ വ്യക്തമാകുന്നുണ്ട്. ആമുഖത്തിലും അതിനെപ്പറ്റി പറയുന്നുണ്ട്.

ഇതിഹാസകഥയിലെ കഥാപാത്രങ്ങളെ യും, പ്രത്യേകമായി അവരെപ്പറ്റി പുതിയതോ വ്യത്യസ്തമായതോ ആയ കാഴ്ചപ്പാടുകളെയും അവതരിപ്പിക്കുക എന്നത്

അതീവശ്രദ്ധയും, ഏറെ പഠനവും, സൂക്ഷ്മമായ വായനയും, മറ്റ് എഴുത്തുകാരുമായുള്ള ചർച്ചകളും, അക്ഷീണപരിശ്രമവും, സമയ ദൈർഘ്യവും ഒക്കെ ആവശ്യപ്പെടുന്ന കാര്യമാണെന്ന് പറയേണ്ടതില്ലല്ലോ. അതിനെപ്പറ്റിയൊക്കെ നോവലിസ്റ്റ് ആമുഖത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

2022ലെ ഫൊക്കാന ലളിതാംബിക അന്തർജ്ജനം നോവൽ അവാർഡിന് അർഹമായ ഈ കൃതി മനോഹരമായ വായനാനുഭവം തന്നെയായിരുന്നു.

എഴുത്തുകാരിക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

'മൂന്നാമൂഴം' ഇനിയും വായിക്കപ്പെടട്ടെ, അംഗീകരിക്കപ്പെടട്ടെ !

ശുഭം,



MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ഫൊക്കാനയുടെ ഹെൽത്ത് ക്ലിനിക്ക് ബോസ്റ്റൺ ഓഫീസ് ഉൽഘാടനം ചെയ്തു

ശ്രീകുമാർ ഉണ്ണിത്താൻ

ബോസ്റ്റൺ : ഫൊക്കാന ഹെൽത്ത് ക്ലിനിക്കിന്റെ ബോസ്റ്റൺ ഓഫീസിന്റെ ഉൽഘാടനം ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി നിർവഹിച്ചു. ബോസ്റ്റൺ ഓഫീസ് ഇൻചാർജും പ്രമുഖ ഡോക്ടറായ ഡോ. രേഖാ നായരുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിൽ ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷർ ജോയി ചാക്കപ്പൻ, വിമെൻസ് ഫോറം ചെയർ രേവതി പിള്ള, റീജണൽ വൈസ് പ്രസിഡന്റ് ധീരജ് പ്രസാദ്, റെജിസ്ട്രേഷൻ കമ്മിറ്റി കോർഡിനേറ്റർ ഫ്രാൻസിസ് കരക്കാട്ട് എന്നിവരും പങ്കെടുത്തു ആശംസകൾ നേർന്ന് സംസാരിച്ചു.

ഫൊക്കാനയുടെ ഡ്രീം പ്രൊജെക്കുകളിൽ ഒന്നായ ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് അമേരിക്കയിൽ ഉടനീളം ഓഫീസുകൾ തുറന്നു വരുകയാണ്. നാട്ടിൽ നിന്നും വരുന്ന ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ആളുകൾക്കും അതുപോലെ അമേരിക്കയിലുള്ള ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മലയാളികൾക്ക് ബേസിക് ചികിത്സ നൽകുക എന്ന ലക്ഷ്യത്തോട് ആണ് ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് നിലവിൽ വന്നിരിക്കുന്നത്. ബോസ്റ്റൺ ഓഫീസ് ഡോ. രേഖ നായരുടെ ഓഫീസ് ആയ Rhythm Medical (176 East Main Street, Suite #4, Westborough, MA 01581 ) തന്നെയാണ് പ്രവർത്തിക്കുന്നത്




ഡോ. രേഖാ നായർ MD, 15 വർഷത്തെ മെഡിക്കൽ പരിചയം ഉള്ള ബോസ്റ്റണിലെ പ്രസിദ്ധയായ ഡോക്ടർ ആണ്, ബോസ്റ്റണിൽ 15 വർഷമായി സേവനം അനുഷ്ടിച്ചു വരുന്ന രേഖാ നായർ മലയാളീ സമൂഹമായി വളരെ അടുത്ത് പ്രവർത്തിക്കുന്നു. 15 വർഷമായി ബോസ്റ്റൺ റിലയെന്റ് മെഡിക്കൽ ഗ്രൂപ്പിൽ പ്രൈമറി കെയർ ഡോക്ടർ ആയി പ്രവർത്തിക്കുന്ന രേഖാ നായർ ഇന്ത്യയിലെ ടെർണ മെഡിക്കൽ കോളേജിൽ നിന്നും മെഡിസിനിൽ ബിരുദം എടുത്തതിനു ശേഷം മുന്ന് വർഷം റെസിഡെൻസിയും ഒരു വർഷം ചീഫ് റെസി

ഡെൻസിയും സെന്റ് വിൻസെന്റ് ഹോസ്പിറ്റലിൽ ചെയ്ത ശേഷ മാണു പ്രൈമറി കെയർ ഡോക്ടർ ആയി പ്രവർത്തിക്കുന്നത്. അമേ രിക്കൻ കോളേജ് ഓഫ് ലൈഫ് സ്‌റ്റൈയിൽ മെഡിസിന്റെ സർ ട്ടിഫിക്കേഷൻ നേടിയിട്ടുമുണ്ട്. 2024 മുതൽ ഡോ. രേഖ Rhythm Medicalന്റെ സി. ഒ ആയും പ്രവർത്തിക്കുന്നു. നല്ല ഒരു ഡോ ക്ടർ എന്നതിനെ പോലെത്തന്നെ നല്ല ഒരു മനുഷ്യ സ്നേഹികുടി യാണ് ഡോ. രേഖാ നായർ. നി രവധി ചാരിറ്റി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മലയാളികളുടെ ആവിശ്യങ്ങൾ കണ്ടറിഞ്ഞു അതിനു വേണ്ടി പ്രവർത്തിക്കുകയും പുതിയ പുതിയ ആശയങ്ങൾ സംഘടന യിൽ കൊണ്ടുവരുന്നതും സംഘ ടനയെ പുരോഗതിലേക്ക് നയി ക്കുന്നതും ഒരു ലീഡർഷിപ്പിന്റെ ക്വാളിറ്റി മാത്രമല്ല മറിച്ചു സമൂഹ ത്തോടുള്ള നമ്മുടെ കമ്മിറ്റ്മെന്റ് കൂടിയാണ് . ഫൊക്കാന ഹെൽ ത്ത് ക്ലിനിക്ക് പ്രാവർത്തികമാ ക്കാൻ ഫൊക്കാനക്ക് കഴിയു ന്നത് ഡോ. രേഖാ നായർ MD യെപോലെയുള്ള നല്ല കുറെ ഡോക്ടർമാരുടെ സഹകരണം കൊണ്ട് കൂടിയാണെന്നും സജി മോൻ ആന്റണി അഭിപ്രായപ്പെട്ടു. ഡോ. രേഖാ നായരും ഭർത്താവ് ഡോ. ഹരി നായരും വളരെ കമ്മി റ്റ്മെന്റോട് കൂടിയാണ് പ്രവർത്തി ക്കുന്നത്. ഇങ്ങനെയുള്ള സേവന പ്രവർത്തനം നടത്തുവാൻ മാതൃ ക കാട്ടിയ ഡോ. രേഖ നായരെ വളരെ അധികം പ്രശംസിക്കു ന്നതായും സജിമോൻ ആന്റണി അറിയിച്ചു.

തന്റെ ഓഫീസും സ്റ്റാഫും ഫൊക്കാനയുടെ ഹെൽത്ത് ക്ലി നിക്കുമായി സഹകരിച്ചു പ്രവർ ത്തിക്കുന്നതിൽ അതിയായ സന്തോഷമേ ഉള്ളു എന്നും എന്റെ സേവനങ്ങൾ അമേ രിക്കൻ മലയാളീ സമൂഹത്തിന് പ്രയോജനപ്പെടുന്നതിൽ തനിക്ക് സംതൃപ്തി നൽകുന്ന കാര്യമാ ണ് എന്നും ഡോ. രേഖാ നായർ പറഞ്ഞു. എന്റെ പ്രവർത്തനങ്ങൾ ഒരു സേവനമായി തന്നെയാണ് ചെയ്യുന്നത് എന്നും അവർ അറി യിച്ചു.

ഫൊക്കാനയുടെ പ്രെസ്റ്റീജിസ് ആയ നിരവധി പ്രോഗ്രാമുകളിൽ ചിലതായ ഫൊക്കാന മെഡി ക്കൽ കാർഡിനും, ഫൊക്കാന പ്രിവിലേജ് കാർഡിനും ശേഷം അമേരിക്കൻ മലയാളീ സമൂഹ ത്തിന് വളരെ അധികം പ്രയോജ നം ലഭിക്കുന്ന മറ്റൊരു പ്രെസ്റ്റീ ജിസ് പ്രോഗ്രാമായ ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് ഏവരുടെയും പ്രശംസക്ക് പാത്രമാകുന്നു.



# സംവൽസരങ്ങൾക്ക് മുമ്പ് മുകളിൽ നിന്ന് അലക്സേയ് ലിയോനൊവ് പറഞ്ഞു, “ഈ നീലഗോളം എത്ര മോഹനം...”




എ.എസ് ശ്രീകുമാർ

അമ്പിളിയമ്മാവനെ വലംവച്ച് ഒറിയോൺ പേടകം കാലിഫോർണിയ കടൽത്തീരത്ത പസഫിക്കിന്റെ തിരകൾക്ക് മേൽ സ്പ്ലാഷ്ഡൗൺ ചെയ്തപ്പോൾ ലോകമെമ്പാടും ആർപ്പുവിളികളുയർന്നു. 'ആർട്ടമിസ് -2' ദൗത്യാംഗങ്ങളായ അമേരിക്കൻ മക്കൾ റൈഡ് വൈസ്മൻ (50), വിക്ടർ ഗ്ലോവർ (49), ക്രിസ്റ്റീന കോക്ക് (47), കാനഡയുടെ പുത്രൻ ജെറമി ഹാൻസൻ (50) എന്നിവർ ചന്ദ്രനടുത്തുനിന്ന് എത്തിയത് പുതിയ വിവരങ്ങളുടെ കലവറയുമായാണ്. 53 വർഷങ്ങൾക്ക് ശേഷം മനുഷ്യൻ ചന്ദ്രനടുത്തേയ്ക്ക് നടത്തിയ പത്ത് ദിവസം നീണ്ട ആദ്യയാത്ര വിസ്മയവും സാഹസികതയും ഏറെ നിറഞ്ഞതായിരുന്നു.

ഭൂമിയിൽ നിന്ന് ഏറ്റവും അകലെ പോയവരെന്ന അപൂർവ റെക്കോഡ് ഇവർ സ്വന്തമാക്കി. 4,06,771.35 ദൂരത്താണ് മുഷ്യൻ എത്തിയത്. 11,17,515 കിലോമീറ്റർ ദൂരം സഞ്ചരിച്ചു. ചന്ദ്രന് 6,437 കിലോമീറ്റർ അടുത്തുവരെയെത്തി. ഒരു ഘട്ടത്തിൽ ഒറിയോൺ പേടകത്തിന്റെ വേഗത മണിക്കൂറിൽ 39,692.86 കിലോമീറ്റർ വരെയെത്തി. ചന്ദ്രനടുത്തേയ്ക്ക് പോയ ആദ്യ കറുത്ത വർഗക്കാരനായി വിക്ടർ ഗ്ലോവർ. ക്രിസ്റ്റീന കോക്ക് ആദ്യ വനിതയെന്ന പേരും പെരുമയും നേടി.

സൗരയൂഥ പഠനത്തെ പുതിയ ചക്രവാളത്തിലേക്ക് കൈപിടിച്ചു നടത്തി നാസയുടെ ന്യൂ ഹൊറൈസൺസ് പേടകം പ്ലൂട്ടോക്ക് സമീപമെത്തിയത് 2015 ജൂലൈ 14-നാണ്. പ്ലൂട്ടോ ഗ്രഹ പര്യവേക്ഷണം ലക്ഷ്യമാക്കി വിക്ഷേപിച്ച ബഹിരാകാശ പേടകമായിരുന്നു ന്യൂ ഹൊറൈസൺസ്. ചരിത്രത്തിൽ ആദ്യമായാണ് മനുഷ്യനിർമിതമായ പേടകം പ്ലൂട്ടോയ്ക്ക് അരികിലെത്തിയത്. സെക്കൻഡിൽ 14 കിലോമീറ്റർ വേഗമുള്ള ന്യൂ ഹൊറൈസൺസ്, സൗരയൂഥത്തിലൂടെ ഒൻപതര വർഷം സഞ്ചരിച്ചാണ് പ്ലൂട്ടോയ്ക്ക് 12,500 കിലോമീറ്റർ അരികിലെത്തുന്നത്. 2006 ജനുവരി 19-നാണ് പേടകം ഭൂമിയിൽനിന്ന് പുറപ്പെട്ടത്. അന്ന് പ്ലൂട്ടോ സൗരയൂഥത്തിലെ ഒൻപതാമത്തെ ഗ്രഹമായാണ് പരിഗണിക്കപ്പെട്ടിരുന്നത്. എന്നാൽ, പേടകം അരികിലെത്തിയപ്പോൾ പ്ലൂട്ടോ ഗ്രഹപദവി നഷ്ടപ്പെട്ട് കുള്ളൻ ഗ്രഹങ്ങളുടെ ഗണത്തിലായി.

ബഹിരാകാശത്ത് ഇന്ത്യയും നേട്ടങ്ങൾ വെട്ടിപ്പിടിച്ചിട്ടുണ്ട്. ബഹിരാകാശത്തെത്തിയ ആദ്യ ഭാരതീയനായിരുന്നു രാകേഷ് ശർമ. 1984 ഏപ്രിൽ രണ്ടിനായിരുന്നു അദ്ദേഹം ബഹിരാകാശ നിലയത്തിൽ എത്തിയത്. ഇന്ത്യാക്കാരനായ ആദ്യ ബഹിരാകാശ വിനോദസഞ്ചാരിയെന്ന നേട്ടം സ്വന്തമാക്കിയത് ഗോപിചന്ദ് തോട്ടക്കുറയാണ്. അമേരിക്കൻ ബഹിരാകാശ കമ്പനിയായ ബ്ലൂ ഒറിജിന്റെ എൻ.എസ് 25 ദൗത്യത്തിലായിരുന്നു ചരിത്രം കുതിച്ച മേയ് 19-ാം തീയതിയിലെ ആ യാത്ര. ഇന്ത്യയുടെ ഉപഗ്രഹ വിക്ഷേപണങ്ങളും ചാന്ദ്രയാൻ ദൗത്യങ്ങൾ നമുക്കഭിമാനമാണ്.




മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്ന ഇന്ത്യയുടെ ദൗത്യമാണ് ഗഗൻയാൻ. ഈ ദൗത്യത്തിനായി ബഹിരാകാശത്തേക്ക് യാത്ര ചെയ്യാൻ തിരഞ്ഞെടുക്കപ്പെട്ട നാലംഗ സംഘത്തിന്റെ പേരുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വിക്രം സാരാഭായി സ്പേസ് സെന്ററിൽ വെച്ച് പ്രഖ്യാപിച്ചിരുന്നു.

മലയാളി ഗ്രൂപ്പ് ക്യാപ്റ്റൻ പ്രശാന്ത് ബാലകൃഷ്ണൻ നായർ നയിക്കുന്ന നാലംഗ സംഘത്തെയാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. പ്രശാന്ത് നായർക്ക് പുറമെ ഗ്രൂപ്പ് ക്യാപ്റ്റൻ അജിത് കൃഷ്ണൻ, ഗ്രൂപ്പ് ക്യാപ്റ്റൻ അംഗദ് പ്രതാപ്, വിങ് കമാൻഡർ ശുബാൻഷു ശുക്ല എന്നിവരാണ് ഗഗൻയാൻ പദ്ധതിയിലൂടെ ബഹിരാകാശത്തേക്ക് സഞ്ചരിക്കുന്നതിനായി പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഇതിൽ മൂന്ന് പേർക്കാണ് ബഹിരാകാശത്തിലേക്ക് പോകാൻ സാധിക്കൂ. പാലക്കാട് നെന്മാറ സ്വദേശി പ്രശാന്ത് ബാലകൃഷ്നാണ് സംഘത്തെ നയിക്കുക.

പതിറ്റാണ്ടുകൾക്ക് മുമ്പ് തന്നെ മനുഷ്യൻ സ്പേസിലെത്തിയിരുന്നു. അത്തരത്തിലൊരു തുടക്ക സഞ്ചാരകഥയുടെ അതായത് അപ്പോളോ-സൊയൂസ് പരിപാടിയുടെ പുനർവായനയാണിത്. ആ ചരിത്ര യാത്രയുടെ 50-ാം വാർഷികം 2025-ൽ നാം ആഘോഷിക്കാൻ പോവുകയാണ്. സോവിയറ്റ് ബഹിരാകാശ സഞ്ചാരി അലക്സേയ് ലിയോനൊവ്, അൽപ്പം നാടകീയതയോടെ ഒരുപാട് സംവൽസരങ്ങൾക്ക് മുമ്പ് പറഞ്ഞ സംഭവകഥയിങ്ങനെ...

യുവ സുഹൃത്തേ,

നിനക്കുവേണ്ടിയാണിതെഴുതുന്നത്. നിന്റെ പേരെന്തെന്നോ നിനക്കെത്ര വയസുണ്ടെന്നോ എനിക്കറിഞ്ഞുകൂടാ. എന്നാൽ നീ എന്റെ സുഹൃത്താണെന്ന് എനിക്കറിയാം. യഥാർത്ഥ സൗഹൃദത്തേക്കാൾ നല്ലതായി എന്താണുള്ളത്...? നിന്നെപ്പറ്റി ഒരുപാട് നല്ല കാര്യങ്ങൾ കേൾക്കാൻ ഇടയാകുമെന്ന് എനിക്ക് വിശ്വാസമുണ്ട്. എന്തെന്നാൽ നീ ലോകത്തിന്റെ ഭാവിയാണ്. ഭാവി എല്ലായിപ്പോഴും ശോഭനമായിരിക്കണം. അതിനാൽ ഇന്നുതന്നെ നിന്നെപ്പറ്റി കൂടുതൽ അറിയാനും എന്റെ സ്നേഹിതൻമാരായ കോസ്മോനോട്ടുകളെയും അസ്ട്രോനോട്ടുകളെയും പറ്റി നിന്നോടു പറയാനും ഞാനാഗ്രഹിക്കുന്നു.

നീയും ഒരുപക്ഷേ ബഹിരാകാശ യാത്രയെപ്പറ്റി സ്വപ്നം കാണുന്നുണ്ടാവും. അങ്ങനെയെങ്കിൽ സൊയൂസ്, അപ്പോളോ എന്നീ ബഹിരാകാശ നൗകകളുടെ സംയുക്ത യാത്രയ്ക്കുവേണ്ട ഒരുക്കങ്ങളും ആ യാത്രയും നടന്നതെങ്ങനെയെന്നറിയാൻ നിനക്കു താത്പര്യമുണ്ടായിരിക്കും. എന്നാൽ ആദ്യം നമുക്ക് പരിചയപ്പെടാം. എന്റെ പേര് അലക്സേയ് ലിയോനൊവ് എന്നാണ്. ഞാൻ സോവിയറ്റ് യൂണിയനിലെ ഒരു പൈലറ്റ്-കോസ്മോനോട്ടാണ്. നിന്റെ പേരെന്താണ്...?

ഓ, ശരി...ശരി...നമ്മൾ തമ്മിൽ പരിചയപ്പെട്ടുകഴിഞ്ഞ സ്ഥിതിക്ക് ഒരുകാര്യം പറയട്ടെ. ബഹിരാകാശത്തിൽനിന്നും നിന്നെ ഞാൻ കണ്ടു. എന്താ വിശ്വസി

ക്കുന്നില്ലേ...? നീ വിചാരിക്കുന്നത് ഞാൻ തമാശ പറയുകയാണെന്നായിരിക്കും. അല്ലേയല്ല. ബഹിരാകാശത്തിൽ നിന്നു കോസ്മോനോട്ടുകളായ ഞങ്ങൾക്ക് വൻകരകളും വൻകടലുകളും നദികളും മരുഭൂമികളും പർവതങ്ങളും കാണാൻ കഴിയും. ധാന്യം വിളയുന്ന വയലുകളും ഇടതൂർന്നു നിൽക്കുന്ന വനങ്ങളും ഞങ്ങൾ കൺകുളിർക്കെ കാണുന്നു. വലിയ നഗരങ്ങൾ പോലും തിരിച്ചറിയാൻ സാധിക്കും. ഉദാഹരണമായി സോവിയറ്റ് യൂണിയന്റെ തലസ്ഥാനമായ മോസ്കോ. എത്ര മനോഹരമാണ് ആ നഗരം. പ്രത്യേകിച്ചും രാത്രി സമയത്ത് അങ്ങു മുകളിൽ നിന്ന് നോക്കുമ്പോൾ, വൈദ്യുത ദീപങ്ങളുടെ മുത്തുമാലകളും നാനാവർണ്ണങ്ങളിലുള്ള നിയോൺ പരസ്യങ്ങളുടെ ഉജ്ജ്വലദീപ്തിയും ഒരു വലിയ അഗ്നികുണ്ഡത്തിലെ എരിഞ്ഞടങ്ങുന്ന തീക്കനലുകൾ പോലെ കാണപ്പെടുന്നു. ചലിക്കുകയും ശ്വസിക്കുകയും കണ്ണുചിമ്മുകയും പുഞ്ചിരി തൂവുകയും ചെയ്തശേഷം അതെല്ലാം ഇരുട്ടിൽ അലിഞ്ഞില്ലാതാവുന്നു.


ഒരിക്കലെങ്കിലും ബഹിരാകാശത്തിൽ പോയിട്ടുള്ള എന്റെ സ്നേഹിതൻമാരെല്ലാം വീണ്ടും വീണ്ടും പറയുന്നു...''നമ്മുടെ ഈ നീല ഗ്രഹം എത്ര മനോഹരം...'' എന്ന്. ഞങ്ങൾ അങ്ങനെ പറയാൻ കാരണമെന്തെന്നോ...? ഭൂമിയിൽ നീ വളർന്നുവെന്നതു തന്നെ. ബഹിരാകാശത്തിൽ നിന്നു ഞങ്ങൾ നിന്നെ കാണുന്നു. ആദിയും അന്തവുമില്ലാത്ത, കീഴും മേലുമില്ലാത്ത ആ വിശാലതയിൽ നിന്റെ പുഞ്ചിരി ഞങ്ങളുടെ സഹായത്തിനെത്തുന്നു. ഞങ്ങളുടെ ഓരോ യാത്രയും നീ ശ്രദ്ധക്കുന്നുണ്ടെന്നു ഞങ്ങൾക്കറിയാം. നീ ഞങ്ങളോടൊപ്പം ബഹിരാകാശ നൗകയിലുണ്ടെന്ന് ചിലപ്പോൾ തോന്നിപ്പോകുന്നു. അതുകൊണ്ടാണ് ആ യാത്രകൾ ഭംഗിയായി നടത്താൻ ഞങ്ങൾ ശ്രമിക്കുന്നത്.

ഇനിപ്പറയുന്നത് അപ്പോളോ-സൊയൂസ് പരിപാടിയെപ്പറ്റിയാണ്. 1975 ജൂലൈ 15-ാം തീയതി ഉച്ചതിരിഞ്ഞ് മൂന്നു മണി 20 മിനിറ്റിന് സോവിയറ്റ് യൂണിയനിലെ ബൈക്കന്നൂർ കോസ്മോഡ്രോമിൽനിന്ന് സൊയൂസ്-19 എന്ന ബഹിരാകാശനൗക യാത്ര പുറപ്പെട്ടു. ആ നൗകയിൽ എന്റെ സ്നേഹിതനായ വലേരി നിക്കൊളായെവിച്ച് കുബാസൊവും ഞാനുമാണുണ്ടായിരുന്നത്. കൃത്യം ഏഴുമണിക്കൂറിന് ശേഷം, മോസ്കോയിൽ രാത്രിയും അമേരിക്കയിൽ പകലുമായിരുന്നപ്പോൾ കനവെറാൽ മുനമ്പിൽ നിന്ന് അപ്പോളോ എന്ന അമേരിക്കൻ ബഹിരാകാശ നൗകയും യാത്രതിരിച്ചു.

അതിൽ ഞങ്ങളുടെ സുഹൃത്തുക്കളായ തോമസ് പി സ്റ്റാഫോർഡ്, വാൻസ് ഡി ബ്രാൻഡ്, ഡൊണാൾഡ് കെ സ്ലേയ്ട്ടൺ എന്നിവരാണുണ്ടായിരുന്നത്. ജൂലൈ 17-ാം തീയതി അപ്പോളോ, സൊയൂസിനെ സമീപിക്കുകയും മോസ്കോ സമയം വൈകുന്നേരം ഏഴ് മണി 20 മിനിറ്റിന് അവതമ്മിൽ കൂട്ടുയിണക്കപ്പെടുകയും ചെയ്തു. പിന്നീടു നടന്നത് വിവരിക്കുന്നതിനു മുമ്പ് ഒരുകാര്യം പറയട്ടെ. നൗകകൾ തമ്മിൽ സന്ധിച്ചയുടൻ നിന്റെ പ്രായക്കാരനായ പേത്യ ഗ്രീഷിൻ മോസ്കോയിലെ പ്രസ് സെന്ററിലേയ്ക്ക് ഫോൺ ചെയ്ത് പറഞ്ഞു...''അവർ മിടുക്കൻമാരാണെന്ന് അവരെ അറിയിക്കൂ...''

അതിനു ശേഷം ഫോൺസന്ദേശങ്ങളും കമ്പിസന്ദേശങ്ങളും എഴുത്തുകളും മോസ്കോയിലേയ്ക്കും ഹ്യൂസ്റ്റണിലേയ്ക്കും പ്രവഹിച്ചുതുടങ്ങി. അവയ്ക്ക് ഒരു കണക്കുമില്ലായിരുന്നു. എന്നാൽ ആദ്യത്തെ സന്ദേശം പേത്യയുടേതായിരുന്നു. മോസ്കോക്കാരനായ പേത്യ ഞങ്ങളുടെ ജോലിയിൽ സംതൃപ്തനാണെന്നറിഞ്ഞതിൽ വലേരിയും ഞാനും അമേരിക്കൻ അസ്ട്രോനോട്ടുകളും വളരെ സന്തോഷിച്ചു.

ജൂലൈ 18, 19 തീയതികളിൽ ഇരു നൗകകളിലെയും യാത്രികർ ഒരുമിച്ചു ജോലി ചെയ്തു. 19-ാം തീയതി ഉച്ചതിരിഞ്ഞ് നൗകകൾ വേർപെടുകയും വീണ്ടും സന്ധിക്കുകയും ചെയ്തു. ജൂലൈ 21-ാം തീയതി സോവിയറ്റ് നൗക അർക്കളിക് പട്ടണത്തിൽ നിന്ന് 54 കിലോമീറ്റർ വടക്കുപടിഞ്ഞാറുമാറി ഇറങ്ങി. അമാരിക്കൻ നൗക ജൂലൈ 25ന് ഹാവായ് ദ്വീപുകളിൽ നിന്ന് 600 കിലോമീറ്റർ അകലെ ശാന്തസമുദ്രത്തിലും ഇറങ്ങി. ഇത്രയുമാണ് അപ്പോളോ-സൊയൂസ് പരിപാടിയുടെ ചുരുക്കം.





#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123

# ആശാ ഭോസ്ലേ: ഒരു യുഗത്തിന്റെ ശബ്ദം നമ്മെ വിട്ടു പിരിഞ്ഞു



**ഏബ്രഹാം തോമസ്**

ഇന്ത്യൻ സംഗീത ലോകത്തിനും ലോക സംഗീതത്തിനും ഒരു തീരാ നഷ്ടമാണ് ആശ ഭോസ്ലെയുടെ വിയോഗം. ധം മാരോ ധം (ഹരേ രാമ ഹരേ കൃഷ്ണ), ചുരാലിയാ ഹൈൻ തും നെ ജോ ദിൽ കോ ('യാദോം കി ബാരാത്' ), 'പിയ തൂ അബ് തൊ ആജാ' എന്നീ 1970 കളിലെ ഹിറ്റ് ഗാനങ്ങൾ ആരാധകരുടെ ചുണ്ടുകളിൽ ദശാബ്ദങ്ങളായി സ്ഥിരപ്രതിഷ്ഠ നേടിയിട്ടുണ്ട്. ഇവയോടെയൊപ്പം ഓരോ വർഷവും ആശ പാടിയ ചലച്ചിത്ര, ചലച്ചിത്രേതര ഗാനങ്ങളും സംഗീത ലോകം നെഞ്ചിലേറ്റിയിട്ടുണ്ട്.

ആശയുടെ ലോക പ്രിയത വളരെ പെട്ടെന്ന് നേടിയതായിരുന്നില്ല. 1938 ൽ ജനിച്ച ആശ 1950 കളിൽ ഹിന്ദി, മറാത്തി ചലച്ചിത്ര, നാടക ഗാനങ്ങളിൽ രംഗ പ്രവേശം നടത്തുമ്പോൾ മൂത്ത സഹോദരി ലത മങ്കേഷ്കർ, ഷംഷാദ് ബീഗം, സുരയ്യ, തുടങ്ങിയ ലബ്ധ പ്രതിഷ്ഠിതരായ ഗായികമാരുമായി നിരന്തരം മത്സരത്തിൽ ഏർപെടേണ്ടി വന്നിരുന്നു. പിന്നീട് തുണയായത് ഓ പി നയ്യാരും ലത മങ്കേഷ്കറുമായും ലത മങ്കേഷ്കറും മുഹമ്മദ് റാഫിയുമായി ഉണ്ടായ സൗന്ദര്യ പിണക്കങ്ങളാണ്. ലതക്ക് പകരം നയ്യാറിനു മറ്റൊരു ഗായിക ആവശ്യമായിരുന്നു. ആശ എ ഈ വിടവ് അനായാസം നികത്തി. ബി ആർ ചോപ്ര ('വക്ത്' ) തുടങ്ങിയ ലബ്ധ പ്രതിഷ്ഠിതരായിരുന്ന സംവിധായകർക്ക് മറ്റൊരു സ്ത്രീ ശബ്ദം അവർ ആശയിൽ കണ്ടെത്തി. പിൽക്കാലത്തു ബി ആർ ഇശാര പോലുള്ള സംവിധായകർക്കു വിവാഹിത അല്ലാത്ത ലതയെ കൊണ്ട് 'രാത് പിയാ കെ സന്ഗ് ജാഗിരേ സഖി' (രാത്രി മുഴുവൻ പ്രിയനോടൊപ്പം ഉണർന്നിരുന്നു ) പോലെയുള്ള ഗാനങ്ങൾ പാടിക്കുവാൻ കഴിയാതെ വന്നപ്പോഴും പകരം സ്ത്രീ ശബ്ദം ആശ

തന്നെ വേണ്ടി വന്നു.

അൻപതുകളുടെ ഉത്തരാർദ്ധം മുതൽ പല ദശകങ്ങളിലും ആശയുടെ ശബ്ദം 'രണ്ടാമത്തെ അവൾ', ഒരുമ്പെട്ടവൾ, കാബറെ ഗാനങ്ങൾ എന്നിവക്കായി പ്രധാനമായും ഉപയോഗിച്ചു വന്നു. ഇതിനിടയിൽ നയ്യാരുടെ സംഗീതത്തിൽ 'നയാ ദൗർ' ('മാന്ഗ് കെ സാഥ് തേരാ' തുടങ്ങിയ ഗാനങ്ങൾ), , 'ഹൗറാബ്രിഡ്ജ് ', ആർ ഡി ബർമന്റെ സംഗീതത്തിൽ

'ഹരേ രാമ ഹരേ കൃഷ്ണ', 'യാദോം കി ബറാത്', തുടങ്ങി നൂറു കണക്കിന് ചിത്രങ്ങളിൽ ആശ പാടുകയും തിളങ്ങുകയും ചെയ്തു. അക്കാലത്തു ഹിന്ദി സിനിമകളിൽ നായികയ്ക്ക് വേണ്ടി ലത പാടുന്നു, മറ്റു അപ്രധാന സ്ത്രീ കഥാപാത്രങ്ങൾക്ക് വേണ്ടി ആശ പാടുന്നു എന്ന സ്ഥിതി ആയിരുന്നു. മെഹ്മൂദിന്റെ ചില ചിത്രങ്ങളിൽ നായികക്കു വേണ്ടി ആശ പാടി ('മുത്ത് കൊടുക്ക വാരിഹടാ' വളരെ വലിയ ഹിറ്റായി.

പതിനാറാമത്തെ വയസിൽ 31 കാരനായ കാമുകൻ ഗണപത് റാവ് ഭോസ്ലെക്കൊപ്പം ഒളിച്ചോടി പോയ ആശ ഭർത്താവിന്റെ വീട്ടിൽ സുഖം കണ്ടെത്തിയില്ല. അവർ ഭർത്താവിനെയും അയാളുടെ കുടുംബത്തെയും കുറിച്ച് ചില പരാതികൾ തന്റെ ആത്മകഥയിൽ പങ്കു വച്ചിരുന്നു. മൂന്നു മക്കളുണ്ടായി. ആയിടക്ക് ഇവർ ഭർത്താവുമായി അകന്നു. ഏറെ വൈകാതെ ബോംബെ ചലച്ചിത്ര ലോകത്തു രാഹുൽ ദേവ് ബർമ്മനുമായുള്ള കഥകൾ പരന്നു. 1980 ൽ വിവാഹിതരായ ഇവർ ഒന്നിച്ചു ജീവിച്ചില്ലെങ്കിലും ഒന്നാണെന്ന് ബോളിവുഡ് കരുതി. ആർ ഡിയും ആശയും കുറെയധികം ആസ്വാദ്യകരമായ, ഏവരും പാടി നടക്കുന്ന ഗാനങ്ങൾ ആരാധകർക്ക് നൽകി. 1994 ൽ ആർ ഡി ബർമൻ ഓർമ്മയായി - അനശ്വരങ്ങളായ കുറെയധികം ഗാനങ്ങൾ ആരാധകർക്ക് നൽകിയതിന് ശേഷം.

ലതയും ആശയുമായുള്ള ബന്ധം പലപ്പോഴും മുറിഞ്ഞു പോകും എന്ന് വരെ ആരാധകർ ഭയപ്പെട്ടു. ആശ ചില വേദികളിൽ ലതയെ അനുകരിച്ചു സംസാരിച്ചിട്ടുണ്ട് . കുറെയേറെ വർഷങ്ങളായി അവരെ വേദികളിൽ കണ്ടിരുന്ന ഞാൻ 1980 നു ശേഷം അവരിൽ വന്ന മാറ്റം ശ്രദ്ധിച്ചിരുന്നു. വളരെ പുതിയ ഫാഷൻ സ്റ്റേറ്റ്മെൻറ് ആയിരുന്നു അവരുടെ വസ്ത്ര ധാരണ രീതി. എന്നാൽ തികച്ചും ഭാരതീയം.

1948 ൽ 'ചുനരിയാ ' എന്ന ചിത്രത്തിൽ പാടികൊണ്ടാണ് ആശ പിന്നണി ഗാനാലാപനം ആരംഭിച്ചത്, പല ഭാഷകളിൽ(മലയാളം ഉൾപ്പടെ ) , പല രൂപ ഭാവത്തിൽ 12, 500ൽ അധികം ഗാനങ്ങൾ പാടിയിട്ടുണ്ടാകും എന്നാണു അനുമാനിക്കുന്നത്. സ്വന്തം കഠിനാധ്വാനം കൊണ്ട് മാത്രം ഉയർന്നു വരികയും സംഗീത ലോകത്തു മഹത്തായ സംഭാവനകൾ നൽകുകയും ചെയ്ത ആ പ്രതിഭക്കു മുൻപിൽ പ്രണാമം!



# യുദ്ധത്തിലേക്ക് വലിച്ചിഴക്കപ്പെടുന്ന മാനവികത





ജയൻ വർഗീസ്

യുദ്ധം മുറിവുകൾ ഉണ്ടാക്കുന്നു. ആ മുറിവുകളിൽ നിന്ന് വാർന്നൊഴുകുന്നത് മനുഷ്യന്റെ ചോരയാണ് എന്നതിനാലാണ് യുദ്ധം എന്ന് കേൾക്കുമ്പോൾ ആഗോള മനുഷ്യ രാശി ആധിയോടെ ഞെട്ടി വിറയ്ക്കുന്നത്.

ചരിത്രത്തിൽ ചാല് വച്ചൊഴുകിയ ചോരപ്പുഴകൾക്ക് കാരണമായിത്തീർന്ന യുദ്ധങ്ങളിൽ മതങ്ങളുംഭരണാധികാരികളും മാത്രമല്ല വ്യക്തികൾ പോലും വില്ലന്മാരായി വന്നിട്ടുണ്ട് എന്നതാണ് സത്യം. കറുത്ത ചായം കൊണ്ട് കാലം അവരെ അടയാളപ്പെടുത്തിയിട്ടുണ്ട് എന്ന് സമ്മതിക്കുമ്പോളും ഓരോയുദ്ധങ്ങളും പിറവിയെടുത്തതിന്റെ പിന്നിൽ അന്നന്ന് നില നിന്ന സാഹചര്യങ്ങളുടെ സാദ്ധ്യതകൾ വലിയ പങ്കു വഹിച്ചിട്ടുണ്ട് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

ഓരോ സാഹചര്യങ്ങളും ന്യായമാണോ അന്യായമാണോ എന്ന് വിലയിരുത്തുവാനുള്ള സ്വാതന്ത്ര്യവുംഅവകാശവും ഓരോ വ്യക്തിയിലും നിക്ഷിപ്തമാണ് എന്ന് അംഗീകരിക്കുമ്പോളും ഓരോയുദ്ധത്തിലും ആര് ജയിച്ചു എന്നും ആര് തോറ്റു എന്നുമുള്ള ചർച്ചകൾക്ക് യാതൊരുപ്രസക്തിയുമില്ല. എല്ലാ യുദ്ധങ്ങളിലും എല്ലാവരും തോൽക്കുന്നു എന്നുള്ളതല്ലാതെ ഒരുയുദ്ധത്തിലും ഒരുത്തനും ജയിച്ചതായി ചരിത്രം നമ്മോടു പറയുന്നുമില്ല.

ബൈബിൾ കഥയിലെ ആദിമ ദമ്പതികളുടെ ആണ്മക്കൾക്ക് ലോകം പപ്പാതിവീതിച്ചെടുക്കുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും ഉണ്ടായിരുന്നിട്ടും അവരിൽ ഒരുത്തൻമറ്റവനെ കൊന്നുകളഞ്ഞു എന്ന് കഥാകാരൻ എഴുതുമ്പോൾ തന്റെയും താൻ ജീവിക്കുന്നസമൂഹത്തിന്റെയും അടിമനസ്സിൽ ഉറങ്ങിക്കിടക്കുന്ന സ്വാർത്ഥത എന്ന ശക്തനായ സിംഹത്തിന്റെഭീതിതമായ ഒരു രേഖാ ചിത്രം കോറിയിടുവാനാണ് ക്രാന്ത ദർശിയായ എഴുത്തുകാരൻ ഇവിടെപരിശ്രമിക്കുന്നത്.

ചരിത്രത്തിലും സങ്കൽപ്പത്തിലുമായി നില നിൽക്കുന്ന മാനവ വർഗ്ഗ പ്രയാണങ്ങളിൽ എത്രയെത്ര അരുതായ്മകളുടെ കടമ്പകൾ കടന്നിട്ടാണ് നമ്മുടെ വർത്തമാനം നാം അനുഭവിച്ചുകൊണ്ടിരി

emalayalee.com

ക്കുന്നത് എന്ന് നമുക്കറിയാം. ശാസ്ത്ര സാങ്കേതിക വളർച്ചയുടെ പിൻബലത്തോടെ നിലവിലുള്ള യുദ്ധ സാഹചര്യങ്ങൾ എന്നത്തേയുംകാൾ ഭീകരമാണ് എന്നും എല്ലാവർക്കുമറിയാം.

എങ്കിലും അന്യഗ്രഹ പ്രതലങ്ങളിൽ കൂടു വയ്ക്കാനൊരുങ്ങി പറന്നകലുന്ന മനുഷ്യ രാശി ഏതൊരുനിമിഷവും തങ്ങളുടെ സ്വപ്നങ്ങളുടെ ശിരസ്സിലേയ്ക്ക് പറന്ന് വീഴാനിരിക്കുന്ന ഭൂഖണ്ഡാന്തരമിസ്സൈലുകളിൽ ഘടിപ്പിച്ചിട്ടുള്ള ആണവത്തലപ്പുകൾ പൊട്ടിച്ചിതറുന്ന ഭീകര നിമിഷങ്ങൾകാതോർത്തിരിക്കുകയാണ് എന്ന നഗ്ന സത്യം നമ്മിൽ എത്ര പേർ മനസ്സിലാക്കിയിട്ടുണ്ട്? എന്നിട്ടും എന്തിനാണീ യുദ്ധങ്ങൾ ?

സമാധാനത്തിന്റെ വെള്ളപ്പിറാവുകൾ കുറുകലുകളും കൂജന



ങ്ങളുമായി പറന്നു കളിക്കേണ്ട നീലാകാശത്ത് എന്തിനീ ശാസ്ത്ര സാങ്കേതിക പോർമുനകളുടെ ഭീകര ഹുങ്കാരവങ്ങൾ? ഇതിനുള്ള വസ്തുനിഷ്ഠമായ ഉത്തരങ്ങൾ എന്ന നിലയിലാണ് എങ്ങിനെയൊക്കെയോ രൂപം കൊള്ളുന്നസാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ നിസ്സഹായനായ മനുഷ്യനെ ആയുധമെടുപ്പിക്കുകയും പോരാടാൻ പ്രേരിപ്പിക്കുകയുമാണ് ചെയ്യുന്നത് എന്ന് വേദനയോടെ നമുക്ക് മനസ്സിലാവുന്നത്.

പശ്ചിമേഷ്യൻ ജനതകളുടെ പുരാതന ചരിത്ര നാൾ വഴികൾക്ക് ഇവിടെ യാതൊരു പ്രസക്തിയുമില്ല. നിലവിലുള്ള യുദ്ധ സാഹചര്യങ്ങൾ എങ്ങിനെ രൂപപ്പെട്ടു എന്ന് വളരെ ലളിതമായി ചിന്തിക്കുകയും അതിൽ അമേരിക്കൻ ഇടപെടലുകൾക്ക് എങ്ങിനെ കളമൊരുങ്ങി എന്ന് വിശകലനം ചെയ്തുകൊണ്ട് അമേരിക്കയുടെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ നിങ്ങൾ എന്ത് ചെയ്യുമായിരുന്നു എന്നചോദ്യം ഉയർത്തുവാനാണ് ഞാൻ ശ്രമിക്കുന്നത്.

ഇറാൻ ഒരു പരമാധികാര രാഷ്ട്രമാണ് എന്ന വാസ്തവം എല്ലാ ബഹുമാനങ്ങളോടെയും അംഗീകരിക്കുന്നു. പ്രണയ ഗായകനായ ഒമർഖയ്യാമിന്റെ നാട് എന്ന നിലയിൽ പ്രത്യേക താല്പര്യവുമുണ്ട്.

കവിതയും സംഗീതവും ചിത്രകലയും വാസ്തുശില്പ വിസ്മയങ്ങളും നെഞ്ചിലേറ്റിയ ആ ജനതസ്വഭാവികമായും മനുഷ്യപക്ഷത്തു നിൽക്കേണ്ടവരും വിശ്വമാനവികതയുടെ കാവൽക്കാരായിവർത്തിക്കേണ്ടവരുമായിരുന്നു. എന്നാൽ ഇടക്കാലത്ത് അധികാരം കയ്യടക്കിയ മത മേലാളന്മാർ ആ ജനതയുടെ സ്വത്വ ബോധത്തിന്റെയും മാനവിക സ്വപ്നങ്ങളുടെയും കഴുത്തു ഞെരിച്ചുകൊണ്ട് അവരെ മത അടിമകളാക്കി തങ്ങളുടെ ചാവേർ പാളയങ്ങളിൽ തളച്ചിട്ടു എന്നയിടത്താണ് യഥാർത്ഥപ്രശ്നങ്ങൾ ഉടലെടുത്തത്.

തങ്ങളുടെ മതത്തിൽ ഉൾപ്പെടാത്തവനെ മതവിരോധി (കാഫർ) എന്ന് വിളിക്കുകയും അവനെകൊന്നു കളയുന്നത് സ്വർഗ്ഗപ്രാപ്തിക്കുള്ള യോഗ്യതയാകുമെന്ന് പഠിപ്പിക്കുയും ചെയ്യുന്ന ഒരു മതംഅവരുടെ കാഴ്ചപ്പാട് നടപ്പാക്കുന്നതിനുള്ള ഉപാധിയായി ഒരു രാജ്യത്തെ ദുരുപയോഗം ചെയ്തതിന്റെ അനന്തര ഫലങ്ങളിലാണ് ഇന്ന് ലോകം മുഴുവൻ അനുഭവിക്കുന്ന ഒരു വേദനയായിപശ്ചിമേഷ്യ പരിണമിക്കുന്നത്.

തങ്ങളുടെ രാജ്യത്തു നിന്ന് ആയിരത്തഞ്ഞൂറോളം മൈലുകൾക്കകലെയുള്ള കുഞ്ഞൻ രാജ്യമായ ഇസ്രായേലിലെ (ഇറാൻ ഒരു മനുഷ്യ ശരീരമാണെങ്കിൽ ഒരു കൈപ്പത്തിയുടെ വലിപ്പമേ ഇസ്രായേലിനുള്ളൂ.) താമസക്കാരായ യഹൂദ വംശജർ തങ്ങളുടെ മത ബോധന പ്രകാരമുള്ള കാഫറുകൾ ആണെന്നും അവർ വധിക്കപ്പെടേണ്ടവർ ആണെന്നുമുള്ള മത പ്രബോധനമാണ് പശ്ചിമേഷ്യൻ സംഘർഷത്തിന്റെ അടിസ്ഥാന കാരണം എന്ന് വരുമ്പോൾ ഏതെങ്കിലും കാലത്ത് ആരോ എഴുതിയ മത സംഹിതകളേക്കാൾ ഉപരിയായി മനുഷ്യത്വത്തിന്റെ മാറ്റത്തോറ്റങ്ങൾ പാടുവാൻ മനുഷ്യ രാശി കടപ്പെട്ടിരിക്കുന്ന മാനവീകതയുടെ ഇക്കാലത്ത് പരസ്യമായി ഒരു തീയതി കുറിച്ച് അതിനുള്ളിൽ അവസാനത്തെ യഹൂദനെയും



തുടച്ചു മാറ്റിയിരിക്കും എന്ന് പരസ്യമായി പ്രഖ്യാപിച്ച ഇറാന്റെ നടപടി മനുഷ്യപക്ഷത്തു നിന്ന് ചിന്തിക്കുന്ന ഒരാൾക്കും അംഗീകരിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

എങ്കിലും അതിനായി അവർ രൂപീകരിച്ച ഭീകര സംഘങ്ങളുടെ (പ്രോക്സികൾ) ക്രൂരതയിൽ മനുഷ്യമനസാക്ഷി മരവിച്ചു പോയ സംഭവങ്ങൾ എത്രയെങ്കിലുമുണ്ടെങ്കിലും രണ്ട് കൈകളും കൂട്ടിയടിച്ചാലേശബ്ദമുണ്ടാവൂ എന്ന ന്യായത്തോടെ തല്പര കക്ഷികൾ ഇതിനെ അവഗണിച്ചേക്കാം.

എന്നാൽ ധാർമ്മിക നീതിബോധം അധാർമ്മിക മതാന്ധതയ്ക്ക് അടിയറവ് വച്ച് സ്വയം ഭീകരവാദികളായി പരിചയപ്പെടുത്തുന്ന ഒരു രാജ്യം ആണവായുധ പ്രഹരത്തിനുള്ള ശേഷി നേടുകയും നിലവിലുള്ള യാതൊരു സംവിധാനങ്ങൾക്കും അവരുടെമേൽ പ്രായോഗിക നിയന്ത്രണങ്ങൾക്കുള്ള അധികാരം ഇല്ലാതിരിക്കുകയും ചെയ്ത ഒരു സാഹചര്യത്തിൽലോകത്തിന്റെനിലനില്പിൽ അഭിവാഞ്ചയുള്ള മനുഷ്യ സമൂഹത്തിന് അവർക്കെതിരെ പ്രതികരിക്കേണ്ടി വന്നു എന്നതാണ് സത്യം.

അന്യമതസ്ഥരായ കാഫറുകൾ എന്ന ഒറ്റക്കാരണം കൊണ്ട് ഒരു പരമാധികാര രാജ്യത്ത് അതിക്രമിച്ചുകയറി ആയിരക്കണക്കിന് മനുഷ്യരെ വധിക്കുകയും ബലാൽസംഗം ചെയ്യുകയും പിടിച്ചുകെട്ടികൊണ്ടുപോവുകയും ചെയ്ത അതി നിന്ദ്യമായ ആക്രമണം തന്നെയാണ് ചാരം മൂടിക്കിടന്ന പശ്ചിമേഷ്യൻ കനലിനെ ഇന്നത്തെ നിലയിൽ ആളിക്കത്താൻ കാരണമായിത്തീർന്നത് എന്ന സത്യം ലോകം മനസ്സിലാക്കുന്നുണ്ട്.

ഗൾഫ് മേഖലയിലെ സൗഹൃദ രാജ്യങ്ങളും യു.എൻ.ഉൾപ്പടെയുള്ള ലോക സംഘടനകളും എത്രയോമുൻപേ ചർച്ചകളിലൂടെ പ്രശ്ന പരിഹാരത്തിന് പരിശ്രമിച്ചുവെങ്കിലും ആരെയും വകവയ്ക്കാതെ ഇറാൻ

തങ്ങളുടെ മിസൈൽ ദൂരപരിധി വർദ്ധിപ്പിക്കുകയും അതിൽ ഘടിപ്പിക്കുന്നതിനുള്ളആണവായുധത്തിന്റെ അടിസ്ഥാന ഘടകമായ യുറേനിയം സമ്പുഷ്ടീകരണത്തിന്റെ അവസാനതലത്തിലേക്ക് എത്തിച്ചേരുകയും ചെയ്തപ്പോൾ സ്വാഭാവികമായും ഇസ്രയേലിന്റെ സഹായാഭ്യർത്ഥനക്ക് ചെവി കൊടുക്കാതിരിക്കുവാൻ ലോകത്തിന് കഴിഞ്ഞില്ല.

ഇസ്രയേലിന്റെ സഖ്യരാജ്യം എന്ന നിലയിലും ഗൾഫ് മേഖലയിലെ സ്വന്തം സ്ഥാപനങ്ങളുടെ സംരക്ഷകൻ എന്ന നിലയിലും അമേരിക്ക ഈ യുദ്ധത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയായിരുന്നു.

ലോകം അംഗീകരിക്കുന്ന സാമാന്യ നീതിബോധത്തിനും മുകളിൽ മത ശാസനകളെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു രാജ്യം - ആ ശാസനകളിലൂടെ അന്യ മതസ്ഥനെ കൊന്നാൽ സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്ന ഒരു മതം - ആ മതം ഉന്മൂലനത്തിനായി തലയെണ്ണി ചാപ്പയടിച്ചിട്ടുള്ള ഒരു കൂട്ടം മനുഷ്യർ - ഇവിടെനിങ്ങളാണെങ്കിൽ എന്ത് ചെയ്യും ? ആരെങ്കിലും ആരെയെങ്കിലുമൊക്കെ കൊന്നോട്ടെ നമുക്കെന്ത്ചേതം എന്ന് കരുതി മിണ്ടാതിരിക്കുമോ? അതല്ലെങ്കിൽ ആഗോള മനുഷ്യരാശിയുടെ ഒരു പ്രതിനിധി എന്ന നിലയിൽ ‘അരുത്’ എന്ന ഒറ്റ വാക്ക് കൊണ്ടെങ്കിലും പ്രതികരിക്കുമോ? ‘യെസ് ’ എന്നാണുത്തരമെങ്കിൽ അമേരിക്ക എന്ന മഹത്തായ രാജ്യം അത്രയേ ചെയ്യുന്നുള്ളു. നിവർത്തിയില്ലെങ്കിൽ നീതിമാൻ എന്ത് ചെയ്യും എന്ന സന്ദേഹത്തോടെ !

# ജാതിവിവേചനംകാട്ടി നിതിൻ രാജിനെ ഇല്ലാതാക്കിയ ക്രൂരതയെ ഫോമാ അതിശക്തമായി അപലപിക്കുന്നു




**ബേബി മണക്കുന്നേൽ**

ഹൂസ്റ്റൺ: കണ്ണൂർ ഡെന്റൽ കോളേജിലെ ഒന്നാം വർഷ ബി.ഡി.എസ് വിദ്യാർത്ഥിയും തിരുവനന്തപുരം സ്വദേശിയുമായ ആർ.ആർ നിതിൻ രാജ് കോളേജ് വളപ്പിലെ ഹോസ്റ്റൽ കെട്ടിടത്തിൽ നിന്ന് ചാടി ആത്മഹത്യ ചെയ്തതിന് പിന്നിൽ ജാതി വിവേചനമാണെന്ന സത്യം നമ്മുടെയെല്ലാം ഹൃദയം തകർക്കുന്നതാണ്. അധ്യാപകരുടെ അധിക്ഷേപം മൂലം മനസ് തകർന്നാണ് നിതിൻ ജീവനൊടുക്കിയതെന്ന കാര്യത്തിൽ സംശയമില്ല. രണ്ട് അധ്യാപകർക്കെതിരെ കേസെടുത്തിട്ടുണ്ട്. ആത്മഹത്യ പ്രേരണ കുറ്റവും പട്ടിക ജാതി-പട്ടിക വർഗ അതിക്രമ നിരോധന വകുപ്പും ചേർത്താണ് ഇവർക്കെതിരെ കേസെടുത്തതെന്ന് മനസിലാക്കുന്നു.

ശാസ്ത്രം വിപ്ലവം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികത്തികവിന്റെ കാലത്ത് ജാതിയുടെ പേരിൽ മനുഷ്യരെ അപമാനിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്ന പ്രവണതകൾ ഇന്നും ക്യാമ്പസുകളിൽ നിലനിൽക്കുന്നത് ലജ്ജാകരമാണ്. വിദ്യാഭ്യാസം സമത്വത്തിനും മാനവികതയ്ക്കും വഴികാട്ടേണ്ടിടത്ത് അസമത്വവും വിവേചനവും വളരാൻ ഇടയാക്കുന്നത് അപഹാസ്യമാണ്. ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയുടെ ഭരണഘടന ഓരോ പൗരനും സമത്വവും മാനവികതയും ഉറപ്പുനൽകുന്നു. എന്നാൽ, സാമൂഹിക യാഥാർത്ഥ്യം പലപ്പോഴും ഈ ആശയങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ജാതിയുടെ പേരിൽ മനുഷ്യരെ വിഭജിക്കുകയും അവരെ താഴ്ത്തുകയും ചെയ്യുന്ന പ്രവണതകൾ ഇന്നും ശക്തമായി നിലനിൽക്കുന്നു. ഇത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വ്യാപിക്കുന്നുവെന്നത് അതീവ ആശങ്കാജനകമാണ്. ക്യാമ്പസുകൾ വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ അധ്യാപന-പഠന അന്തരീക്ഷം നൽകേണ്ടിടത്ത്,ചിലർക്കെങ്കിലും അത് ഭീഷണിയുടെയും ഒറ്റപ്പെടലിന്റെയും സ്ഥലമായി

മാറുന്നത് വലവിയൊരു ആനു കാലിക ദുരന്തമാണ്.

വിദ്യാർത്ഥിയുടെ പഠനകാലം ഒരാളുടെ വ്യക്തിത്വ വികസനത്തിനും സാമൂഹിക ബോധം വളർത്തുന്നതിനും നിർണായക ഘട്ടമാണ്. ഈ കാലയളവിൽ ലഭിക്കുന്ന അനുഭവങ്ങൾ അവരുടെ ഭാവിയെ രൂപപ്പെടുത്തുന്നു. എന്നാൽ, ജാതിവിവേചനം, മാനസിക പീഡനം, സാമൂഹിക ഒറ്റപ്പെടുത്തൽ എല്ലാം അവരെ അടിച്ചമർത്തുന്നതാണ്. ഇതുപോലുള്ള സാഹചര്യങ്ങൾ പലപ്പോഴും വിദ്യാർത്ഥികളെ മാനസിക കടുത്ത സമ്മർദ്ദത്തിലേക്കും അതുവഴി വിഷാദത്തിലേക്കും തള്ളിവിടുന്നു. മിക്കപ്പോഴുമത് ആത്മഹത്യയിലാണ് കലാശിക്കുക. നിതിൻ രാജിന്റെ കാര്യത്തിൽ അതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്.

അത്യന്തം ദാരുണമായ ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. കോളേജ് ഭരണസമിതികളും അധ്യാപകരും വിദ്യാർത്ഥി സംഘടനകളും ചേർന്ന്, ക്യാമ്പസുകളിൽ സമത്വവും പരസ്പര ബഹുമാനവും ഉറപ്പാക്കുന്ന നയങ്ങൾ രൂപപ്പെടുത്തുകയും കർശനമായി നടപ്പാക്കുകയും വേണം. ജാതിവിവേചനത്തിനെതിരെയുള്ള പരാതികൾക്ക് സമയബന്ധിതമായ അന്വേഷണം ഉറപ്പാക്കുകയും ചെയ്യണം. അതുപോലെ, വിദ്യാർത്ഥികളുടെ മാനസികാരോഗ്യത്തെ പിന്തുണയ്ക്കുന്ന കൗൺസിലിംഗ് സംവിധാനങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ട്.

ജാതിവിവേചനം ഒരു വ്യക്തിയുടെ പ്രശ്നമല്ല; അത് സമൂഹത്തിന്റെ സന്തുലിതാവസ്ഥയെ അട്ടിമറിക്കുന്ന ഒരു രോഗമാണ്. ഈ രോഗത്തെ നേരിടാൻ ബോധവൽക്കരണവും വിദ്യാഭ്യാസവും അനിവാര്യമാണ്. കുടുംബങ്ങളിൽ നിന്നും തുടങ്ങുന്ന മൂല്യബോധം, സമത്വവും മാനവികതയും മുൻനിർത്തിയുള്ളതായിരിക്കണം. മാധ്യമങ്ങളും സാമൂഹിക സംഘടനകളും ഈ വിഷയത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണം. ഈ മരണത്തിന് പിന്നിലെ യഥാർത്ഥ കാരണങ്ങൾ എന്തായാലും, അതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരുന്നത് അത്യാവശ്യമാണ്. ഉത്തരവാദികളായവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുകയും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ ഉറപ്പാക്കുകയും വേണം.

ഈ ദുരന്തം നമ്മെ ഒരു ചോദ്യത്തിന് മുന്നിൽ നിർത്തുന്നു: വിദ്യാഭ്യാസം എന്നത് വെറും വിജ്ഞാന സമ്പാദനത്തിനായുള്ളതോ അതോ മനുഷ്യനെന്ന നിലയിൽ വളരാനുള്ള പ്രക്രിയയോ..? യഥാർത്ഥ വിദ്യാഭ്യാസം സമത്വം, കരുണ, സഹിഷ്ണുത എന്നിവ വളർത്തേണ്ടതാണ്. ആ ലക്ഷ്യം കൈവരിക്കാൻ നമുക്കെല്ലാവർക്കും ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ഒരു വിദ്യാർത്ഥിയുടെ ജീവിതം നഷ്ടപ്പെടേണ്ട സാഹചര്യം ഇനി ഒരിക്കലും ആവർത്തിക്കപ്പെടരുത്. ഭാവിയിലെ മിടുക്കനായ ഒരു ഡോക്ടറെ കൊലയ്ക്കുകൊടുത്ത സംവിധാനത്തിന്റെ മനപ്പൂർവമായ നീതികേടിനെ ഫോമാ അതിശക്തമായി അപലപിക്കുന്നു.



# ദളിതന്റെ ആത്മാഭിമാനത്തിൽ തെറിച്ച ചോര: നിതിൻ രാജിനെ കൊലയ്ക്കുകൊടുത്ത അധ്യാപക ജാതിവെറി

എ.എസ് ശ്രീകുമാർ

''സ്റ്റാഫ്റൂമിന് പുറത്തുവെച്ച് അധ്യാപകൻ വിഡ്ഢിയെന്ന് വിളിച്ചു. വിദ്യാർത്ഥികളെ കൂട്ടത്തോടെ ആക്രമിക്കുന്ന സ്ഥലമാണ് സ്റ്റാഫ്റൂം. അവിടെയുള്ള എല്ലാം ഒരുപോലെയാണ്. കുട്ടികളെ പച്ചയ്ക്ക് കളിയാക്കും. അവിടെവെച്ചാണ് എന്റെ കൈയും കാലും വെട്ടുമെന്നും കൈയില്ലാതെ ജീവിക്കേണ്ടിവരുമെന്നും ഭീഷണിപ്പെടുത്തിയത്. എല്ലാ ആൺകുട്ടികളെയും അധിക്ഷേപിക്കുമായിരുന്നു. പലരും നേരത്തേ പരാതി നൽകിയിട്ടുണ്ട്. പരമാവധി ക്ഷമിച്ചു. കഴിഞ്ഞ ദിവസം ഞാൻ അയാളുടെ ക്ലാസിൽ ശ്രദ്ധിച്ചിരിക്കുകയായിരുന്നു. ഒരു കാരണവുമില്ലാതെ എണീറ്റുനിർത്തി. ഓരോന്നു പറഞ്ഞ് കളിയാക്കി. അമ്മയെയും കളിയാക്കി. ഇന്റേണൽ മാർക്ക് കുറയ്ക്കുമെന്ന് പറഞ്ഞു...''

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ ഒന്നാം വർഷ ബി.ഡി.എസ് വിദ്യാർത്ഥിയും തിരുവനന്തപുരം സ്വദേശിയുമായ ആർ.എൽ നിതിൻ രാജ് എന്ന 22-കാരൻ കോളേജ് വളപ്പിലെ ഹോസ്റ്റൽ കെട്ടിടത്തിൽ നിന്ന് ചാടി ആത്മഹത്യ ചെയ്തതിന് പിന്നിൽ അധ്യാപകരുടെ ജാതി അതിക്ഷേപമാണെന്ന് വ്യക്തമായിരിക്കെ ഈ സംഭവം പരിഷ്തൃതരെന്ന് നടിക്കുന്നവർക്ക് അപമാനകരമാണ്. ദളിതനായ നിതിൻ രാജിന്റെ മരണത്തിൽ ദുരൂഹത സംശയിച്ച് കുടുംബം രംഗത്തുവന്നു. നിതിനെ കെട്ടിടത്തിൽ നിന്ന് തള്ളിയിട്ട് കൊന്നതാണോ എന്ന് സംശയമുള്ളതായി സഹോദരി ഭർത്താവ് പറഞ്ഞു. വീട്ടിലേക്ക് വരുമെന്ന് പറഞ്ഞയാളാണ്, ജീവനൊടുക്കേണ്ട സാഹചര്യമില്ലെന്നും ഡി.ജി.പിക്ക് പരാതി നൽകുമെന്നും അശോക് കുമാർ പറഞ്ഞു.

പല തവണയായി നിതിനെ അധ്യാപകർ ജാതീയമായും വംശീയമായും നിറത്തിന്റെ അടിസ്ഥാനത്തിലും എല്ലാം അധിക്ഷേപിച്ചിരുന്നതായി അശോക് കുമാർ പറഞ്ഞു. അധ്യാപകരായ റാമും സംഗീതയും പല തവണ അധിക്ഷേപിച്ചുവെന്നും അശോക് കുമാർ പറഞ്ഞു. വകുപ്പ് മേധാവി നിതിനെ പുഴുത്ത പട്ടിയെന്ന് വിളിച്ചെന്ന് ഇളയ സഹോദരി നിഖിത പറഞ്ഞു. ഗുരുതരമായ ജാതി അധിക്ഷേപവും നിറത്തിന്റെ പേരിലുള്ള അധിക്ഷേപവും ഉണ്ടായി. അക്ഷരത്തെറ്റുകൾ ചൂണ്ടിക്കാട്ടി എഴുത്തും വായനയും അറിയില്ലെന്ന് പറഞ്ഞ് സഹപാഠികളുടെ മുന്നിൽ അപമാനിച്ചു. മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിനു മുകളിൽ നിന്നാണ് നിതിൻ താഴേക്ക് വീണത്. അവിടെ പോവേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല. പലർക്കും പലതരത്തിലുള്ള അധിക്ഷേപങ്ങൾ നേരിട്ടിട്ടുണ്ട്. വിദ്യാർഥികളെ വകുപ്പ് മേധാവി തല്ലിയിരുന്നതായും നിഖിത പറഞ്ഞു.

കേരളത്തിന്റെ സമൂഹമനസാക്ഷിയെ ഞെട്ടിച്ച സംഭവമാണ് നിതിൻരാജിന്റെ ദുരൂഹ മരണം. പഠനം പൂർത്തിയാക്കി മെച്ചപ്പെട്ട ജീവിതം സ്വപ്നം കണ്ട ഒരു യുവാവിന്റെ ജീവിതം അധിക്ഷേപിച്ചില്ലാതാക്കിയവർ വാസ്തവത്തിൽ അധ്യാപകരല്ല, കശാപ്പുകാരുമല്ല നരനൃശംസതയുടെ ജാതിക്കോമരങ്ങളാണ്. ഇതൊരു ആത്മഹത്യയെന്നതിലുപരി, നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന്റെ മൂല്യസംഹിതയെത്തന്നെ ചോദ്യം ചെയ്യേണ്ട ഒരു സാമൂഹിക വിപത്തായി

മാറിയിരിക്കുന്നു. ജാതിവിവേചനത്തിന്റെ നിഴൽ ഇന്നും നമ്മുടെ ക്യാമ്പസുകളിൽ സജീവമായി നിലനിൽക്കുന്നുവെന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്. കേരളം വിദ്യാഭ്യാസത്തിലും സാമൂഹിക പുരോഗതിയിലും മുന്നിൽ നിൽക്കുന്ന സംസ്ഥാനമെന്ന പേരിൽ അഭിമാനിക്കുമ്പോഴാണ്, അഭിരമിക്കുമ്പോഴാണ് ജാതിയുടെ പേരിൽ ഒരുവനെ ഇല്ലായ്മ ചെയ്യുന്ന കാട്ടാള സന്തതികൾ കലാലയങ്ങളിൽ അധ്യാപകരെന്ന് മേനിനടിച്ച് വിളയാടുന്നത്.

കോളേജുകൾ അറിവിന്റെ ക്ഷേത്രങ്ങളാണെങ്കിലും, അവിടെ വിദ്യാർത്ഥികൾക്ക് സമത്വവും സുരക്ഷയും ഉറപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ അത് ഭീകരവാദ കേന്ദ്രം അല്ലാതെ മറ്റെന്താണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം നവോത്ഥാനം അണെന്നിരിക്കെ അതിന്റെ അന്തസത്തയെ ചോദ്യം ചെയ്യുന്നതാണ് ജാതി വിവേചനം. എല്ലാ വിദ്യാർത്ഥികളെയും സമഭാവനയോടെ കാണേണ്ട അധ്യാപകർ അവരുടെ ജീവനെടുക്കുന്ന തരത്തിലേയ്ക്ക് മതമൗലികവാദികളായി അധപ്പതിക്കുന്ന കാഴ്ചയാണ് നിതിൻ രാജിന്റെ ആത്മഹത്യ സമൂഹത്തിന് കാട്ടിക്കൊടുക്കുന്നത്. കൂട്ടത്തിൽ നിന്ന് മാറ്റിനിർത്തൽ, അപമാനകരമായ പരാമർശങ്ങൾ, അധ്യാപകരുടെ അവഗണന ഇവയെല്ലാം ഒരു വിദ്യാർത്ഥിയുടെ മനോനില തന്നെ തെറ്റിക്കുന്ന പീഡനമുറകളാണ്. തൻമൂലം വിഷാദരോഗത്തിന് അടിമകളാകുന്ന അവർ അവസാനം ആത്മഹത്യയിൽ അഭയം പ്രാപിക്കുകയും ചെയ്യും.




ജാതിയുടെ പേരിൽ ഒരാളെ താഴ്ത്തിക്കാണിക്കുന്നത് മനുഷ്യാവകാശ ലംഘനമാണ്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടിടത്ത് ഇത്തരം വിവേചനങ്ങൾ തുടരുന്നത് ഒരു ജനാധിപത്യ സമൂഹത്തിന് യോജിച്ചതല്ല. സമൂഹത്തിലെ എല്ലാ വ്യക്തികളും ഒരുപോലെ മാന്യമായ ജീവിതം നയിക്കാൻ അർഹരാണ്. കേരളത്തിന്റെ നവോത്ഥാന പാരമ്പര്യം നമ്മെ പഠിപ്പിച്ചത് മനുഷ്യ ജാതിയിൽ ഉയർന്നതോ താഴ്ന്നതോ എന്ന ഭേദമില്ലെന്ന സത്യമാണ്. എന്നാൽ ഇന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിൽ മേഖലകളിലും സാമൂഹിക ഇടപെടലുകളിലും സൂക്ഷ്മമായും തുറന്നും ജാതിവിവേചനം കാണപ്പെടുന്നു. ഇത് ഒരിക്കലും അംഗീകരിക്കാനാകാവാത്തതാണ്.

നിതിൻ രാജിന്റെ കാര്യത്തിൽ സംഭവിച്ചത് ഇതുതന്നെയാണെന്ന് ആ ഞെട്ടിക്കുന്ന ശബ്ദ സന്ദേശം തന്നെ സുപ്രധാനമായ തെളിവല്ലേ..? ഇതിനെ ഒരു ഒറ്റപ്പെട്ട സംഭവമായി ലഘൂകരിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. അതല്ല വസ്തുത. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് നോർത്ത് ഇന്ത്യയിൽ വിദ്യാർത്ഥികൾ ജാതി, വർഗ്ഗം, മതം തുടങ്ങിയവയുടെ പേരിൽ കടുത്ത വിവേചനം നേരിടുന്ന ഗുരുതരമായ സംഭവങ്ങൾ പുറത്തുവരുന്നുണ്ട്. നിതിൻ രാജിന്റെ മരണം മത ഭീകരവാദത്തിന്റെ കലിതുള്ളലാണ് തുറന്നുകാട്ടുന്നത്. ഇതൊരു വലിയ പ്രശ്നത്തിന്റെ ലക്ഷണമായി കണ്ട് വെർബൽ കാപാലികളെ കണക്കിന് ശിക്ഷിക്കേണ്ടതാണ്. അങ്ങനെ ഒരു സാമൂഹിക നവീകരണത്തിന് തുടക്കം കുറിക്കാൻ ഇനി അധികാരത്തിലേറുന്ന സർക്കാർ ഒരുമ്പെട്ടിറങ്ങണം.

കേരളം ജയിക്കും, യു.ഡി.എഫ് ഭരിക്കുമായിരിക്കും, എൽ.ഡി.എഫ് അല്ലാതെ മറ്റാരുമില്ലായിരിക്കും, എൻ.ഡി.എ പറയുന്നത് പോലെ മാറാത്തത് മാറി, ഇനി കേരളം വളരുമായിരിക്കും. പക്ഷേ, ആര് അധികാരത്തിൽ വന്നാലും കോളേജുകളിൽ നിർബന്ധമായും ജാതിവിവേചന വിരുദ്ധ സെല്ലുകൾ സജീവമാക്കാൻ ആർജവം കാട്ടണം. വിദ്യാർത്ഥികൾക്ക് നിർഭയമായി പരാതികൾ ഉന്നയിക്കാൻ കഴിയുന്ന സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. അധ്യാപകരും ഭരണസമിതികളും ഈ വിഷയത്തിൽ കൂടുതൽ ബോധവൽക്കരണം നേടേണ്ടതുണ്ട്. കൂടാതെ, മാനസികാരോഗ്യ സഹായ സംവിധാനങ്ങൾ എല്ലാ ക്യാമ്പസുകളിലും ലഭ്യമാക്കണം. ജാതി മതഭേദമന്യേ എല്ലാ മനുഷ്യരും തുല്യരാണെന്ന ബോധം വളർത്തിയെടുക്കുക എന്നത് നമ്മുടെ സാമൂഹിക ഉത്തരവാദിത്വമാണ്. നിതിൻ രാജിന്റെ ദുരന്തം ഒരു സത്യത്തിന് മുന്നിൽ സമൂഹത്തെ കൊണ്ടെത്തിക്കുന്നു. ഒരു വിദ്യാർത്ഥിയുടെ ജീവൻ നഷ്ടപ്പെട്ട ശേഷം മാത്രം നാം ഉണരാൻ പാടില്ല എന്ന നഗ്നസത്യം.

# ഹൂസ്റ്റൺ ക്നാനായ മക്കൾ പ്രതിഷേധിച്ച് പ്രമേയം പാസാക്കി

## മാർ മാത്യു മെത്രാന്റെ രാജി ആവശ്യപ്പെട്ടു




ഹൂസ്റ്റൺ: ഹൂസ്റ്റണിലെ ക്നാനായ കമ്മ്യൂണിറ്റി സെൻട്രലിൽ ഒത്തുകൂടിയ കനാനായ മക്കൾ നിലവിലെ കോടതി വിധി തള്ളിക്കളയുകയും കോട്ടയം രൂപതാ മെത്രാന്റെ അനാസ്ഥ മൂലം ഈ വിധി ചോദിച്ചു വാങ്ങിയതാണ് എന്ന ആശയത്തോട് കൂടുതൽ പേരും സംസാരിക്കുകയും ഇനിയും കൂടുതൽ പണം മുടക്കി അപ്പീലിന് പോകുന്നതിൽ യാതൊരു കഴമ്പും ഇല്ല എന്നും അഭിപ്രായപ്പെട്ടു. കൊടുത്തിരിക്കുന്ന അഫിഡാവിറ്റ് മാറ്റാതെ യാതൊരു കാരണവശാലും അപ്പീലിനു പോയാൽ വിജയിക്കില്ല എന്ന് എല്ലാവരും തന്നെ സംസാരിച്ചു.

ഇന്നിവിടെ കൂടിയ ക്നാനായ സമൂഹത്തിലെ മക്കൾ ചേർന്നു കോട്ടയം രൂപതാ നേതൃത്വം എടുത്ത നടപടിയെ അപലപിക്കുകയും മെത്രാപ്പോലീത്ത തൽസ്ഥാനത്തു നിന്നും മാറി നിൽക്കുന്നതാണ് ഈ അവസരത്തിൽ ഉചിതം എന്നും അഭിപ്രായം വന്നു. ക്നാനായ മക്കളുടെ മുഖമുദ്രയായ

‘ജന്മവും കർമ്മവും’ അംഗീകരിക്കാത്ത ആത്മീയ നേതൃത്വതെത അംഗീകരിക്കേണ്ട എന്ന് പ്രമേയം തദവസരത്തിൽ പാസാക്കുകയും ചെയ്തു. ജോജോ തറയിൽ, ഫിൽസ് മാത്യു മാപ്പിളശ്ശേരി, ജിമ്മി കുന്നശ്ശേരി, ഷിജു കണ്ണച്ചാൻപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ജോജോ തറയിൽ അറിയിച്ചതാണിത്.

# സോഷ്യൽ ക്ലബ് ഓഫ് ന്യൂ ജേഴ്സി കേരളാ ഇലക്ഷൻ റിസൾട്ട് വാച്ച് നൈറ്റ് സംഘടിപ്പിക്കുന്നു




ന്യൂ ജേഴ്സി സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ കേരളാ ഇലക്ഷൻ റിസൾട്ട് വാച്ച് നൈറ്റ് ലൈവ് മെയ് 3 ന് വൈകുന്നേരം 7 മണിക്ക്. കേരളത്തിൽ അരങ്ങേറുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലങ്ങൾ നേരിട്ട് കാണുന്നതിനാണ് ന്യൂ ജേഴ്സി സോഷ്യൽ ക്ലബ് അവസരമൊരുക്കുന്നത്

ബെർഗെൻ കൗണ്ടിയിലുള്ള പരാമസ് സിറ്റി ഫയർ ഡിപ്പാർട്മെന്റ് ഓഡിറ്റോറിയത്തിലാണ് ഇലക്ഷൻ വോട്ട് എണ്ണൽ വിവിധ ചാനലുകളിൽ നേരിട്ട് കാണുവാൻ അവസരമൊരുക്കുന്നത്, കൗണ്ടിങ് നടക്കുന്നതിന്റെ റിയൽ ടൈം അപ്ഡേറ്റുകൾ വലിയ സ്ക്രീനുകളിൽ ഒന്നിച്ചിരുന്നു കാണുകയും അതിനെക്കുറിച്ചുള്ള അവലോകനം നടത്തുകയും ഡിബേറ്റുകൾ, ബെറ്റിങ്, റാഫിൾ കൂടാതെ വിജയിയെ പ്രവചിക്കുന്നവർക്ക് സമ്മാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്,

മെയ് 3 ന് വൈകിട്ട് 7 മണിയോട് കൂടെ ആരംഭിക്കുന്ന പരിപാടിയിൽ വിവിധ മാധ്യമപ്രവർത്തകർ, ഏഷ്യാനെറ്റ്, ഫ്ളവേഴ്സ് ടിവി, 24 ന്യൂസ്, ന്യൂസ് 18, പ്രവാസി ചാനൽ, ഇന്ത്യ ഫോർ ലൈഫ്, സംഗമം ന്യൂസ്, ഇമലയാളി തുടങ്ങിയ ചാനലുകളുടെ പ്രതിനിധികളും പരിപാടി നടക്കുന്ന സ്ഥലത്തുനിന്ന് നേരിട്ട് ന്യൂസ് കവറേജ് ചെയ്യുകയും ചെയ്യും

പബ്ലിക് ട്രസ്റ്റ് റിയാലിറ്റി ഗ്രൂപ്പ്, സ്പെക്ട്രം ഓട്ടോ ഗ്രൂപ്പ്, വെൽ കെയർ ഫാർമസി ഗ്രൂപ്പ്, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് തുടങ്ങിയവർ മുഖ്യ പ്രയോജകരാണ്

അമേരിക്കൻ മലയാളികൾക്കിടയിൽ ആദ്യമായാണ് കേരളാ ഇലക്ഷൻ റിസൾട്ട് വാച്ച് നൈറ്റ് ലൈവ് ഇലക്ഷൻ സമയത്ത് സംഘടിപ്പിക്കുന്നത്,

ബീവറേജ് മൾട്ടി കുസിൻ ഡിന്നർ എന്നിവയും പ്രോഗ്രാമിന്റെ ഭാഗമാകും, ഈ പരിപാടികളിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ഈ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് സംഘാടകർ അറിയിച്ചു, – 201-421-5303, 914-552-2936 ,646-373-2458, 619-729-3036, 201-832-8400, 201-925-4157, 201-370-5019, 973-985-8432, 201-893-1505 914-573-1616, 201-403-1179

പരിപാടിയിലേക്ക് എല്ലാ മലയാളികളെയും സോഷ്യൽ ക്ലബ് ഓഫ് ന്യൂ ജേഴ്സി സഹർഷം സ്വാഗതം ചെയ്യുന്നു


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us